www.malankaralibrary.com

സെപ്റ്റംബർ 2025

# ക്രൈസ്തവ കാഹളം



## പുനരൈക്യം
## ദൗത്യവും സാക്ഷ്യവും

www.malankaralibrary.com



കൃപ നിറഞ്ഞ മറിയമേ, നീ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ, വലിയ സഹനശീലത്തിലും പീഡകളിലും ഞെരുക്കങ്ങളിലും വൈഷമ്യങ്ങളിലും മർദനങ്ങളിലും ലഹളകളിലും അധ്വാനങ്ങളിലും എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസിയും സഹപ്രവർത്തകയുമാണെന്നു നീ കാണിച്ചുകൊണ്ടിരുന്നു. പുനരൈക്യത്തിൻ മാതാവേ, ഞങ്ങൾ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസരും സഹപ്രവർത്തകരുമായിരിക്കാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ആമ്മേൻ.

www.malankaralibrary.com



## സെപ്റ്റംബർ 8
## പരിശുദ്ധ ദൈവമാതാവിന്റെ ജനന പെരുന്നാൾ



**പരിശുദ്ധ ദൈവമാതാവേ**
**ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ**

www.malankaralibrary.com

ക്രൈസ്തവ കാഹളം

സെപ്റ്റംബർ 2025 വാല്യം 86 ലക്കം 9




# ഉള്ളടക്കം

| | |
|---|---|
| എഡിറ്റോറിയൽ | 05 |
| പിതൃമൊഴി | 06 |
| 95-ാം പുനരൈക്യവാർഷികവും സഭാസംഗമവും | 10 |
| മലങ്കര സുറിയാനി കത്തോലിക്കാ സഭയും പത്തനംതിട്ടയും പുനരൈക്യത്തിന്റെ നാൾവഴികളിൽ | 13 |
| മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സ്വയംഭരണാവകാശം | 17 |
| പുനരൈക്യം: മലങ്കരയുടെ ആത്മീയ വസന്തം | 27 |
| മിഷൻ | 32 |
| വിശുദ്ധ ജനനം: ഓർമ്മയിൽനിന്ന് ജീവിതത്തിലേക്ക് | 33 |
| ഏഴഴകുള്ളവൾ പരിശുദ്ധ അമ്മ | 37 |
| വീണ്ടെടുക്കേണ്ടതുണ്ട്, ജനാധിപത്യ രീതികളെ | 43 |
| ശ്റോഗോ ദ് ഉറ്ഹോ (വഴിവിളക്ക്) | 48 |
| പുസ്തക പരിചയം | 54 |

രക്ഷാധികാരി
മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ

പ്രിന്റർ ആന്റ് പബ്ലിഷർ
റൈറ്റ് റവ. ജെയിംസ് പാറവിള
കോർ എപ്പിസ്കോപ്പാ

എഡിറ്റർ
റവ. ഫാ. ഷീൻ പാലക്കുഴി

ചീഫ് എഡിറ്റർ
റവ. ഫാ. ബോവസ് മാത്യു
ഫോൺ: 9447661943
bovasmathew@gmail.com

പത്രാധിപ സമിതി
റവ. ഡോ. ജോൺ പടിപ്പുരക്കൽ
റവ. ഫാ. ജോസഫ് വള്ളിയാട്ട്
റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ
റവ. ഫാ. ഗീവർഗീസ് വലിയചാങ്ങവീട്ടിൽ
റവ. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി
ഡോ. കെ. വി. തോമസ്കുട്ടി
റവ. സി. ഡോ. ആർദ്ര എസ്.ഐ.സി.
റവ. സി. ഡോ. അഞ്ജലി തെരേസ് ഡി.എം.
ഡോ. ഷേർളി സ്റ്റുവർട്ട്
ശ്രീ. രാജു മാത്യു

ഉപദേശക സമിതി
ശ്രീ. ജേക്കബ് പുന്നൂസ്
റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ
റവ, ഫാ. തോമസ് കയ്യാലക്കൽ
ഡോ. തോമസ്കുട്ടി പനച്ചിക്കൽ
ശ്രീ. ബോബി എബ്രഹാം

സർക്കുലേഷൻ മാനേജർ
റവ. ഫാ. തോമസ് മുകളുംപുറത്ത്
9446703056

കവർ & ലേഔട്ട്
Fingraph - 9387811920
fingraphtvm@gmail.com

പ്രിന്റിംഗ്
സെന്റ് മേരീസ് പ്രസ്,
പട്ടം, തിരുവനന്തപുരം-4

വിലാസം
ക്രൈസ്തവ കാഹളം,
സമന്വയ പാസ്റ്ററൽ സെന്റർ
സെന്റ് മേരീസ് കാമ്പസ്,
പട്ടം, തിരുവനന്തപുരം-4

www.malankaralibrary.com

എഡിറ്റോറിയൽ

# എക്സ്ട്രാ മൈൽ ദൂരം നടന്നവർ

ഒരുവൻ ഒരു മൈൽ ദൂരം നടക്കാൻ ആവശ്യപ്പെട്ടാൽ അവനുവേണ്ടി രണ്ട് മൈൽ ദൂരം നടക്കണമെന്ന് യേശു ഓർമിപ്പിക്കുന്ന ഒരു ഭാഗമുണ്ട് സുവിശേഷത്തിൽ. ആ ഉപദേശത്തിൽ ഒരു കാര്യം വ്യക്തമാണ് - നമ്മോടൊപ്പം നടക്കുന്നവന് ഒരു മൈൽ ദൂരം നടക്കേണ്ടതിന്റെ ആവശ്യമേയുള്ളൂ; എക്സ്ട്രാമൈൽ നാം തനിച്ചാണ്. ഏകാന്തപഥികരായി നാം പിന്നിടുന്ന എക്സ്ട്രാമൈലുകൾ ദൈവരാജ്യ വിസ്തൃതിക്കുവേണ്ടിയും സ്വർഗ്ഗരാജ്യം എളുപ്പത്തിൽ കരഗതമാകുന്നതിനും വേണ്ടിയാണ്

മലങ്കര പുനരൈക്യ പ്രസ്ഥാനം അതിന്റെ തൊണ്ണൂറ്റിയഞ്ചാം വാർഷിക ആഘോഷങ്ങളിലേക്ക് പ്രവേശിക്കുകയാണ്. നൂറു വർഷങ്ങൾ പിന്നിടുവാൻ അഞ്ച് വർഷങ്ങൾ കൂടിയാണ് ബാക്കിയുള്ളത്. 95 വർഷത്തെ യാത്രയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയും അതിന്റെ വിശാലമായ ശുശ്രൂഷാ മേഖലകളും എന്തുമാത്രം വളർന്നു, എവിടെ എത്തി എന്നൊക്കെ പരിശോധിക്കുന്നതിനുള്ള സമയവും സന്ദർഭവുമാണിത്. കേവലം ഒരു വാർഷികാഘോഷ പരിപാടി എന്നതിലുപരി നമ്മുടെ സഭ നാളിതുവരെ നേടിയ വളർച്ചയുടെയും സഭൈക്യ ബോധത്തിന്റെയും പുനർവായന കൂടിയാണിത്. ഓരോ വർഷവും പുനരൈക്യ വാർഷിക സമ്മേളനത്തിൽ പങ്കെടുത്ത് ഈ സഭയിലെ ഓരോ വിശ്വാസിയും മടങ്ങിപ്പോകുമ്പോൾ ആർജ്ജിച്ചെടുക്കുന്ന ഊർജ്ജവും ആത്മാഭിമാനവും പറഞ്ഞറിയിക്കാൻ വയ്യാത്തതാണ്. ഇപ്രകാരം ഒരഭിമാനബോധം സഭാമക്കളായ നമുക്ക് ലഭിക്കുന്നു എങ്കിൽ അതിന്റെ കാരണം നമുക്ക് മുൻപേ പോയവർ ത്യാഗപൂർവം പിന്നിട്ട എക്സ്ട്രാ മൈലുകളാണ്.

മലങ്കര കത്തോലിക്കാ സഭയുടെ ചരിത്രവും വളർച്ചയും അവലോകനം ചെയ്യപ്പെടുമ്പോഴെല്ലാം നാം തലകുലുക്കി സമ്മതിക്കുന്ന ഒരു യാഥാർത്ഥ്യമുണ്ട്. ആ വളർച്ചയുടെ പിന്നിൽ അതിന് കാരണമായി വ്യയം ചെയ്യപ്പെട്ട ചില ജീവിതങ്ങൾ ഉണ്ട് എന്നുള്ളത്. അതിൽ നമ്മുടെ സഭാപിതാക്കന്മാരും, മുൻ തലമുറകളിലെ വൈദികരും, സന്യാസികളും, സമർപ്പിതരും പൂർവ്വികരായ നമ്മുടെ മാതാപിക്കളും ഒക്കെ ഉൾപ്പെടും. വിശ്രമമില്ലാതെ അവർ നടത്തിയ പരിശ്രമങ്ങൾ ഫലം കണ്ടതിന്റെ നന്മയാണ് നാം ഇന്ന്

www.malankaralibrary.com

അനുഭവിക്കുന്നത്. ആ നന്മയാണ് നമ്മുടെ കരങ്ങളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ട് കിട്ടിയത്. ഇത് ഏറ്റുവാങ്ങി അടുത്ത തലമുറയ്ക്ക് കൈമാറുവാനുള്ള നിയോഗം നമ്മുടെ തലമുറയ്ക്കാണ് ലഭിച്ചിട്ടുള്ളത്. എന്നാൽ നമ്മൾ, തനിക്കു കിട്ടിയ താലത്ത് മണ്ണിൽ കുഴിച്ചിട്ടിട്ട് അലസനായി ജീവിച്ച് അത് അതേപടി യജമാനന് തിരികെ നൽകിയ സുവിശേഷത്തിലെ മടിയനായ ഭൃത്യനെപ്പോലെയാകരുത്.

ഓരോ പുനരൈക്യ വാർഷികവും ഇപ്രകാരം ചില കണക്കെടുപ്പുകളുടെ കാലം കൂടിയാണ്. ഏൽപ്പിക്കപ്പെട്ട ഉത്തരവാദിത്വങ്ങൾ അവിടെ വച്ചിട്ട് സഭയും ശുശ്രൂഷകളും മുൻഗണനാക്രമത്തിൽ താഴേക്ക് പോയി സ്വന്തം ഇഷ്ടങ്ങൾ പരിഗണനാ വിഷയങ്ങളാക്കി മാറ്റി ജീവിക്കുന്ന ഒരു തലമുറ സഭയ്ക്ക് അഭികാമ്യമല്ല. ഈ പ്രവണത തിരുത്തപ്പെടേണ്ടതാണ്. എല്ലാക്കാലത്തും എക്സ്ട്രാമൈൽ ഓടിയവരെക്കുറിച്ച് അഭിമാനം കൊള്ളുന്നതിനോടൊപ്പം ഒരു ചെറുവിരലെങ്കിലും അനക്കി സഭയുടെ ശുശ്രൂഷകളെ മുന്നോട്ട് കൊണ്ടുപോകാനുള്ള നിയോഗവും ഈ കാലഘട്ടത്തിലെ തലമുറ ഏറ്റെടുക്കേണ്ടതുണ്ട്. സഭാശുശ്രൂഷകൾക്ക് വേണ്ടി തന്നെത്തന്നെ പുനർ സമർപ്പണം ചെയ്യുവാൻ പുനരൈക്യ വാർഷികാഘോഷങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. 'പുനരൈക്യത്തിൻ ദീപശിഖ തലമുറ തലമുറ കൈമാറി കെടാതെ ഞങ്ങൾ സൂക്ഷിക്കും' എന്ന മുദ്രാവാക്യം ആവേശത്തോടെ നാം ഏറ്റ് പറയുന്നതിനൊപ്പം അത് ജീവിതത്തിൽ അന്വർത്ഥമാക്കുകകൂടി വേണം.

കഠിനാധ്വാനത്തിന്റെ, ആത്മസമർപ്പണത്തിന്റെ, സഭാ ആഭിമുഖ്യങ്ങളുടെ എണ്ണ പകരാതെ ഒരു ദീപശിഖയും കെടാതെ സൂക്ഷിക്കുവാനോ കൈമാറുവാനോ സാധിക്കുകയില്ല.



ഫാ. ബോവസ് മാത്യു
ഫോൺ: 9447661943
bovasmathew@gmail.com

www.malankaralibrary.com

# പിതൃമൊഴി

## ഐക്യത്തിന്റെ പ്രവാചകരാവാൻ കർത്താവ് നമ്മെ വിളിക്കുന്നു



തന്റെ പരസ്യ ജീവിതത്തിന്റെ അവസാന മണിക്കൂറുകളിൽ തന്റെ നിയോഗത്തിന്റെ പൂർത്തീകരണത്തെക്കുറിച്ച് ഗൗരവതരമായ ആലോചനകളിൽ മുഴുകുന്ന യേശു, പിതാവായ ദൈവത്തിന്റെ മുമ്പാകെ സമർപ്പിച്ച ഒരു മഹാപുരോഹിത പ്രാർത്ഥനയുണ്ട്. 'അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്നു ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കുന്നതിന് അങ്ങ് എനിക്കു തന്ന മഹത്വം അവർക്കു ഞാൻ നൽകിയിരിക്കുന്നു. അവർ പൂർണമായും ഒന്നാകേണ്ടതിന് ഞാൻ അവരിലും അവിടുന്ന് എന്നിലും ആയിരിക്കുന്നു. അങ്ങനെ, അങ്ങ് എന്നെ അയച്ചുവെന്നും അങ്ങ് എന്നെ സ്നേഹിച്ചതുപോലെതന്നെ അവരെയും സ്നേഹിച്ചുവെന്നും ലോകം അറിയട്ടെ' (യോഹന്നാൻ 17: 21-23). അതിനുശേഷം യേശു അധികമൊന്നും സംസാരിക്കുന്നില്ല. യേശുവിന്റെ അന്ത്യാഭിലാഷമാണ് ഈ പ്രാർത്ഥനയിൽ നിഴലിക്കുന്നത്. ത്രിയേക ദൈവത്തിൽ നിലനിൽക്കുന്ന ഐക്യമെന്ന ദൈവികരഹസ്യത്തിലെന്ന പോലെ ക്രിസ്തുശിഷ്യർ-സഭാഗാത്രം-ഒന്നായിരിക്കണമെന്നതാണ് അവിടുത്തെ ഹിതം.

യേശുകർത്താവിന്റെ ഈ നിയോഗ പൂർത്തീകരണത്തിന് അസ്തിത്വപരമായ ഒരു വിളി ലഭിച്ച സഭാസമൂഹമാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭ. അനൈക്യത്തിന്റെയും ഭിന്നതയുടേയും അസമാധാനത്തിന്റെയും വേലിക്കെട്ടുകളിൽ ഞെരുങ്ങി സ്വാഭാവിക നന്മയും നിയോഗവും ദുർബലപ്പെട്ടു പോയ ഒരു സഭാഗാത്രത്തിൽ ഫാ. പി. റ്റി. ഗീവർഗീസ് എന്നൊരു പുരോഹിതനെ ദൈവം തെരഞ്ഞെടുത്തു. മലങ്കരയിൽ ഐക്യത്തിന്റെ കൊടിയടയാളമാകാൻ നിയോഗിച്ചു. പ്രതിസന്ധികൾ തരണം ചെയ്യാനുള്ള പരിശുദ്ധാത്മ കൃപയിൽ അഭിഷേകം ചെയ്തു. ആ നിയോഗത്തിന് പൂർണമനസ്സോടെ തന്നെത്തന്നെ സമർപ്പിച്ച അദ്ദേഹത്തെ ദൈവം മാർ ഈവാനി

യോസ് എന്ന പേരിൽ മേൽപ്പട്ടസ്ഥാനീയനാക്കി. പിളർപ്പുകളും വിഭാഗീയതകളും കണ്ടുശീലിച്ച ഒരു സഭാഗാത്രത്തിൽ അദ്ദേഹം ഐക്യത്തിന്റെ പുതിയൊരു മാതൃക സൃഷ്ടിച്ചു.

പരിശുദ്ധ കത്തോലിക്കാ സഭയുമായുള്ള ഐക്യമാണ് മലങ്കരയിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമെന്ന പരിശുദ്ധാത്മ പ്രചോദിതമായ സത്യത്തെ അദ്ദേഹം ഉയർത്തിപ്പിടിച്ചു. മലങ്കര സഭയുടെ പാരമ്പര്യങ്ങളും ആരാധനക്രമവും നിലനിർത്തിക്കൊണ്ടുതന്നെ കത്താലിക്കാ സഭയുമായുള്ള മലങ്കരയുടെ ഐക്യം അദ്ദേഹം സാധ്യമാക്കി. കൂടെനിന്നവരൊക്കെ പാതിവഴിയിൽ കൈവിട്ടുകളഞ്ഞിട്ടും പിരിയാതെ നിന്ന മറ്റു നാലു പേർക്കൊപ്പം അദ്ദേഹം കത്തോലിക്കാ സഭയെ പുൽകി. രണ്ടായിരം വർഷം പഴക്കമുള്ള മലങ്കര സഭയ്ക്ക് പ്രത്യേകിച്ച് പുത്തൻകൂർ വിഭാഗത്തിന് 1653 ൽ നഷ്ടപ്പെട്ടുപോയ ശ്ലീഹാസംഘ തലവനായ വി. പത്രോസിന്റെ പിൻഗാമിയുമായുള്ള ബന്ധം പുനരൈക്യത്തിലൂടെ മലങ്കര സഭ വീണ്ടെടുത്തു. ആഗോള സഭയുടെ ചരിത്രത്തിൽ സുവർണലിപികളിൽ എഴുതിച്ചേർക്കപ്പെട്ട ആ പുനരൈക്യ പ്രസ്ഥാനത്തിന് നൂറുവയസ്സു തികയാൻ ഇനി അഞ്ചു വർഷങ്ങൾ മാത്രം.

പുനരൈക്യ ശതാബ്ദിയിലേക്കുള്ള മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യാത്രയിൽ സെപ്റ്റംബർ 20 ന് വീണ്ടുമൊരു പുനരൈക്യ വാർഷികവും സഭാസംഗമവും ആഗതമാവുകയാണ്. ശതാബ്ദിക്ക് ഒരുക്കമായി കഴിഞ്ഞ ഒരു വർഷക്കാലം മുഴുവൻ നാം വചനവർഷമായി ആചരിച്ചു. ദൈവവചനം ആഴത്തിൽ പഠിക്കാനും ഗ്രഹിക്കാനും പങ്കുവയ്ക്കാനും പ്രായോഗികജീവിതത്തിൽ അനുവർത്തിക്കാനുമൊക്കെയുള്ള പരിശ്രമങ്ങളിൽ പങ്കുചേർന്നവർക്കെല്ലാം ഹൃദയംഗമമായ നന്ദി പ്രകാശിപ്പിക്കുന്നു. 2025 സെപ്റ്റംബർ 20 മുതൽ 2026 സെപ്റ്റംബർ 19 വരെയുള്ള കാലയളവ് സഭയിൽ ആരാധനാക്രമ വർഷമായി ആചരിക്കാൻ നാം നിശ്ചയിച്ചിരിക്കുകയാണല്ലോ. കൂദാശകൾക്കും ആരാധനാക്രമത്തിനും വിശ്വാസപഠനത്തിനും കൂടുതൽ ഊന്നൽ നൽകാൻ നാം ഈ വർഷം മാറ്റിവയ്ക്കുകയാണ്. ദൈവത്തിന്റെ അദൃശ്യമായ കൃപാവരം മനുഷ്യരിലേക്കൊഴുകുന്ന ദൃശ്യമായ അടയാളങ്ങളാണ് ഏഴ് കൂദാശകൾ. കൃപസമൃദ്ധമാകാൻ കൂദാശാധിഷ്ഠിതമായ ഒരു ക്രിസ്തീയ ജീവിതം നമുക്ക് അനുവർത്തിക്കാം. വിശ്വാസസത്യങ്ങൾ ആഴത്തിൽ പഠിച്ച് ക്രിസ്തുവിൽ ആഴപ്പെടാം. ആരാധനാക്രമത്തിന്റെ അഭംഗുരമായ പരിപാലനത്തിലൂടെ നമ്മുടെ വിശ്വാസം നമുക്ക് ആഘോഷിക്കാം, പാരമ്പര്യങ്ങൾ സംരക്ഷിക്കാം.

മലങ്കര പുനരൈക്യ പ്രസ്ഥാനം അതിന്റെ ശതാബ്ദിക്ക് മുന്നോടിയായി ഈ വാർഷിക ദിനം ആചരിക്കുമ്പോൾ ഈ പ്രസ്ഥാനത്തിനു ബീജാവാപം ചെയ്തവരെ, ചോരയും നീരും നൽകി അതിനെ വളർത്തിയവരെ, ത്യാഗപൂർണ്ണമായ സമർപ്പണത്താൽ ഈ നൂറ്റാണ്ടിൽ അതിനെ നയിക്കുന്നവരെ നന്ദിയോടെ ദൈവസന്നിധിയിൽ ഞാൻ ചേർത്തുനിർത്തുന്നു. വർഗ്ഗീയത

യുടേയും അധീശത്വഭാവത്തിന്റേയും ജനസംഖ്യാബലത്തിന്റെയും പോർവിളിയിലും ജയഭേരിയിലും ക്രൈസ്തവികത മറന്നു പോകുന്ന ഈ നാളുകളിൽ മാർ ഈവാനിയോസിന്റെ മക്കൾ മാറിപ്പോകാതെ സഞ്ചരിക്കുവാൻ ഒരു വഴി നമുക്കായി സ്വർഗ്ഗം വെട്ടിയൊരുക്കി നൽകിയിട്ടുണ്ട്. രക്ഷാകര ചരിത്രം ഇനിയും അവസാനിച്ചിട്ടില്ല; ആ വഴിമാറാതെ നമുക്ക് യാത്ര തുടരാം!

മലങ്കര സുറിയാനി കത്തോലിക്കാ സഭയെന്ന അപ്പസ്തോലിക സഭയിൽ അഭിമാനപൂർവ്വം സഭാജീവിതം നയിക്കുന്ന എന്റെ സഹപ്രവർത്തകരായ മെത്രാപ്പോലീത്താമാരെ, എപ്പിസ്കോപ്പാമാരെ, ബഹുമാനപ്പെട്ട വൈദികരെ, സമർപ്പിതരെ, വൈദിക വിദ്യാർത്ഥികളെ, എന്റെ വാൽസല്യമുള്ള സഭാമക്കളെ, ദൈവാത്മാവിനോടു ചേർന്നു നടക്കുക, ലക്ഷ്യപ്രാപ്തി സുനിശ്ചിതം! വ്യക്തമായതും ബോധ്യമുള്ളതും മാത്രം സംസാരിക്കുക. ഇനിയും പഠിക്കേണ്ടതുണ്ടെന്ന് വിനയപൂർവ്വം തിരിച്ചറിയുക! സ്നേഹത്തിന്റെ വഴി കൈവിട്ടു പോകരുത്! ഐക്യം നമ്മുടെ ദിനഃപ്രതിഷ്ഠാ പ്രാർത്ഥനയാണ്. രക്ഷാകരചരിത്രം ഇന്നും തുടരുന്നു. ഹൃദയത്തിൽ കുറിച്ചിടുക: ഐക്യത്തിന്റെ പ്രവാചകരാവാൻ കർത്താവ് നമ്മെ വിളിക്കുന്നു! ക്രൈസ്തവ ജീവിതം കർത്താവിന്റെ കാലം മുതൽ പരീക്ഷിക്കപ്പെടുന്നതാണ്. സമ്മർദ്ദങ്ങളും പരിഹാസങ്ങളും പ്രതിരോധങ്ങളും സഭയെ എന്നും ദുർബലമാക്കാൻ ശ്രമിച്ചിട്ടുണ്ട്. ലോകമാസകലവും നമ്മുടെ ദേശത്തും ക്രിസ്തുമാർഗത്തിൽ ചരിക്കുക എന്നത് ഇന്ന് വലിയ വെല്ലുവിളിയാണ്. ക്രിസ്ത്യാനിയായി കാണപ്പെടുക എന്നതിനേക്കാൾ ക്രിസ്ത്യാനിയായി ജീവിക്കുക എന്നത് വലിയ വെല്ലുവിളി തന്നെ. കുരിശുവരയ്ക്കുക എന്നതിനേക്കാൾ കുരിശു സ്വീകരിക്കുക എന്നതും. കുരിശ് രക്ഷയുടെ അടയാളമായി ഏറ്റുപറയുക എന്നത് സുപ്രധാനം എന്നും ഓർമിക്കുക. ഐക്യത്തിന്റ പാതയിൽ സഞ്ചരിക്കുന്നവർക്ക് അടയാളമായി കുരിശ് മുൻപിലുണ്ടാകും!

ദൈവം അനുഗ്രഹിക്കട്ടെ!

നിങ്ങളുടെ പിതാവ്,

+Baselios Cleemis

✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവ
മേജർ ആർച്ചുബിഷപ്-കാതോലിക്കോസ്

www.malankaralibrary.com



# പുനരൈക്യ വാർഷികവും സഭാസംഗമവും

**95-ാം പുനരൈക്യ വാർഷികത്തോടനുബന്ധിച്ച് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്-കാതോലിക്കോസ് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് ബാവ പുറപ്പെടുവിച്ച ഇടയലേഖനം**

മലങ്കര സുറിയാനി കത്തോലിക്കാ സഭ 95-ാം പുനരൈക്യവാർഷികവും സഭാസംഗമവും 2025 സെപ്തംബർ 20 ന് ആഘോഷിക്കുകയാണല്ലോ. ധന്യൻ മാർ ഈവാനിയോസ് പിതാവിനാൽ പുനരൈക്യ ദീപം തെളിയിക്കപ്പെട്ടിട്ട് 95 വർഷം പൂർത്തിയാകുന്നു. ദൈവത്തിന്റെ കരുണയും സ്നേഹവും എത്രമാത്രം വലുതാണെന്ന് നമ്മുടെ സഭയിലൂടെ നാം അനുഭവിച്ചറിയുന്നു. നമ്മെ കരുതുന്ന, വഴിനടത്തുന്ന ദൈവത്തിന് സഭയായി നന്ദി പറയാനുള്ള അവസരമാണല്ലോ പുനരൈക്യ വാർഷികാഘോഷങ്ങൾ. 95-ാം പുനരൈക്യവാർഷികത്തിന് ആതിഥേയത്വം വഹിക്കുന്നത് പത്തനംതിട്ട ഭദ്രാസനമാണ്. സെപ്തംബർ 16 മുതൽ 20 വരെ വിവിധ പരിപാടികളോടെ പുനരൈക്യ വാർഷികാഘോഷങ്ങൾ ക്രമീകരിച്ചിരിക്കുന്നു. നമ്മുടെ സഭയേയും സഭാശുശ്രൂഷകളെയും ശക്തിപ്പെടുത്തി നയിക്കുന്ന ദൈവകരുണയ്ക്കുമുമ്പിൽ നമ്മെത്തന്നെ സമർപ്പിക്കാം.

കഴിഞ്ഞ 95 വർഷം ഏറെ അനുഗ്രഹത്തിന്റെ കാലയളവായിരുന്നു. സഭാശുശ്രൂഷയ്ക്കായി സ്വയം സമർപ്പണം ചെയ്ത നമ്മുടെ പുണ്യപിതാക്കന്മാരുടെ, വൈദികരുടെ, സന്യസ്തരുടെ, അൽമായ പ്രേഷിതരുടെ ധന്യമായ ജീവിതത്തെ ദൈവസന്നിധിയിൽ നന്ദിയോടെ ഓർക്കാം.

നമ്മുടെ സഭയ്ക്ക് ദൈവം നൽകിയിരിക്കുന്ന പരമപ്രധാനമായ ദൗത്യമാണ് പുനരൈക്യ പരി

ശ്രമങ്ങളും സഭൈക്യ ശുശ്രൂഷയും. വിവിധ സഭാസമൂഹങ്ങളെ ഒന്നിപ്പിക്കുന്ന ദൗത്യത്തിൽ നമ്മുടെ സഭ നൽകുന്ന ശുശ്രൂഷകൾ ഏറെ പ്രധാനപ്പെട്ടതാണ്. അനൈക്യം എന്നും എപ്പോഴും സമൂഹമധ്യേ വിരുദ്ധ സാക്ഷ്യമാണ് നൽകുക. രണ്ടാം വത്തിക്കാൻ കൗൺസിൽ ഉദ്ബോധനം ഏറെ പ്രസക്തമാണ്: "പല ക്രിസ്തീയ സമൂഹങ്ങളും മിശിഹായുടെ യഥാർത്ഥ പിൻതുടർച്ചക്കാരായി തങ്ങളെത്തന്നെ മനുഷ്യരുടെ മുമ്പിൽ അവതരിപ്പിക്കുന്നുണ്ട്... എന്നാൽ വ്യത്യസ്ത കാഴ്ചപ്പാടുകൾ പുലർത്തുകയും മിശിഹാ തന്നെ വിഭജിക്കപ്പെട്ടാലെന്നപോലെ വിഭിന്ന മാർഗങ്ങളിലൂടെ വ്യാപരിക്കുകയും ചെയ്യുന്നു. തീർച്ചയായും ഈ വിഭജനം മിശിഹായുടെ തിരുമനസിനു വിരുദ്ധവും ലോകത്തിന് ദുർമാതൃക നൽകുന്നതും സർവസൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കുക എന്ന അതിവിശുദ്ധമായ ദൗത്യത്തിന് ക്ഷതമേല്പിക്കുന്നതുമാണ്" (UR 1). ഐക്യത്തിന്റെ പാലം പണിയുക എന്ന ഉത്തരവാദിത്വത്തെകുറിച്ച് ഉൾകാഴ്ച നേടാനുള്ള അവസരമാകട്ടെ പുനരൈക്യവാർഷിക ആഘോഷങ്ങൾ.

**95-ാം പുനരൈക്യവാർഷിക ആഘോഷങ്ങൾ**

95-ാം പുനരൈക്യ വാർഷികം 2025 സെപ്തംബർ 16 മുതൽ 20 വരെ അടൂർ മാർ ഈവാനിയോസ് നഗറിൽ (ഓൾ സെയിന്റ്സ് പബ്ലിക് സ്കൂൾ) ക്രമീകരിക്കുന്നു. പത്തനംതിട്ട ഭദ്രാസനത്തിന്റെ അതിഥേയത്വത്തിൽ ക്രമീകരിക്കുന്ന പുനരൈക്യ വാർഷികാഘോഷവും സഭാസംഗമവും ഏറെ അനുഗ്രഹപ്രദമാകുന്നതിനായി ഏവരും പ്രാർത്ഥിക്കണം. 2010ൽ സ്ഥാപിതമായ പത്തനംതിട്ട ഭദ്രാസനത്തിലൂടെ സഭയ്ക്കും സമൂഹത്തിനും കരഗതമായ അനുഗ്രഹങ്ങളെ ഓർത്ത് ദൈവത്തിന് നന്ദി അർപ്പിക്കുന്നു. പുനരൈക്യ വാർഷിക സഭാസംഗമ ആഘോഷങ്ങൾക്ക് നേതൃത്വം നൽകുന്ന അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തായെയും, മുൻ അധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലിത്തായേയും, ബഹു. വൈദികരെയും, സന്യസ്തരെയും ദൈവജനത്തെയും ദൈവസന്നിധിയിൽ സമർപ്പിക്കുകയും ചെയ്യുന്നു. ആഘോഷമായ പരിശുദ്ധ കുർബാന, പരി. കുർബാനയുടെ ആരാധന, വചന പ്രഘോഷണം, വിവിധ സംഗമങ്ങൾ, എന്നിവയിൽ നിങ്ങളേവരുടെയും സജീവ പങ്കാളിത്തം ഉറപ്പുവരുത്തണമെന്ന് പ്രത്യേകം ഓർമിപ്പിക്കട്ടെ. ഈ വർഷം വ്യത്യസ്തമായി പൊതുക്രമീകരണത്തിന് വരുത്തിയിരിക്കുന്ന മാറ്റങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തട്ടെ. സെപ്തംബർ 16, ചൊവ്വാഴ്ച വൈകുന്നേരം 5 മണിക്ക് വിവിധ പ്രയാണങ്ങൾക്ക് സ്വീകരണവും ഗാനസന്ധ്യയും നടത്തപ്പെടുന്നു. 17 ബുധൻ, 18 വ്യാഴം എന്നീ ദിവസങ്ങളിൽ വൈകുന്നേരം 5.30 മുതൽ 8 വരെ ബഹു. ഡാനിയേൽ പൂവണ്ണത്തിലച്ചൻ നേതൃത്വം നൽകുന്ന വചനപ്രഘോഷണവും വി. കുർബാനയുടെ ആരാധനയും ക്രമീകരിച്ചിരിക്കുന്നു. 19-ന് വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷം 1.30 മുതൽ 4.30 വരെ വിവിധ ഭക്തസംഘടനകളുടെ സംഗമങ്ങളും വൈകുന്നേരം 5.30-ന് നിഖ്യാ സുന്നഹദോസിന്റെ 1700-ാം വാർഷികാഘോഷ സമ്മേളനവും ക്രമീകരിച്ചിരിക്കുന്നു. 20-ന് ശനിയാഴ്ച രാവിലെ 8.30-ന് ആഘോഷമായ വി. സമൂഹബലിയും ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലിത്തായുടെ മെത്രാഭിഷേക ശതാബ്ദി ആഘോഷ സമാപന സമ്മേളനവും ക്രമീകരിച്ചിരിക്കുന്നു. മെത്രാഭിഷേക ശതാബ്ദി സമാപനസമ്മേളനം ബഹു. കേരള മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നതാണ്. തുർന്നുള്ള സ്നേഹവിരുന്നോടെ 2025-ലെ പുനരൈക്യ വാർഷിക - സഭാസംഗമം പൂർണമാകും.

**പുനരൈക്യ ശതാബ്ദി ആരാധനാക്രമ വർഷ ഉദ്ഘാടനം**

മലങ്കര സുറിയാനി കത്തോലിക്കാ സഭ 2030 സെപ്തംബർ 20-ന് പുനരൈക്യ ശതാബ്ദി ആഘോഷിക്കുന്നതിനായി ഒരുങ്ങുകയാണല്ലോ. കഴിഞ്ഞ വർഷം മുതൽ സഭയുടെ നവീകരണത്തിനും ആത്മീയ വളർച്ചയ്ക്കുമായി വിവിധ കർമ്മപദ്ധതികൾ നടത്തിവരുന്നു. 2024 സെപ്തംബർ 20 മുതൽ 2025 സെപ്തംബർ 19 വരെ വചനവർഷമായി നാം ആചരിക്കുന്നു. സജീവവും ജീവദായകവുമായ വചനത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിചെല്ലാനും വചനാധിഷ്ഠിതമായ ജീവിതശൈലി ക്രമപ്പെടുത്താനും വചനവർഷാചരണത്തിലൂടെ നമുക്ക് സാധ്യമായി. 2025 സെപ്തംബർ 20

മുതൽ 2026 സെപ്തംബർ 19 വരെ ആരാധനക്രമ വർഷമായി നാം ആചരിക്കുന്നു. ആരാധനയെകുറിച്ച് വ്യക്തമായ അറിവും ബോധ്യവും ഇല്ലെങ്കിൽ ആരാധനാക്രമം അനുഷ്ഠാനം മാത്രമായി തരംതാഴും. ആരാധനാക്രമത്തെകുറിച്ച് സഭാമക്കൾക്ക് വ്യക്തമായ അറിവും ബോധ്യവും ആരാധനയിലൂടെ ആഴപ്പെട്ട ദൈവാനുഭവവും നൽകാൻ ആരാധനാക്രമ വർഷം ലക്ഷ്യംവയ്ക്കുന്നു.

"ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുക" (യോഹ 4:24) എന്നതാണ് ആരാധനാക്രമ വർഷാചരണത്തിന്റെ പഠനവിഷയം. ആരാധനാക്രമത്തിലധിഷ്ഠിതമായ ആധ്യാത്മികത നമ്മുടെ സഭയുടെ ആത്മികതയുടെ അടിത്തറയാണ്. "എല്ലാ വിശ്വാസികളെയും ആരാധനാഘോഷത്തിലെ ബോധപൂർവകവും സജീവവും പൂർണവുമായ ഭാഗഭാഗിത്വത്തിലേക്ക് ആനയിക്കാൻ സഭാമാതാവ് തീവ്രമായി അഭിലഷിക്കുന്നു. പുനരൈക്യ സഭാസംഗമ വേദിയിൽ ആരാധനാക്രമ വർഷം ഉദ്ഘാടനം ചെയ്യപ്പെടും. വിശ്വാസ വളർച്ചയും വിശുദ്ധീകരണവും ആരാധനാക്രമ വർഷാചരണത്തിലൂടെ സാധ്യമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**മുഖ്യാതിഥി**

95-ാം പുനരൈക്യ വാർഷികാഘോഷത്തിലെ മുഖ്യാതിഥി അന്തോക്യൻ സുറിയാനി കത്തോലിക്കാ സഭാധ്യക്ഷൻ അത്യഭിവന്ദ്യ മോറാൻ മോർ ഇഗ്നാത്തിയോസ് യൂനാൻ പാത്രിയർക്കീസ് ബാവായാണ്. പാത്രിയർക്കീസ് ബാവായോടൊപ്പം മെത്രാപ്പോലിത്താമാരും വൈദികരും അത്മായരും അടങ്ങിയ സുറിയാനി കത്തോലിക്കാ സഭാ പ്രതിനിധി സംഘവും മലങ്കരയിൽ എത്തുന്നതാണ്. കോട്ടയത്ത് സെന്റ് എഫ്രേം എക്യുമെനിക്കൽ റിസേർച്ച് സെന്ററിന്റെ 40-ാം വാർഷികാഘോഷങ്ങളിലും അത്യഭിവന്ദ്യ പാത്രിയർക്കീസ് ബാവാ തിരുമേനി സംബന്ധിക്കുന്നുണ്ട്.

**സഹോദരീ സഭകളുടെ സാന്നിധ്യം**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആഭിമുഖ്യത്തിൽ നിഖ്യാ സുന്നഹദോസിന്റെ 1700-ാമത് വാർഷികം പുനരൈക്യവാർഷിക വേദിയിൽ ആഘോഷിക്കുന്നതാണ്. പ്രസ്തുത പ്രാർഥനാ ശുശ്രൂഷയിൽ മാർതോമ്മാ ക്രിസ്ത്യാനികളുടെ എപ്പിസ്കോപ്പൽ സഭകളിൽ നിന്ന് പ്രതിനിധികളായി മെത്രാപ്പോലീത്താമാർ സംബന്ധിക്കുന്നതാണ്.

നമ്മുടെ എല്ലാ ഭദ്രാസനങ്ങളിൽനിന്നും മിഷൻ കേന്ദ്രങ്ങളിൽ നിന്നും സമർപ്പിത ഭവനങ്ങളിൽനിന്നും സാധിക്കുന്നവരെല്ലാം 2025 സെപ്തംബർ 20ന് അടൂർ ഓൾ സെയിന്റ്സ് പബ്ലിക് സകൂൾ അങ്കണത്തിൽ (മാർ ഈവാനിയോസ് നഗർ) നടത്തപ്പെടുന്ന പുനരൈക്യ വാർഷികാഘോഷങ്ങളിൽ സജീവമായി പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കണമെന്ന് ഏവരേയും സ്നേഹപൂർവം ഞാൻ ഉദ്ബോധിപ്പിക്കുന്നു.

പുനരൈക്യ വാർഷികദിനത്തിലെ വി. കുർബാനയിൽ എടുക്കുന്ന സ്തോത്രക്കാഴ്ച ഈ വർഷത്തെ പുനരൈക്യവാർഷികത്തിന് ആതിഥേയത്വം വഹിക്കുന്ന പത്തനംതിട്ട ഭദ്രാസനത്തിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നൽകുന്നതാണ്. വി. കുർബാനയിൽ സംബന്ധിക്കുന്ന ആരാധനാസമൂഹം മുഴുവൻ ഈ സമർപ്പണത്തിന് തയ്യാറായി വരണമെന്ന് സ്നേഹത്തോടെ ഞാൻ ഓർമിപ്പിക്കുന്നു. നമ്മുടെ കൂടിവരവിനെ സഭാസ്നേഹത്തിന്റെ സജീവസാക്ഷ്യമായി വളർന്നുവരുന്ന തലമുറയിലേക്ക് പകർന്നുനൽകാം. വാർഷികാഘോഷങ്ങളിലെ ചെലവുകളിലേയ്ക്ക് ഊഷ്മളമായി സഹായം നൽകാൻ ഏവരേയും ഞാൻ ഉദ്ബോധിപ്പിക്കുന്നു.

പുനരൈക്യ പ്രസ്ഥാനത്തിന്റെ ശതാബ്ദിയിലേക്ക് ഉത്സാഹത്തോടെ ഒരുങ്ങുന്ന നമുക്ക് ഭാരതത്തിലും സാർവത്രിക സഭയിലും ക്രൈസ്തവ ഐക്യ ശുശ്രൂഷാ മേഘലകളിലും ദൈവരാജ്യത്തിന്റെ കെട്ടുപണിയിലും സജീവമായ സമർപ്പണവും സാക്ഷ്യവും നൽകുവാനുണ്ട് എന്നത് ഗൗരവമായി ഓർക്കാം. ശക്തമായ ആദ്ധ്യാത്മിക ജീവിതത്തിന്റെ പിൻബലമാണ് പ്രധാനം. നിന്റെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും സർവശക്തിയോടും കൂടെ ദൈവത്തെ സ്നേഹിക്കുക എന്ന ദൈവകൽപന നമുക്ക് ഒന്നാമത്തെ പാഠമാകട്ടെ. 95-ാമത് പുനരൈക്യ വാർഷികം അതിന് നിങ്ങളേവരെയും ധാരാളമായി അനുഗ്രഹിക്കട്ടെ.

www.malankaralibrary.com





# മലങ്കര സുറിയാനി കത്തോലിക്കാ സഭയും പത്തനംതിട്ടയും പുനരൈക്യത്തിന്റെ നാൾവഴികളിൽ



**ബിഷപ് സാമുവൽ മാർ ഐറേനിയോസ്**
പത്തനംതിട്ട ഭദ്രാസനാധ്യക്ഷൻ

ക്രിസ്തുശിഷ്യനായ മാർതോമാശ്ലീഹാ എ.ഡി. 52-ൽ കൊടുങ്ങല്ലൂരിൽ എത്തി, കേരളത്തിലും ഭാരതത്തിന്റെ ഇതരഭാഗങ്ങളിലും സുവിശേഷം പ്രഘോഷിച്ച്, ക്രിസ്തീയ സഭയ്ക്ക് ഭാരതത്തിൽ അടിത്തറയിട്ടു. മാർതോമാ ശ്ലീഹായിൽ നിന്ന് ക്രിസ്തുമതം സ്വീകരിച്ചവർ എന്ന അർത്ഥത്തിൽ ഇവിടുത്തെ ക്രിസ്ത്യാനി സമൂഹം 'മാർത്തോമ്മാ ക്രിസ്ത്യാനികൾ' എന്ന് അറിയപ്പെട്ടു.

ഭാരതത്തിന്റെ അപ്പസ്തോലനായ തോമാശ്ലീഹായുടെ കാലം മുതൽ 1653 വരെ മാർത്തോമ്മാ ക്രിസ്ത്യാനികൾ വിഭജനമോ പാഷണ്ഡതകളോ കൂടാതെ ഒരു തലവന്റെ കീഴിൽ ഐക്യത്തിൽ ജീവിച്ചിരുന്നു. എന്നാൽ, പോർട്ടുഗീസ് മേധാവിത്വത്തിൽ സഹികെട്ട നസ്രാണികൾ 1653 ജനുവരി 3 ന് മട്ടാഞ്ചേരിയിൽ വച്ച് പാശ്ചാത്യരുടെ ആധിപത്യത്തിനും സഭാ കൊളോണിയലിസത്തിനും എതിരെ നടത്തിയ കൂനൻകുരിശ് സത്യത്തോടെ വിഭജനങ്ങൾ ആരംഭിച്ചു. കാലാന്തരത്തിൽ, പുരാതനമായ പൗരസ്ത്യ സുറിയാനി ആരാധനാരീതികൾ അതേപടി തുടരുകയും കത്തോലിക്കരായി തുടർന്നു ജീവിക്കുകയും ചെയ്തവർ 'പഴയകൂറ്റുകാർ' എന്നും അന്ത്യോക്യൻ രീതികളും ക്രമങ്ങളും സ്വീകരിക്കുകയും ചെയ്തവർ 'പുത്തൻകൂറ്റുകാർ' എന്നും രണ്ടായി പിളർന്നു.

പുത്തൻകൂർ വിഭാഗം കാലാന്തരത്തിൽ പലതായി പിളർന്നു. പ്രൊട്ടസ്റ്റന്റ് മിഷണറിമാരുടെ സ്വാധീനത്താൽ 1772-ൽ തൊഴിയൂർ സഭയും 1836-ൽ സി. എം. എസ്. ആംഗ്ലിക്കൻ സഭയും 1889-ൽ നവീകരണ മാർതോമാക്കാർ അഥവാ മാർതോമാസഭയും രൂപപ്പെട്ടു. 1911-ൽ അബ്ദുള്ളാ പാത്രിയാർക്കീസിന്റെ വരവോടെ ശേഷിച്ച യാക്കോബായക്കാരിൽ സഭയുടെ ആത്മീകവും ഭൗതികവുമായ അധികാരതർക്കത്തിൽ ഭിന്നതകൾ ഉടലെടുത്തു. വട്ടശ്ശേരിൽ മാർ ദിവന്ന്യാസോസിനെ അബ്ദുള്ളാ പാത്രിയർക്കീസ് മുടക്കിയ സാഹചര്യത്തിൽ ഫാ. പി. ടി. ഗീവർഗീസിന്റെ ക്ഷണപ്രകാരം 1912-ൽ അബ്ദ്ദേദ് മിശിഹാ പാത്രിയർക്കീസ് മലങ്കരയിൽ എത്തുകയും കാതോലിക്കാസ്ഥാപനം നടത്തി മലങ്കര സഭയെ മെത്രാൻ കക്ഷിയെന്ന നിലയിൽ സ്വതന്ത്രസഭയായി ഉയർത്തുകയും ചെയ്തു.

ഐക്യം പുത്തൻകൂറ്റുകാരുടെയും പഴയകൂറ്റുകാരുടെയും ഇടയിൽ പുനഃസ്ഥാപിക്കാൻ 1653-നുശേഷം നിരവധി ഉദ്യമങ്ങൾ നടന്നു. എന്നാൽ അവയൊന്നും വിജയത്തിൽ എത്തിയില്ല. പുത്തൻകൂർ യാക്കോബായ സഭയിലെ ഓർത്തഡോക്സ് വിഭാഗം 1926 ൽ റോമൻ കത്തോലിക്കാസഭയുമായി എക്യുമെനിക്കൽ ചർച്ച തുടങ്ങി. എഴുത്തുകുത്തുകൾ നടത്താൻ മാർ ഈവാനിയോസ് പിതാവിനെ ഓർത്തഡോക്സ് സഭയിലെ പിതാക്കന്മാർ ചുമതലപ്പെടുത്തി. എന്നാൽ 1928-ലെ വട്ടിപ്പണക്കേസിലെ സുപ്രീം കോടതി വിധി മാർ ദിവന്നാസ്യോസിന് അനുകൂലമായതോടെ, അദ്ദേഹം പുനരൈക്യശ്രമങ്ങളിൽ നിന്ന് പിന്മാറി. എന്നാൽ സഭാ നേതൃത്വത്തിൽ നിയോഗിക്കപ്പെട്ടിരുന്ന മാർ

ഈവാനിയോസ് മെത്രാപ്പോലീത്താ ദൈവിക പ്രേരണയിൽ ആത്മധൈര്യത്തോടെ മുന്നോട്ടു പോയി; പുനരൈക്യമെന്ന സ്വപ്നം യാഥാർത്ഥ്യമാക്കി.

1930 സെപ്റ്റംബർ 20 ന് കൊല്ലം അരമന ചാപ്പലിൽ കൊല്ലം ലത്തീൻ ബിഷപ്പായ മോൺ. അലോഷ്യസ് ബൻസിഗർ തിരുമേനി, മാർ ഈവാനിയോസ് മെത്രാപ്പോലീത്താ, മാർ തെയോഫിലോസ് എപ്പിസ്കോപ്പാ, ഫാ. ജോൺ ഒ.ഐ.സി., ഡീക്കൻ അലക്സാണ്ടർ ഒ.ഐ.സി., ശ്രീ. ചാക്കോ കിളീലേത്ത് എന്നിവരെ കത്തോലിക്കാസഭയിലേക്ക് സ്വീകരിച്ചു. അതോടൊപ്പം തന്നെ തനതായ ആരാധനാപൈതൃകം നിലനിർത്തിക്കൊണ്ടുള്ള മലങ്കര കത്തോലിക്കാ സഭയുടെ ജനനം സംഭവിച്ചു.

**പത്തനംതിട്ട രൂപത - രൂപീകരണം**

മലങ്കര സുറിയാനി കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം ദൈവാനുഗ്രഹത്തിന്റെയും ദൈവാശ്രയത്തിന്റെയും അത്ഭുതാവഹമായ യാത്ര ആരംഭിക്കുന്നതു പത്തനംതിട്ടയുടെ മണ്ണിൽ നിന്നുമാണ്. ആർഷഭാരത സംസ്കാര ചൈതന്യത്താൽ നിറഞ്ഞ് ആത്മീയ വിശുദ്ധിയോടെ ധന്യൻ മാർ ഈവാനിയോസ് പിതാവ് മലങ്കര കത്തോലിക്കാസഭ എന്ന വാഗ്ദത്തനാട്ടിലേക്ക് കടന്നുവന്നത് ഈ മണ്ണിൽ നിന്നുമാണ്. പത്തനംതിട്ട ജില്ലയിലെ പെരുനാട് മുണ്ടൻമലയിൽ നിന്ന് ധന്യൻ മാർ ഈവാനിയോസ് പിതാവ് ആരംഭിച്ച പുനരൈക്യയാത്ര ഇന്ന് മലങ്കര കത്തോലിക്കാസഭയെന്ന സ്വയം ഭരണഅധികാരമുള്ള വ്യക്തിഗത സഭയായി വളർന്നിരിക്കുന്നു. ഇവിടെയുള്ള വിശ്വാസികളുടെ സുവിശേഷചൈതന്യവും സാമൂഹികപ്രതിബദ്ധതയും തിരിച്ചറിഞ്ഞു പത്തനംതിട്ടയെ ഒരു രൂപതയായി ഉയർത്തുന്നതിനുള്ള പരിശുദ്ധ സുന്നഹദോസിന്റെ നിർദ്ദേശം പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ അംഗീകരിച്ച് പ്രഖ്യാപിച്ചത് 2010 ജനുവരി 25-ന് ആണ്. അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിനെ പ്രഥമ അധ്യക്ഷനായി നിയമിച്ചു. പച്ചപ്പും മലമേഖലകളും ഉൾപ്പെടുന്ന സീതത്തോട്, കോന്നി, റാന്നി-പെരുനാട്, പന്തളം, പത്തനംതിട്ട എന്നി വൈദിക ജില്ലകൾ ചേർന്നതാണ് രൂപതയുടെ ഭൂപ്രദേശം.

മലങ്കര കത്തോലിക്കാ സഭയുടെ പ്രഥമ കാതോലിക്കാബാവാ, കാലം ചെയ്ത ഭാഗ്യസ്മരണാർഹനായ മോറാൻ മോർ സിറിൽ ബസേലിയോസ് പിതാവ് പത്തനംതിട്ട രൂപതയിലെ ഉള്ളന്നൂർ ഇടവകാംഗമാണ്. രൂപതയുടെ പ്രഥമ മെത്രാൻ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായും, ഇപ്പോഴത്തെ രൂപത അധ്യക്ഷനും, ഈ രൂപതയിലെ കടമ്മനിട്ടയിൽ നിന്നുള്ളവരാണ്. ബത്തേരി രൂപതാ അധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ തോമസ് പിതാവ് വടശ്ശേരിക്കര ഇടവകയിൽ നിന്നും, പാറശാല രൂപത അധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബയോസ് തിരുമേനി മൈലപ്ര ഇടവകയിൽ നിന്നും ഉള്ളവരാണ്. 5 വൈദികജില്ലകളിലായി 100 ഇടവകകൾ. 117 രൂപതാ വൈദികർ ഉൾപ്പെടെ നിരവധി ബഥനി (OIC), ഫ്രാൻസിസ്കൻ (Ofm.Cap) വൈദികരും പ്രവർത്തിക്കുന്നു. ഈ രൂപതയിൽ നിന്നും നമ്മുടെ മിഷൻ രൂപതകളിലും വിദേശത്തുമായി പ്രവർത്തിക്കുന്ന നിരവധി വൈദികരുണ്ട്. ആറ് സന്യാസിനീ സമൂഹങ്ങളിൽ നിന്നായി ഇരുപതിലധികം മഠങ്ങൾ ഇവിടെ ഉണ്ട്. നൂറോളം സിസ്റ്റേഴ്സ് രൂപതയുടെ വിവിധ സ്ഥലങ്ങളിലായി സ്കൂളുകൾ, അഗതി മന്ദിരങ്ങൾ എന്നിങ്ങനെയുള്ള അനവധി ശുശ്രൂഷകളിൽ വ്യാപൃതരാണ്. സന്യസ്ത് ഇടവകകളിൽ നൽകുന്ന ശുശ്രൂഷകൾ പ്രത്യേകം പരാമർശം അർഹിക്കുന്നു



**സാമൂഹിക സാമുദായിക സേവനങ്ങൾ**

മാർ ഈവാനിയോസ് പിതാവിന്റെ ദർശനങ്ങളെ പിന്തുടർന്ന് രൂപത നിരവധി വിദ്യാഭ്യാസസ്ഥാപനങ്ങളും ജീവകാരുണ്യപ്രവർത്തനങ്ങളും നടത്തി വരുന്നു. പറന്തലിലെ മാർ ക്രിസോസ്റ്റം കോളേജ്, മൈലപ്രയിലെ സേക്രഡ് ഹാർട്ട് ഹയർ സെക്കന്ററി സ്കൂൾ, തണ്ണിത്തോട്, ആങ്ങമൂഴി, ഓമല്ലൂർ എന്നിവിടങ്ങളിലെ എയ്ഡഡ് സ്കൂളുകൾക്ക് പുറമേ പുത്തൻപീടികയിലെ മഡോണ, കാർമൽ സെൻട്രൽ സ്കൂൾ, വടശേരിക്കരയിലെ മാർ ഈവാനിയോസ് സ്കൂൾ, അടൂരിലെ ഓൾ സെയ്ന്റ്സ് സ്കൂൾ തുടങ്ങി നിരവധി സി.ബി.എസ്.ഇ. സ്കൂളുകളും പ്രൈമറി സ്കൂളുകളും രൂപതയുടെ വിദ്യാഭ്യാസ ശുശ്രൂഷയിൽ ഉൾപ്പെടുന്നു. അതോടൊപ്പം ഉപാസന എന്ന പേരിലുള്ള ഒരു സാമൂഹിക സേവനവസ്ഥാപനവും പത്തനംതിട്ട രൂപതയിലുണ്ട്. രൂപതയുടെ വിവിധതരത്തിലുള്ള ജീവകാരുണ്യ പ്രവർത്തനങ്ങളെ ഏകീകരിക്കുന്നതിനും ജാതി-മത-വർഗ്ഗ-വർണ്ണ വ്യത്യാസങ്ങൾക്കതീതമായി എല്ലാവരെയും ഉൾക്കൊള്ളുന്നതിനും രൂപീകരിക്കപ്പെട്ട സംവിധാനമാണ് അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റി. വിദ്യാഭ്യാസ സഹായങ്ങൾ, രോഗീസഹായങ്ങൾ, അവയർനസ് ക്യാമ്പയിനുകൾ, സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാംസ്, ട്രെയിനിംഗ് കോഴ്സസ്, അഗ്രികൾച്ചർ ഡെവലപ്പ്മെന്റ്, ട്രൈബൽ ഡെവലപ്പ്മെന്റ് തുടങ്ങിയ വിവിധ മേഖലകളിൽ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഇടപെടുന്നു.

മാനസികവും ശാരീരികവും സാമ്പത്തികവുമായ ബുദ്ധിമുട്ട് അനുഭവിക്കുന്ന കുഞ്ഞുങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകിച്ച് സ്ത്രീകൾക്കും മാന്യമായ ജീവിത സാഹചര്യങ്ങൾ ഒരുക്കുന്നതിന് നിരവധി സ്ഥാപനങ്ങളിലൂടെ രൂപത ശ്രദ്ധ ചെലുത്തുന്നു. കുഞ്ഞുങ്ങൾക്ക് വേണ്ടിയുള്ള സ്പെഷ്യൽ സ്കൂൾ ആയ ആശ്വാസഭവൻ ചീക്കനാൽ, പ്രായമായ മാനസിക ബുദ്ധിമുട്ടുള്ള പുരുഷന്മാർക്കുവേണ്ടി ളാക്കൂരിൽ പ്രവർത്തിക്കുന്ന കാരുണ്യഭവൻ, പ്രായമായ സ്ത്രീകൾക്ക് വേണ്ടിയുള്ള പ്രത്യാശ ഭവൻ കാർമല, തുടങ്ങിയവ രൂപതയുടെ നേരിട്ടുള്ള നടത്തുന്ന സ്ഥാപനങ്ങളാണ് സീതത്തോട്ടിലും, കടമ്മനിട്ടയിലും, ചിറ്റാറിലുമുള്ള അഗതിമന്ദിരങ്ങൾ പ്രായമായ സ്ത്രീകൾക്കു വേണ്ടി ബഥനി സിസ്റ്റേഴ്സ് ഒരുക്കുന്ന സംവിധാനങ്ങളിൽ പെടുന്നു. വകയാറുള്ള ബാലഭവനും ബഥനി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിലുള്ള ശുശ്രൂഷയാണ്.

2018 ലെ പ്രളയകാലത്ത് ഭക്ഷണവും അവശ്യസാധനങ്ങളും എത്തിക്കുന്നതിനും റിലീഫ് വർക്കിന് നേതൃത്വം നൽകുന്നതിനും യുവജനങ്ങളുടെ പിന്തുണയോടെ 'അനുഗ്രഹ'ക്കു സാധിച്ചു. പിന്നീട് വന്ന കോവിഡ് മഹാമാരിയിൽ ട്രെയിനിങ് നേടിയ വൈദികരുടെയും യുവാക്കളുടെയും നേതൃത്വത്തിൽ 30 ലധികം ശവസംസ്കാരങ്ങൾ നടത്തപ്പെട്ടു. ഗവൺമെന്റിനോട് ചേർന്ന് ഇടുക്കിയിലെ കുമളി, വണ്ടിപ്പെരിയാർ പ്രദേശങ്ങളിലെ എച്ച്.ഐ.വി,



എയ്ഡ്സ് രോഗികൾക്ക് വേണ്ടി അനുഗ്രഹ സോഷ്യൽ സർവീസ് സൊസൈറ്റി ഇപ്പോളും സേവനം ചെയ്യുന്നു. തുമ്പമണ്ണിൽ ആരംഭിച്ച തേൻ കൃഷിയും, പ്രോസസ്സിംഗ് യൂണിറ്റും, പത്തനംതിട്ട സെന്റ് പീറ്റേഴ്സ് ജംഗ്ഷനിലെ പുതിയ ഔട്ട്ലെറ്റും ഈ സംവിധാനങ്ങളുടെ വിപുലീകരണത്തിൻറെ ഭാഗമാണ്. കഴിഞ്ഞ വർഷം ആരംഭിച്ച ഹോം പാലിയേറ്റീവ് യൂണിറ്റ് ശ്രദ്ധേയമായ ഒരു കാരുണ്യ ശുശ്രൂഷയാണ്.. കിടപ്പുരോഗികൾക്ക് ഭവനങ്ങളിൽ എത്തി ആവശ്യമായ ശുശ്രൂഷകൾ നൽകുന്ന ഈ ശുശ്രൂഷയ്ക്കു പരിശീലനം നേടിയ വോളന്റിയേഴ്സ്, ബഹുമാനപ്പെട്ട അച്ചന്മാരുടെ നേതൃത്വത്തിൽ പങ്കാളികളാകുന്നത്.

**പുനരൈക്യത്തിന്റെ പിള്ളത്തൊട്ടിൽ**

ദൈവം കൈയ്യൊപ്പ് ചാർത്തിയ ദൈവിക സാന്നിധ്യത്തിന്റെ കലവറയാണ് പത്തനംതിട്ട രൂപത. സമാനതകളില്ലാത്ത നിരവധി വിശേഷണങ്ങളാൽ അറിയപ്പെടുന്ന ഈ നാട് ലോകത്ത് ഏറ്റവുമധികം ശുദ്ധവായ ലഭിക്കുന്ന ഇടമാണ്.



പത്തനംതിട്ടയുടെ പകുതിയോളം വരുന്ന ഭൂപ്രദേശം വനമേഖലയാണ്. വിശുദ്ധ ബൈബിളിൽ നാം കാണുന്ന ദൈവത്തിന്റെ സ്വന്ത ജനം പാർക്കുന്ന ഇസ്രായേൽ എന്ന പോലെ ദൈവികസംരക്ഷണം അനുഭവിച്ചറിയുന്ന നാനാ ജാതി മതസ്ഥരായ അദ്ധ്വാനശീലരും ദൈവാശ്രയബോധമുള്ളവരുമായ ഒരു പിടി മനുഷ്യർ ഒരുമിച്ചു വസിക്കുന്ന സഭാവിശ്വാസത്തിന് വളക്കൂറുള്ള മണ്ണാണ് പത്തനംതിട്ട രൂപത. 'അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ദൈവത്തിന്റെ സഭ' എന്ന് പരിശുദ്ധ ജോൺപോൾ മാർപാപ്പ വിശേഷിപ്പിച്ച മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പിള്ളത്തൊട്ടിൽ പൂർവികർ ജീവൻ കൊടുത്ത് പോഷിപ്പിച്ചെടുത്ത ഈ ഭൂമിയാണെന്നതിൽ ഓരോ പത്തനംതിട്ടക്കാരനും അഭിമാനിക്കാം. മനസ്സിൽ ദൈവിചിന്തയും ചുണ്ടിൽ ശരണമന്ത്രങ്ങളും പേറിയെത്തുന്ന ഭക്തലക്ഷങ്ങൾക്ക് അനുഗ്രഹമാരി വാരിവിതറുന്ന ഈ പ്രദേശം മതമൈത്രിയുടെയും പ്രകൃതിസൗന്ദര്യത്തിന്റെയും ഇടമാണ്. ബഥനി മുണ്ടൻമലയും മാരാമണ്ണും ശബരിമലയും ചെറുകോൽപ്പുഴയും വാവരുപള്ളിയും ഒക്കെ കടന്നുവരുന്നവർക്ക് നൽകി അവരെ ഉന്മേഷവാന്മാരാക്കി പ്രത്യാശഭരിതമായ ജീവിതത്തിലേക്ക് നയിക്കുന്നു. ഈശോമിശിഹായുടെ ശ്ലൈഹിക പാരമ്പര്യം വിളിച്ചറിയിക്കുന്ന നിലയ്ക്കൽ പള്ളിയും മലമുകളിൽ തെളിഞ്ഞദീപം പോലെ മലങ്കര പാരമ്പര്യത്തെ വിളിച്ചറിയിക്കുന്ന ബഥനി കുരിശുമലയും എല്ലാം പത്തനംതിട്ട രൂപതയ്ക്ക് പത്തരമാറ്റ് നൽകുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം പുനരൈക്യത്തിന്റെ പിള്ളത്തൊട്ടിലാണ് പത്തനംതിട്ട. 1930-ന് മുമ്പു തന്നെ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ട വിശ്വാസസമൂഹങ്ങളും ഇവിടെയുണ്ട്. ഊർജ്ജസ്വലമായ വിശ്വാസവളർച്ചയുടെയും ക്രൈസ്തവസാക്ഷ്യത്തിന്റെയും സുവർണ്ണനാളുകളിലൂടെ മലങ്കര കത്തോലിക്കാസഭ ഇന്ന് കടന്നുപോകുമ്പോൾ പത്തനംതിട്ടയ്ക്ക് ഇത് അഭിമാനമുഹൂർത്തമാണ്.



2025 സെപ്റ്റംബറിൽ നടക്കുന്ന പുനരൈക്യആഘോഷങ്ങൾക്ക് ആതിഥേയത്വം വഹിക്കുന്നത് പത്തനംതിട്ട രൂപതയാണ്. 'ഇത് കർത്താവിന്റെ പ്രവൃത്തി ആണ്. ഇത് നമ്മുടെ ദൃഷ്ടിയിൽ വിസ്മയാവഹമായിരിക്കുന്നു. കർത്താവ് ഒരുക്കിയ ദിവസമാണിന്ന്. ഇന്ന് സന്തോഷിച്ചില്ലസിക്കാം' (സങ്കീ.118:23,24).

മലങ്കര സുറിയാനി കത്തോലിക്കാ സഭ ഒരു കുടുംബമായി ഒത്തുചേരുന്ന ഈ സന്ദർഭം കൃപാപൂർണ്ണമായ ആഘോഷത്തിന്റെയും സഭാത്മകമായ സാക്ഷ്യത്തിന്റെയും അവസരമാകട്ടെ.

ജയ് ജയ് പുനരൈക്യം.

www.malankaralibrary.com





# മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സ്വയംഭരണാവകാശം

**റവ. ഡോ. ഗീവർഗീസ് കുറ്റിയിൽ ഒ.ഐ.സി.**
സുപ്പീരിയർ ജനറൽ,
ബഥനി ആശ്രമം



ക്രിസ്തുശിഷ്യനായ മാർതോമ്മാ ശ്ലീഹായുടെ അപ്പസ്തോലിക പാരമ്പര്യത്തിൽ വളർന്നുവന്ന മാർതോമ്മാ ക്രിസ്ത്യാനികൾക്ക് 1653-ലെ കൂനൻകുരിശുസത്യം സാർവ്വത്രികസഭാകൂട്ടായ്മയിൽ നിന്നുള്ള ഒരു മുറിക്കപ്പെടലിന്റെയും വേർപിരിയലിന്റെയും കയ്പ്പുനിറഞ്ഞ അനുഭവമായിരുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ആരാധനാപാരമ്പര്യങ്ങളിലേക്ക് പോർച്ചുഗീസ് മിഷനറിമാർ ഉദയംപേരൂർ സൂനഹദോസിലൂടെ (1599) നടത്തിയ കടന്നുകയറ്റത്തെ ചെറുക്കുവാനുള്ള ഒരു പരിശ്രമം കൂടിയായിരുന്നു കൂനൻ കുരിശുസത്യം. പഴയകൂറ്റുകാരും പുതിയ കൂറ്റുകാരും എന്നുള്ള വിഭജനവും ഈ സംഭവത്തിന്റെ ബാക്കിപത്രമായി മാറി. പഴയകൂറ്റുകാർ അതായത്, ഇന്നത്തെ സീറോമലബാർ സഭാമക്കൾ തങ്ങളുടെ ആരാധനപാരമ്പര്യപൈതൃകത്തിൽ ഉറച്ചുനിൽക്കുകയും പോർച്ചുഗീസ് മിഷനറിമാരുടെ അധിനിവേശത്തെ പ്രതിരോധിക്കുകയും ചെയ്തുകൊണ്ട് മുന്നോട്ടു പോയി. മാത്രമല്ല, പരിശുദ്ധ റോമാസിംഹാസനത്തോടും വിശുദ്ധ പത്രോസിന്റെ പിൻഗാമിയായ മാർപാപ്പായോടുമുള്ള വിധേയത്വവും അനുസരണവും നഷ്ടപ്പെടുത്താതെ എന്നാൽ അതേസമയംതന്നെ തങ്ങളുടെ ആരാധനാപാരമ്പര്യങ്ങളുടെമേൽ ആരോപിക്കപ്പെട്ട ശീശ്മയെ ചെറുത്ത് തോൽപ്പിക്കുകയും ചെയ്തു.

എന്നാൽ പുതിയകൂറ്റുകാരുടെ തുടർന്നുള്ള ചരിത്രം തുടർച്ചയായ വിഭജനങ്ങളുടെ ചരിത്രമായി പരിണമിക്കുന്നു. മാർതോമ്മാശ്ലീഹായുടെ ശ്ലൈഹികപാരമ്പര്യം അവകാശപ്പെടുമ്പോഴും അതുവരെയും അനുവർത്തിച്ചുവന്ന ആരാധനാവിധികളിൽനിന്നുള്ള ഒരു വ്യതിചലനം ‘കൂനൻ കുരിശുസത്യ’ത്തിലൂടെ സംഭവിക്കുന്നു. 1665-ൽ അന്ത്യോക്യയിൽനിന്ന് മലങ്കരയിലെത്തിയ യാക്കോബായ മെത്രാൻ മാർ ഗ്രിഗോറിയോസിന്റെ വരവോടുകൂടിയാണ് ഈ മാറ്റം സംഭവിക്കുന്നത്. ആരാധനാപാരമ്പര്യങ്ങളിലുള്ള സമൂലമായ മാറ്റത്തോടൊപ്പം മറ്റ് അപ്പസ്തോലിക കൂട്ടായ്മകളോടും (Apostolic Sees) പ്രത്യേകിച്ച് വിശുദ്ധ പത്രോസിന്റെ സിംഹാസനമായ റോമി



Archbishop Mar Ivanios meeting Eminent Bishops during his foreign tour

നോടും വിശുദ്ധ പത്രോസിന്റെ പിൻഗാമികളായ മാർപാപ്പാമാരോടുമുള്ള കൂട്ടായ്മയും നഷ്ടപ്പെടുകയും വിഭജനത്തിന്റെ ഉണങ്ങാത്ത മുറിവിന്റെ വേദനയുമായി മുമ്പോട്ടു പോവുകയും ചെയ്തു. അതേസമയംതന്നെ, വിഭജനത്തിൽ മനംനൊന്ത് സഭാമക്കൾ പുനരൈക്യത്തിന്റെ പാതയിലേക്ക് വരുന്നതിന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നതും അതിനുള്ള പരിശ്രമങ്ങൾ നടത്തുന്നതും സഭാചരിത്രത്തിന്റെ ഏടുകളിൽ മായാതെ നിൽക്കുന്ന ചരിത്രരേഖകളാണ്. ഒന്നാം മാർതോമ്മാ മുതൽ ഏഴാം മാർതോമ്മാ വരെ ഈ നഷ്ടപ്പെട്ട കൂട്ടായ്മയിലേക്ക് തിരികെ വരുവാനുള്ള പരിശ്രമങ്ങൾ നടത്തുകയുണ്ടായി. പുത്തൻകൂറ്റുകാരുടെ ചരിത്രം വിഭജനത്തിന്റെ പര്യായമായി മാറുകയും മാത്രമല്ല, അതിനെ തുടർന്നുള്ള വഴക്കുകളും കോടതിവ്യവഹാരങ്ങളുമെല്ലാം പുത്തൻകൂർ സമുദായത്തെ ശിഥിലമാക്കുകയും ചെയ്തു.

ബ്രിട്ടീഷ് ഭരണകാലത്ത് നവീകരണാശയങ്ങളുമായി കേരളത്തിലെത്തിയ ആംഗ്ലിക്കൻ മിഷനറിമാർ പുത്തൻകൂർ വിഭാഗത്തിന്റെ തുടർവിഭജനത്തിന് ആക്കംകൂട്ടുകയുണ്ടായി. അവരുടെ സ്വാധീനവലയത്തിൽപ്പെട്ട് മാർതോമ്മാസഭ രൂപം കൊള്ളുന്നത് ഈ കാലഘട്ടത്തോടുചേർന്ന് നമ്മൾ കാണുന്നു. വി.പത്രോസിന്റെ അന്ത്യോക്യൻ സിംഹാസനത്തോട് വിധേയത്വം പ്രഖ്യാപിച്ചുകൊണ്ടും അന്ത്യോക്യൻ പാത്രിയർക്കീസിന്റെ കൈവയ്പ്പുവഴി മേൽപ്പട്ടക്കാരെ വാഴിച്ചുകൊണ്ടും മുന്നോട്ടുപോയ പുത്തൻകൂറ്റുകാർ പിന്നീട് അന്ത്യോക്യൻ പാത്രിയർക്കീസിന്റെ പരമാധികാരത്തെ ചോദ്യം ചെയ്യുന്നതും അതുവഴി മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിനെ മുടക്കുന്നതിന് അത് കാരണമായി തീരുന്നതും സഭാചരിത്രത്തിലെ വേറൊരു കറുത്ത അദ്ധ്യായമായി മാറുന്നതിന് അവസരമൊരുക്കി. 1912-ലെ കാതോലിക്കേറ്റ് സ്ഥാപനത്തോടെ ബാവാകക്ഷിയെന്നും മെത്രാൻകക്ഷിയെന്നുമുള്ള പേരുകൾ സ്വീകരിച്ച് രണ്ട് സഭകളായി മാറുകയും ഇരുസഭകൾ തമ്മിലുള്ള വ്യവഹാരം തുടർന്നുള്ള നാളുകളിൽ അതിന്റെ മൂർദ്ധന്യാവസ്ഥയിൽ എത്തുകയും ചെയ്തു.

**കാതോലിക്കേറ്റ് സ്ഥാപനം**

മലങ്കര സഭാചരിത്രത്തിലെ വലിയ ഒരു നാഴികക്കല്ലായി 1912-ലെ കാതോലിക്കേറ്റ് സ്ഥാപനത്തെ കാണുമ്പോഴും ഉണങ്ങാത്ത മുറിപ്പാടുകളുടെ സ്മാരകമായും അതിനെ വിശേഷിപ്പിക്കുവാൻ സാധിക്കും. മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിന്റെ മുടക്ക് നീക്കുന്നതിനും പുതിയ കാതോലിക്കായെ വാഴിക്കുന്നതിനുമായി മലങ്കരയിൽ എത്തിച്ചേർന്ന അന്ത്യോക്യയിലെ മുൻ പാത്രിയർക്കീസായിരുന്ന



പരിശുദ്ധ അബ്ദേദ് മിശിഹാ പാത്രിയാർക്കീസ് ബാവായുടെ പട്ടം നൽകുവാനുള്ള സാധുതയെ ചോദ്യം ചെയ്യുന്നവർക്ക് ന്യായമായും ഉത്തരം ലഭിക്കുവാൻ അവകാശമുണ്ട്. ചരിത്രത്തിന്റെ ഗതിവിഗതകളിൽ സംഭവിച്ച ഈ കാര്യങ്ങൾക്കൊക്കെ ഓരോ സഭയും അവരുടെ പൊതുധാരണയ്ക്കും സ്വത്വത്തിനും ഭംഗം വരാതെ

യുള്ള വ്യാഖ്യാനങ്ങൾ നൽകുവാൻ എല്ലാ കാലത്തും ശ്രദ്ധിച്ചിട്ടുണ്ട്.



മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപനത്തിന് വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായോടൊപ്പം നിന്ന് ഏറെ ത്യാഗം ഏറ്റെടുത്ത ബഥനിയുടെ ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ മറന്നുകൊണ്ട് ഈ കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ പിതൃത്വം ചർച്ച ചെയ്യുന്നതിനോ, അവകാശവാദങ്ങൾ ഉന്നയിക്കുന്നതിനോ ആർക്കെങ്കിലും സാധിക്കുമെന്ന് തോന്നുന്നില്ല.

1912-ലെ കാതോലിക്കേറ്റ് സ്ഥാപനത്തോടെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാകുമെന്ന് സ്വപ്നം കണ്ടവർക്ക് തീർത്തും നിരാശാജനകമായ നാളുകളാണ് തുടർന്ന് ഉണ്ടായത്. മാത്രമല്ല, ഇന്നും അതിന്റെ അലയടികൾ കെട്ടടങ്ങാതെ സഭാമക്കളെ തമ്മിൽ ഭിന്നിപ്പിക്കുകയും വിഭജനത്തിന്റെ ആഴങ്ങളിലേക്ക് കൊണ്ടുചെന്നെത്തിക്കുകയും ചെയ്തിരിക്കുന്നു. കാതോലിക്കേറ്റ് സ്ഥാപനത്തോടെ സഭയിൽ ഉണ്ടാകുമെന്നു കരുതിയ നന്മയെക്കാൾ അധികം, സഭാഗാത്രത്തിന് ലഭിച്ചത് തിക്താനുഭവങ്ങളാണ്. ഈ തിക്താനുഭവങ്ങളാണ് മാർ ഈവാനിയോസ് പിതാവിനെ വീണ്ടും വ്യത്യസ്തമായി ചിന്തിക്കുന്നതിന് പ്രേരിപ്പിച്ചത്. 1912 മുതലുള്ള യാക്കോബായ-ഓർത്തോക്സ് സുറിയാനി സഭകളുടെ നാൾവഴികൾ കലഹത്തിന്റെയും വ്യവഹാരത്തിന്റെയും പിടിച്ചടക്കലിന്റെയും കഥകളാണ് വിശ്വാസി സമൂഹത്തിന് സമ്മാനിച്ചത്. ഏതൊരു സഭാ വിശ്വാസിയെയും മാറിചിന്തിക്കുന്നതിനും സഭാചരിത്രം അല്പം കൂടി ആഴത്തിൽ പഠിക്കുന്നതിനും ഇത് കാരണമായിട്ടുണ്ട്. സെറാമ്പൂരിലേക്കുള്ള യാത്രയിൽ മാർ ഈവാനിയോസ് പിതാവിന് വാഗ്ദാനം ചെയ്യപ്പെട്ട ജോലിയും അതിനോടു ചേർന്ന് ഭൗതികമായി ചിന്തിച്ചാൽ മോഹിപ്പിക്കുന്ന ശമ്പളവും അതിനനുസരിച്ചുള്ള സാഹചര്യങ്ങളും വന്നുചേർന്നപ്പോഴും സഭയിലെ അനൈക്യവും മുറിവുകളും പിതാവിനെ ഏറെ വേദനിപ്പിച്ചു. പിന്നീട് ഈ മുറിവ് ഉണക്കുവാനുള്ള പ്രതിവിധിയെപ്പറ്റിയുള്ള ചിന്തകളായിരുന്നു പിതാവിനെ ഏറെ മഥിച്ചിരുന്നത്. ഇപ്രകാരം ദൈവിക വഴികളിൽനിന്ന് മാറിപ്പോയ മലങ്കര സഭയെ വിശുദ്ധീകരിക്കുവാനും ആത്മികമായി നവീകരിക്കുവാനുമുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് മാർ ഈവാനിയോസ് പിതാവ് സെറാമ്പൂർ വാസകാലത്തുവച്ചുതന്നെ സന്ന്യാസജീവിതത്തെക്കുറിച്ച് ചിന്തിക്കുന്നതും പിന്നീട് 1919-ൽ ബഥനി ആശ്രമത്തിന് രൂപം നൽകുന്നതും.



മാർ ഈവാനിയോസ് പിതാവിന് ഇന്നും ഒരു വിഭാഗം ആളുകൾ ചാർത്തിക്കൊടുക്കുന്ന 'ചതിയ'നെന്നും 'വഞ്ചക'നെന്നുമുള്ള വിശേഷണങ്ങൾ അവരുടെ സങ്കുചിതമായ ചിന്തകളിൽനിന്നും ഉടലെടുക്കുന്നതാണെന്ന് സ്വയം വിലയിരുത്തലിൽ വ്യക്തമാകും. അന്ത്യോക്യൻ പാത്രിയർക്കീസായിരുന്ന മാർ ഇഗ്നാത്തിയോസിനാൽ മുടക്കപ്പെട്ട വട്ടശ്ശേരിൽ മാർ ദിവന്നാ

സ്യോസിന്റെ മുടക്ക് മാറ്റുന്നതിനും പുതിയ കാതോലിക്കാബാവായെ വാഴിക്കുന്നതിനുമായി അന്ത്യോക്യയുടെ മുൻപാത്രിയർക്കീസായിരുന്ന അബ്ദേദ് മിശിഹാ പാത്രിയർക്കീസ് ബാവായെ മലങ്കരയിലേക്ക് കൊണ്ടുവരുന്നതിന് നെടുനായകത്വം വഹിച്ചത് വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിന്റെ വലംകൈയ്യായിരുന്ന ഫാ. പി.റ്റി ഗീവർഗീസ് (മാർ ഈവാനിയോസ്) ആയിരുന്നു. മലങ്കര മെത്രാപ്പോലീത്തായായി വീണ്ടും അവരോധിക്കപ്പെട്ട വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായോടും മലങ്കരയിലെ ആദ്യത്തെ കാതോലിക്കയായി തെരഞ്ഞെടുക്കപ്പെട്ട മോറാൻ മോർ ബസേലിയോസ് പൗലോസ് ഒന്നാമനോടും മറ്റ് സഭാപിതാക്കന്മാരോടുമായി മാർ ഈവാനിയോസ് പിതാവ് തന്റെ മേൽപ്പട്ടസ്ഥാന ശുശ്രൂഷയുടെ സമാപനത്തിൽ നടത്തപ്പെട്ട അനുമോദനയോഗത്തിൽവച്ച് പറഞ്ഞത് ഇപ്രകാരമാണ്: "നമ്മൾ അന്ത്യോക്യൻ പാത്രിയർക്കീസിനെ പൂർണമായി തള്ളിപ്പറയുന്ന ഒരു സഭാസമൂഹമല്ല. മറിച്ച്, പാത്രിയർക്കീസിന്റെ ആത്മീയാധികാരം ഏറ്റുപറയുകയും തുടർന്നുകൊണ്ടുപോവുകയും ചെയ്യുന്ന ഒരു സഭയായി തുടരണം. അന്ത്യോക്യൻ പാത്രിയർക്കീസുമായുള്ള ബന്ധം വി.പത്രോസിന്റെ ശ്ലൈഹിക സിംഹാസനത്തോടുള്ള ബന്ധമാണ്. വി.പത്രോസിന്റെ പിൻഗാമിയോടുള്ള ബന്ധമാണിത്. ആ ബന്ധത്തിന്റെ പൂർണത പ്രകടമാകുന്നത് റോമാസിംഹാസനത്തോടും വി.പത്രോസിന്റെ പിൻഗാമിയായ മാർപാപ്പായോടുമുള്ള ബന്ധത്തിലൂടെയാണ്." ഈ ചിന്തയാണ് പരി.കത്തോലിക്കാ സഭയുമായുള്ള പുനരൈക്യത്തിന് മാർ ഈവാനിയോസ് പിതാവിനെ പ്രേരിപ്പിക്കുന്നത്. മലങ്കര ഓർത്തഡോക്സ് സഭയിലെ പിതാക്കന്മാരോടുള്ള ഈ ചിന്തകളുടെ പങ്കുവെയ്ക്കലിലാണ് ഓർത്തഡോക്സ് സഭ മുഴുവനായും സാർവ്വത്രിക സഭാ കൂട്ടായ്മയിലേക്ക് പ്രവേശിക്കുന്നതിന് 1926-ൽ പരുമലയിൽവച്ചുകൂടിയ സൂനഹദോസ് തീരുമാനമെടുക്കുന്നത്. ദൗർഭാഗ്യകരമെന്ന് പറയട്ടെ, വട്ടിപ്പണക്കേസിൽ കോടതി വിധി ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായി വരികയും അതുകാരണം ദൈവികപദ്ധതിയിൽനിന്ന് മാറുന്നതിനും ഭൗതികനേട്ടങ്ങളുടെ പിന്നാലെ പോയി പുനരൈക്യമെന്ന ആശയത്തിൽനിന്നും തീരുമാനത്തിൽനിന്നും അവർ



പിന്മാറുന്നതിനും ഇടയായി. ഏതെങ്കിലും കോടതിയോ സർക്കാരോ എടുക്കുന്ന തീരുമാനത്തിനോ അവരുടെ വിധി തീർപ്പിനോ സഭയെ സമാധാന തീരത്ത് എത്തിക്കുവാൻ സാധ്യമല്ലായെന്ന് പിന്നീടിതുവരെയുള്ള ചരിത്രം തെളിയിച്ചിരിക്കുകയാണ്. ദൈവികവഴികളിലേക്കുള്ള തിരിച്ചുവരവ് പരിശുദ്ധാത്മ പ്രചോദനത്തിലൂടെ മാത്രമേ നടപ്പിലാവുകയുള്ളു എന്ന തിരിച്ചറിവിൽ ഭൗതികനേട്ടങ്ങൾക്കപ്പുറത്ത് ദൈവികപദ്ധതിയിൽ ആശ്രയിച്ച് മുന്നോട്ടുപോകുവാൻ വീണ്ടും പരിശുദ്ധാത്മാവ് തന്റെ സഭാമക്കളെ ക്ഷണിക്കുകയാണ്.

**സഭകളുടെ കൂട്ടായ്മയാണ് സഭ**

സഭകളുടെ കൂട്ടായ്മയാണ് സഭ (Church as Communion of Churches). ആദിമനൂറ്റാണ്ടുമുതൽ സഭകൾ പുലർത്തിപ്പോന്ന കൂട്ടായ്മയുടെ അനുഭവം നഷ്ടപ്പെടുകയും നഷ്ടപ്പെടുത്തുകയും ചെയ്ത സഭകൾ പിന്നീട് കൂട്ടായ്മ വീണ്ടെടുക്കുന്നത് സഭാചരിത്രത്തിലെ നിർണായകമായ നിമിഷങ്ങളായി രേഖപ്പെടുത്തിയിട്ടുണ്ട്. ഏതെങ്കിലും തരത്തിലുള്ളതായ കീഴ്പ്പെടലോ കീഴ്പ്പെടുത്തലോ ആയി ഈ കൂട്ടായ്മയെ വ്യാഖ്യാനിക്കേണ്ടതില്ല. മറിച്ച്, സഭകളുടെ കൂട്ടായ്മയിൽ അനുവർത്തിക്കേണ്ട സുവിശേ

ഷാധിഷ്ഠിതമായ സഭാശാസ്ത്രത്തിന്റെ (Ecclesiology) അടിസ്ഥാനഘടകങ്ങളാണ് ഇവയെല്ലാം. അപ്പസ്തോലന്മാരുടെ പിൻഗാമിത്വം (Succession) അവകാശപ്പെടുന്നവർക്ക് വി.പത്രോസിന്റെ പരമാധികാരവും (Primacy) വി.പത്രോസിന്റെ പിൻഗാമിത്വമുള്ള (Succession) റോമാസിംഹാസനത്തോടുള്ള വിധേയത്വവും തള്ളിപ്പറയാനാവില്ല. ഓരോ സഭകൾക്കുമുള്ള സ്വയംഭരണാവകാശത്തെ മാനിക്കുമ്പോഴും വിശ്വാസഗന്ധിയായ പരിശുദ്ധ പത്രോസിന്റെ സിംഹാസനവുമായിട്ടുള്ള കൂട്ടായ്മയുടെ ബന്ധം വിച്ഛേദിക്കപ്പെടാനാവുന്നതല്ല.

**മലങ്കരസഭകളുടെ പുനരൈക്യം**

അന്ത്യോക്യൻ ആരാധാക്രമം അതിന്റെ തനിമയിൽ സംരക്ഷിക്കുന്ന മൂന്ന് സഭകളും ഇന്ന് മൂന്ന് വ്യക്തിഗത സഭകളായിതന്നെയാണ് മുന്നോട്ടു പോകുന്നത്. പരി.കത്തോലിക്കാ സഭയിൽ വി.പത്രോസിന്റെ പിൻഗാമിയായ പരി.മാർപാപ്പായുമായി കൂട്ടായ്മയിലുള്ള മലങ്കര സുറിയാനി കത്തോലിക്കാസഭയും അന്ത്യോക്യൻ സിംഹാസനവുമായി കൂട്ടായ്മയിലുള്ളതും, പരി.പാത്രിയർക്കീസിന്റെ പരമാധികാരത്തെ സ്വീകരിക്കുകയും ചെയ്യുന്ന മലങ്കര സുറിയാനി യാക്കോബായ ഓർത്തഡോക്സ് സഭയും, അന്ത്യോക്യൻ ആരാധനാക്രമം മാത്രം സ്വീകരിച്ചുകൊണ്ട് എന്നാൽ പാത്രീയർക്കീസിന്റെ പരമാധികാരത്തെ നിഷേധിച്ചുകൊണ്ട് സ്വതന്ത്ര സഭയായും ഇന്ത്യൻ സഭയായും പ്രഖ്യാപിച്ചിരിക്കുന്ന മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുമാണ് ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇന്ന് സാർവ്വത്രിക കത്തോലിക്കാ സഭയിൽ ഇരുപത്തിനാല് വ്യക്തിഗത സഭകൾ പൂർണമായ കൂട്ടായ്മയിൽ (Total Communion) മുന്നോട്ടു പോകുന്നു. ഏകദേശം നൂറ്റി നാല്പത് കോടിയിലധികം കത്തോലിക്കാ വിശ്വാസികളാണ് ലോകം മുഴുവനും ഈ ഇരുപത്തിനാല് വ്യക്തിഗതസഭകളിലായി വ്യാപിച്ചു കിടക്കുന്നത്. കത്തോലിക്കാ സഭയുടെ പൂർണ്ണമായ കൂട്ടായ്മയിൽ ഉൾപ്പെടാത്ത ഓർത്തഡോക്സ് സഭകളും (Eastern Orthodox Churches) അതുപോലെ ആറ് ഓറിയന്റൽ ഓർത്തഡോക്സ് സഭകളുമായിട്ട് (Ancient Orthodox Churches) കത്തോലിക്കാ സഭ വളരെ അടുത്ത ഒരു ബന്ധം (Almost full Communion) കാത്തുസൂക്ഷിക്കുന്നു. വി.പത്രോസിന്റെ പിൻഗാമിയായ മാർപാപ്പായുടെ പരമാധികാരത്തെ (Primacy of Pope) കൂടി സ്വീകരിച്ചു കഴിഞ്ഞാൽ ഈ സഭകൾ തമ്മിൽ ഒരു സമ്പൂർണ്ണമായ കൂട്ടായ്മ (Total Communion) സാധ്യമാകും. ഇത് ഏതെങ്കിലും വ്യക്തിഗത സഭകളുടെ അധികാരാവകാശങ്ങളിന്മേലുള്ള കടന്നുകയറ്റമായിട്ടല്ല മറിച്ച് ദൈവികപദ്ധതിയിൽ രക്ഷാകരസംഭവത്തോട് ചേർന്ന് സഭയ്ക്ക് വെളിപ്പെടുത്തി കിട്ടിയിട്ടുള്ള വിശ്വാസ സത്യങ്ങളോട് ചേർന്നു നിൽക്കുന്നതിനുവേണ്ടിയാണ്. ഈ മേൽപറഞ്ഞ സഭകളുമായിട്ടെല്ലാം സമ്പൂർണ്ണമായ ഐക്യം ഉണ്ടാകുന്നതിന് കത്തോലിക്കാ സഭ തുടർച്ചയായ ഡയലോഗുകൾ നടത്തുന്നതിന് കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്. ഒരുമിച്ചുള്ള സാക്ഷ്യത്തിനായി ധാരാളം ധാരണകളും തീരുമാനങ്ങളും പ്രവൃത്തിപഥത്തിലെത്തിയിട്ടുണ്ട്. പള്ളികളും സെമിത്തേരികളും പങ്കുവയ്ക്കുന്നതിനും, വിവാഹ കൂദാശയുമായി ബന്ധപ്പെട്ടുള്ള ധാരണകളും (Agreements) ഇതിനോടകം ഉണ്ടായിട്ടുണ്ട്. ഇതിന്റെ ഭാഗമായി തന്നെ വിവിധ ഓർത്തഡോക്സ് സഭകളിൽപ്പെട്ട ധാരാളം ഓർത്തഡോക്സ് സഭാംഗങ്ങൾ റോമിലും കത്തോലിക്കാസഭയുടെ വിവിധ പഠനകേന്ദ്രങ്ങളിലും സ്കോളർഷിപ്പോടുകൂടി പഠിക്കുന്നതിനുമുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. ഇപ്പോഴത്തെ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കാതോലിക്കാബാവയും മറ്റ് അനേകം മെത്രാപ്പോലീത്താമാരും വൈദികരും ഇപ്രകാരം റോമിൽ പഠിക്കുവാൻ അവസരം ലഭിച്ചിട്ടുള്ളവരാണെന്നുള്ളതും അഭിമാനത്തോടെ കാണുന്നു. സഭകളെ കൂടുതൽ അടുത്തറിയുവാനും പഠിക്കുവാനും കൂട്ടായ്മയുടെ സാക്ഷ്യം നൽകുന്നതിനുംവേണ്ടിയാണ് കത്തോലിക്കാസഭ ഇപ്രകാരമുള്ള ക്രമീകരണങ്ങൾ ചെയ്തിരിക്കുന്നത്.

മേലുദ്ധരിച്ച കൂട്ടായ്മയുടെ നല്ല ഫലങ്ങളിൽ നമ്മൾ ജീവിക്കുമ്പോൾ, പരസ്പരം പഴിചാരുകയും കൂട്ടായ്മയുടെ ചൈതന്യം നഷ്ടപ്പെടുമാറ് പ്രസ്താവനകൾ ഇറക്കുകയും ചെയ്യുന്നത് ആർക്കും ഭൂഷണമല്ല. ചില താൽക്കാലിക നേട്ടങ്ങൾക്കുവേണ്ടിയോ, സ്വാർത്ഥ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയോ, സഹോദരി സഭകൾ തമ്മിൽ ചെളിവാരിയെറിയുന്ന പ്രവണത അപലപിക്കേണ്ടതും

തുടർന്ന് ഉണ്ടാകുവാൻ പാടില്ലാത്തതുമാണ്. ചരിത്രത്തിന്റെ പിന്നാമ്പുറങ്ങളിൽ നിൽക്കുന്നവരല്ല നമ്മൾ, മറിച്ച് നമ്മൾ ഓരോരുത്തരും നമ്മുടെ സഭകളുടെ ചരിത്രത്തിലും പാരമ്പര്യത്തിലും ഊറ്റംകൊള്ളുന്നവരാണ്. മാർതോമ്മാശ്ലീഹായുടെ പൈതൃകം നമുക്കെല്ലാവർക്കും ഒരേപോലെ അവകാശപ്പെട്ടതാണ്. അത് ആരുടെയെങ്കിലും കുത്തകയാണെന്നുള്ളത് (Monopoly) പൊള്ളയായ അവകാശവാദമാണ്. തിരിഞ്ഞുനോക്കുമ്പോൾ സംഭവിക്കുവാൻ പാടില്ലാത്തതൊക്കെ ചരിത്രത്തിൽ സംഭവിച്ചിട്ടുണ്ടാകാം. അന്നത്തെ ചരിത്രത്തെ ഇന്നിന്റെ മാനദണ്ഡങ്ങൾകൊണ്ട് കൃത്യമായി നമുക്ക് വിലയിരുത്താനുമാവില്ല. സത്യത്തെ വികലമാക്കുവാനോ വളച്ചൊടിക്കുവാനോ നമ്മളാരും പരിശ്രമിക്കരുത്. തെറ്റുകൾ അംഗീകരിക്കുന്നവരും തെറ്റുതിരുത്തി ക്രിസ്തുവിന്റെ സഭയെ 'ഏകതൊഴുത്തും ഏക ഇടയനും' എന്ന സ്വപ്നസാക്ഷാത്കാരത്തിലേക്ക് നയിക്കേണ്ടവരുമാണ് നമ്മൾ. അതിനു വിപരീതമായി എല്ലാത്തിന്റെയും മൊത്തവ്യാപാരികളായി ആരെങ്കിലും മാറിയാൽ അവർ ഈ പൊതുസമൂഹത്തിൽ സ്വയം ഇളിഭ്യരായി തീരുമെന്നുള്ളതിന് സംശയമില്ല. എല്ലാവരെയും ചേർത്തുനിർത്തി സ്നേഹത്തിൽ സ്ഥിരപ്പെട്ട് ഐക്യത്തിന്റെ സന്ദേശവാഹകരായി മാറുവാനുള്ള വലിയ ഉത്തരവാദിത്വമാണ് ഇന്ന് സഭകൾക്ക് നൽകപ്പെട്ടിട്ടുള്ളത്.

റോമിലെ വി.പത്രോസിന്റെ സിംഹാസനവും വി.പത്രോസിന്റെ പിൻഗാമിയായ മാർപാപ്പായുമായുള്ള മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ബന്ധവും അന്ത്യോക്യൻ സിംഹാസനവുമായിട്ടുള്ള മലങ്കര യാക്കാബോയ ഓർത്തഡോക്സ് സഭകളുടെ ബന്ധവും അതോടൊപ്പം ഈ സഭകളെല്ലാം അന്ത്യോക്യൻ ആരാധനക്രമം അതിന്റെ പൂർണതയിൽ അനുഷ്ഠിക്കുന്നുവെന്നുള്ളതും പൂർണമായ കൂട്ടായ്മയിൽ (Total Communion) എത്തിച്ചേരുവാനുള്ള അനുകൂലമായ സാഹചര്യങ്ങളും ഘടകങ്ങളുമാണ്.

അന്ത്യോക്യൻ ആരാധനക്രമം പാലിക്കുന്ന മാർത്തോമ്മാ സഭയും മലങ്കരസഭകളുടെ ഈ കൂട്ടായ്മകളോട് ചേർന്നു നിൽക്കേണ്ടവരാണ്. "മാർതോമ്മാ സഭയുടെ രൂപീകരണത്തിനും അതുവഴി മലങ്കര സഭയുടെ പിളർപ്പിനും



കാരണക്കാർ മലങ്കര സഭയാണെന്നും ഇത് ദൈവതിരുമുമ്പാകെ കുറ്റകരമാണെന്നും" മാർ ഈവാനിയോസ് പിതാവ് പറഞ്ഞിട്ടുള്ളത് ഇത്തരുണത്തിൽ പ്രസക്തമാവുകയാണ്: "കേരളീയ സുറിയാനിക്കാരിൽ ഭൂരിപക്ഷജനങ്ങളും സർവ്വലോകവ്യാപകത്വമുള്ള റോമൻ കത്തോലിക്കാ സഭയിൽ ഉൾപ്പെട്ടു നിൽക്കുന്നവരാണ്." കത്തോലിക്കാ സഭയുടെ സാർവ്വത്രിക ഭാവത്തെ എടുത്തു പറയുന്ന പിതാവ് ഈ സാർവ്വത്രിക കൂട്ടായ്മയിലേക്ക് എല്ലാ സഭകളും ചേർന്നുനിൽക്കണമെന്ന് ആഗ്രഹിക്കുന്നു. ഏതെങ്കിലും ഒന്നോ രണ്ടോ സഭകൾ തമ്മിലുള്ള പുനരൈക്യമല്ല മറിച്ച്, 'സർവ്വലോക പുനരൈക്യ'മാണ് മാർ ഈവാനിയോസ് പിതാവ് സ്വപ്നംകണ്ട പുനരൈക്യം. ഇത് സാധിതമാകണമെങ്കിൽ പരിശുദ്ധാത്മാവിന്റെ ഇടപെടലുകൾക്ക് ചെവി കൊടുക്കണം. ലാഭനഷ്ടങ്ങളുടെ കണക്കുകൾ കൂട്ടിയെടുത്ത് ഉണ്ടാക്കിയെടുക്കേണ്ടതല്ല ഈ 'സാർവ്വലോക പുനരൈക്യം'. മറിച്ച് പരിശുദ്ധാത്മ പ്രചോദനത്തിനനുസരിച്ച് സഭാമക്കൾ പ്രത്യുത്തരം നൽകുമ്പോൾ ലഭിക്കുന്ന ദൈവികദാനമാണ്.

**കൂട്ടായ്മയുടെ സാക്ഷ്യം കാലഘട്ടത്തിന്റെ അനിവാര്യത**

ഈ അടുത്ത നാളുകളോട് ചേർന്ന് ഉണ്ടായിട്ടുള്ള ചില സംഭവങ്ങൾ നമുക്ക് ഏറെ സന്തോഷവും അഭിമാനവും നൽകുന്നതാണ്. ആകമാന സുറിയാനി യാക്കോബായ സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം രണ്ടാമൻ പാത്രിയർക്കീസ് ബാവായുടെ ഭാരതസന്ദർശന വേളയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആതിഥേയത്വത്തിൽ അനന്തപുരിയിൽ അദ്ദേഹത്തിന് നൽകിയ പൗരസ്വീകരണം ഏറെ അഭിനന്ദനാർഹമായിരുന്നു. എല്ലാ സഭകളിൽപ്പെട്ടവരും അതുപോലെ വ്യത്യസ്ത രാഷ്ട്രീയ സാമുദായിക



നേതാക്കന്മാരും പങ്കെടുത്ത സ്വീകരണം ഒരു വലിയ കൂട്ടായ്മയുടെ നേർക്കാഴ്ചയായിരുന്നു. കൂടാതെ, മാർത്തോമ്മാ സഭയുടെ ഏഴ് മെത്രാപ്പോലീത്താമാർ സഭയുടെ സഫ്രഗൻ മെത്രാപ്പോലീത്തായായ അഭിവന്ദ്യ ജോസഫ് മാർ ബർണബാസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ റോം സന്ദർശിച്ച് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പായുമായി കൂടിക്കാഴ്ച നടത്തിയതും മലങ്കര മക്കൾക്ക് ഒരു നൂതനാനുഭവമായിരുന്നു. അതുപോലെ മലങ്കര യാക്കോബായ ഓർത്തഡോക്സ് സഭയുടെ ശ്രേഷ്ഠകാതോലിക്കാബാവായായി തെരഞ്ഞെടുക്കപ്പെട്ട ബസേലിയോസ് മാർ ജോസഫ് മെത്രാപ്പോലീത്തായുടെ അഭിഷേകശുശ്രൂഷ ലബനനിൽവച്ചു നടന്നപ്പോൾ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ ബസേലിയോസ് മാർ ക്ലീമീസ് കാതോലിക്കാ ബാവായും, മാർത്തോമ്മാ സഭയുടെ സഫ്രഗൻ മെത്രാപ്പോലീത്താ അഭിവന്ദ്യ ജോസഫ് ബർണബാസ് പിതാവും പങ്കെടുത്തത് മലങ്കരയിലെ ഒരേ ആരാധനാ പൈതൃകം പങ്കിടുന്ന സഭകളുടെ കൂട്ടായ്മയുടെ വലിയ സാക്ഷ്യമായിരുന്നു.

കൂട്ടായ്മയുടെ സാക്ഷ്യം ഈ കാലഘട്ടത്തോടു ചേർന്ന് ഇപ്രകാരം നൽകപ്പെടുമ്പോൾ ഓരോ ക്രൈസ്തവനും ഏറെ അഭിമാനം കൊള്ളുന്നു. ഈ കാലഘട്ടത്തിൽ ക്രൈസ്തവ സമൂഹം ഒരുമിച്ച് നിന്ന് ക്രിസ്തീയ സഭയ്ക്ക് ഭീഷണിയുണർത്തുന്ന വർഗീയ സംഘടനകളെ നേരിടേണ്ടത് ഒരു അനിവാര്യതയായി മാറിയിരിക്കുകയാണ്. അനാവശ്യമായ വാദപ്രതിവാദങ്ങൾ ഉയർത്തി സഭയുടെയും പൊതുസമൂഹത്തിന്റെയും സമാധാനവും സന്തോഷവും നഷ്ടപ്പെടാതിരിക്കുവാൻ സഭാമക്കളായ നമ്മൾ ഏറെ ജാഗ്രത പുലർത്തണം. അടുത്ത തലമുറയിലേക്ക് അസമാധാനത്തിന്റെയും ഭിന്നിപ്പിന്റെയും വിത്താണ് നമ്മൾ വിതയ്ക്കുന്നതെങ്കിൽ വരാനിരിക്കുന്ന തലമുറ നമ്മെ കുറ്റം വിധിക്കും. മാർ ഈവാനിയോസ് പിതാവിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്: "നമ്മുടെ ഈ തലമുറയിൽ മലങ്കര സുറിയാനി സമുദായം രണ്ടായി ഭിന്നിച്ച് പോകുവാൻ നമ്മൾ അനുവദിക്കരുത്. പിരിച്ചിലിനെ തടയുവാനും പരസ്പരം സ്നേഹം വർദ്ധിപ്പിപ്പാനുംവേണ്ടി ക്രിസ്തീ

യമായി എന്തെല്ലാം ശ്രമങ്ങൾ ചെയ്യുന്നതിന് നമ്മെക്കൊണ്ട് കഴിയുമോ അതെല്ലാം നാം ചെയ്യണം. എത്രത്തോളം ക്ഷമിക്കുകയും സഹിക്കുകയും ചെയ്യണമോ അത്രത്തോളം സഹിപ്പാനും ക്ഷമിപ്പാനും നമ്മൾ തയ്യാറാകണം.'' മലങ്കര മക്കളായ നമ്മൾ ശത്രുക്കളാകരുത് മറിച്ച് ഒരേ പൈതൃകവും പാരമ്പര്യവും പങ്കിടുന്നവരാണെന്നുമുള്ള ബോദ്ധ്യം എപ്പോഴും നമുക്കുണ്ടാകണം. ഏതു സാഹചര്യത്തിലും വസ്തു



നിഷ്ഠമായി കാര്യങ്ങൾ പഠിച്ച് അവധാനതയോടെ ക്രൈസ്തവോചിതമായി പ്രശ്നങ്ങൾ പരിഹരിക്കുവാൻ നമുക്ക് സാധിക്കണം. അഹങ്കാരത്തിന്റെയും ധാർഷ്ഠ്യത്തിന്റെയും ഭാഷ നമുക്ക് ചേർന്നതല്ല. സ്നേഹത്തിന്റെ ഭാഷയാണ് നമ്മുടെ ക്രിസ്തുനാഥൻ നമ്മെ പഠിപ്പിച്ചത്. അതിൽനിന്ന് വ്യത്യസ്തമായിട്ടുള്ള മനോഭാവങ്ങളും വ്യാഖ്യാനങ്ങളും നമ്മൾ ഉപേക്ഷിക്കണം. സഹോദരിസഭയെ ഞാൻ ഇകഴ്ത്തുമ്പോൾ 'എന്റെ രക്തത്തിൽനിന്നുള്ള രക്തവും മാംസത്തിൽനിന്നുള്ള മാംസവു'മായ എന്റെതന്നെ സഹോദരിസഹോദരന്മാരെയാണ് ഞാൻ മോശമാക്കുന്നതും ചെറുതാക്കുന്നതും എന്ന് നമ്മൾ തിരിച്ചറിയണം. നമ്മുടെ അംഗത്വം വിവിധ സഭകളിലാണെങ്കിലും പരസ്പരം ഇഴപിണഞ്ഞു കിടക്കുന്ന കുടുംബബന്ധങ്ങളാണ് നമുക്കോരോരുത്തർക്കും ഉള്ളത്. ഈ ബന്ധത്തെ ഒന്നും അറുത്തുമാറ്റാവുന്നതല്ല. മറിച്ച് ഈ ബന്ധം ഒരു പൊക്കിൾക്കൊടി ബന്ധം പോലെ പരിശുദ്ധമാണ്. ക്ഷമയും വിനയവും വിട്ടുവീഴ്ചയും ക്രിസ്തീയ മൂല്യങ്ങളായി നമ്മൾ കരുതുന്നുവെങ്കിൽ അവയെ നമുക്ക് മുറുകെപ്പിടിക്കാം. പൊതുസമൂഹത്തിൽ ഇനിയും നമ്മൾ അപഹാസിതരാകുവാൻ അവസരം ഒരുക്കരുത്. ഇപ്പോൾ തന്നെ വിവിധ സഭാസമൂഹത്തിൽപ്പെട്ടവരായ ക്രൈസ്തവരുടെ ഇടയിലുള്ള അനൈക്യം ഏറെ പ്രകടമാണ്. ഇനിയും നമുക്ക് ലജ്ജിച്ച് തലതാഴ്ത്തുവാനാകുന്നില്ലേ? കോടതി വിധിയിലൂടെ ജയിച്ചാലും മനുഷ്യ ഹൃദയങ്ങളിലും ദൈവത്തിന്റെ കോടതിയിലും സ്ഥാനം പിടിക്കുന്നില്ലായെങ്കിൽ എന്ത് നേട്ടം? നമ്മെ ഭിന്നിപ്പിക്കാൻ ശ്രമിക്കുന്നവരുടെ കുത്സിതശ്രമങ്ങളെ ഇനിയും നമ്മൾ തിരിച്ചറിഞ്ഞിട്ടില്ലായെന്ന് സമ്മതിക്കേണ്ടതായി വരും.

**മലങ്കര സുറിയാനി കത്തോലിക്കാ സഭയും കാതോലിക്കാ പദവിയും**

'ഞാൻ ഒരു മലങ്കര സുറിയാനി കത്തോലിക്കനായിരിക്കുന്നതിൽ അഭിമാനിക്കുന്നു' എന്നു പറഞ്ഞ ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ വാക്കുകൾ എത്രയോ വിലപ്പെട്ടതാണ്! പരിശുദ്ധാത്മ പ്രചോദനത്താൽ വന്ദ്യ പിതാവ് എടുത്തുവെച്ച പാദങ്ങൾ, പരിശുദ്ധ പിതാവിന്റെ തീരുമാനങ്ങൾ എത്രയോ ശരിയായിരുന്നുവെന്ന് നാളുകൾ പിന്നിടുമ്പോഴും കൂടുതൽ തെളിയിക്കപ്പെടുകയാണ്. ഒരു ചെറിയ സഭാസമൂഹമായ മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് ഏൽക്കേണ്ടിവന്ന ആക്ഷേപങ്ങളുടെയും പരിഹാസങ്ങളുടെയും മുമ്പിൽ നമ്മൾ തളർന്നു പോകുവാൻ ദൈവം അനുവദിച്ചില്ല. നമ്മുടെ സഭയെ 'അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ഒരു വ്യക്തിഗത സഭയായി' ആഗോളകത്തോലിക്കാ സഭയിലും ലോകത്തിന്റെയും മുമ്പിലും ദൈവം എടുത്തുയർത്തിയിരിക്കുകയാണ്.

1930-ലെ പുനരൈക്യത്തോടുകൂടി 1932-ൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഹയരാർക്കി സ്ഥാപിതമായി. ആ അവസരത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ

കാനോനികമായ സ്ഥാനം ഒരു മെത്രാപ്പോലീത്തൻ സഭയായിട്ട് (Metropolitan Church) ആയിരുന്നു. തുടർന്ന് 1990-ൽ പൗരസ്ത്യ സഭകൾക്കായി നൽകപ്പെട്ട കാനൻ നിയമമനുസരിച്ച്, മലങ്കര സുറിയാനി കത്തോലിക്കാ സഭയെ 2005-ൽ ഒരു പാത്രിയർക്കൽ സഭയ്ക്ക് തുല്യമായിട്ടുള്ള മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ പദവിയിലേക്കും, സഭയുടെ അദ്ധ്യക്ഷനെ മേജർ ആർച്ച് ബിഷപ്പെന്നുമുള്ള കാനോനികമായ പേരോടുകൂടെ ഉയർത്തുകയും ചെയ്തു. മാർ ഈവാനിയോസ് പിതാവിന്റെ സ്വപ്നമായിരുന്ന 'സാർവ്വത്രിക പുനരൈക്യ'ത്തിലൂടെ സാർവ്വത്രിക കത്തോലിക്കാ സഭയിൽ മലങ്കര സഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന കാതോലിക്കേറ്റും കാതോലിക്കാസ്ഥാനവും, 2005-ാം ആണ്ടിൽ വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പായിലൂടെ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് ലഭിച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് ലഭിച്ച ഈ ദൈവികദാനങ്ങളുടെ മുമ്പിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭാമക്കൾ കൂടുതൽ വിനയാന്വിതരാകുകയാണ് ചെയ്തത്. എന്നാൽ ഈ സഭയുടെ വളർച്ചയിൽ അസ്വസ്ഥരാവുകയും ആക്ഷേപങ്ങളും പരിഹാസങ്ങളും ചൊരിയുകയും ചെയ്തവർ ഇപ്പോൾ സ്വയം അപഹാസിതരായി മാറിയിരിക്കുന്നു. ഇവർക്ക് മറുപടിയായി, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രഥമ കാതോലിക്കാ ബാവയായി അവരോധിക്കപ്പെട്ട മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവായുടെ വാക്കുകൾ ഇപ്രകാരമാണ്: "വിരലിലെണ്ണാവുന്ന ഏതാനും ചിലർ ബഹളമുണ്ടാക്കുമ്പോഴും 140 കോടിയിലധികം വിശ്വാസികളുള്ള സാർവത്രിക കത്തോലിക്കാ സഭാകൂട്ടായ്മയിലുള്ള ഒരു വ്യക്തിഗത സഭയാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭ." ഇനിയും അടുത്ത പ്രശ്നം 'കാതോലിക്കാ ബാവ' എന്ന പദവി എവിടെനിന്ന് കിട്ടി, ആര് തന്നു, അതോ സ്വയം പ്രഖ്യാപിതമാണോ എന്നുള്ളതാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തപ്പെട്ടപ്പോൾ ഇപ്രകാരം ഒരു പദവി റോമിൽനിന്ന് നൽകിയിട്ടില്ല എന്ന ആക്ഷേപവും പല സമയങ്ങളിലായി വിവിധ കോണുകളിൽനിന്ന് കേൾക്കുവാനിടയായിട്ടുണ്ട്.



## പാത്രിയാർക്കൽ പദവിയിലേക്ക്

മേൽസൂചിപ്പിച്ചതുപോലെ മലങ്കര സുറിയാനി കത്തോലിക്കാ സഭ സ്വയം ഭരണാധികാരമുള്ള പാത്രിയാർക്കൽ സഭയ്ക്ക് സമാനമായ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തപ്പെട്ടപ്പോൾ സഭയുടെ അദ്ധ്യക്ഷനെ പൗരസ്ത്യ സഭകളുടെ നിയമമനുസരിച്ച് (Code of Canons of Oriental Catholic Churches) മേജർ ആർച്ച് ബിഷപ്പായും, അതേസമയം മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വ്യക്തിഗത നിയമമനുസരിച്ച് (Particular laws) കാതോലിക്കയായും പ്രഖ്യാപിച്ചുകൊണ്ടാണ് സ്ഥാനാരോഹണ ചടങ്ങുകൾ പരിശുദ്ധ മാർപാപ്പായുടെ പ്രതിനിധിയും പൗരസ്ത്യ സഭകളുടെ പ്രീഫെക്ടും ആയിരുന്ന പരിശുദ്ധ ഇഗ്നേഷ്യസ് മൂസാ ദാവൂദ് പാത്രിയർക്കീസിന്റെ പ്രധാന കാർമികത്വത്തിലും, കത്തോലിക്കാ സഭയിലെ വിവിധ വ്യക്തിഗത സഭകളിലെ അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിദ്ധ്യത്തിലുമായി നടന്നത്. പൗരസ്ത്യ സഭകൾക്കായി നൽകപ്പെട്ടിട്ടുള്ള നിയമത്തിൽ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ തലവനെ മേജർ ആർച്ച് ബിഷപ്പ് എന്നാണ് വിളിക്കുന്നത്. അതേസമയംതന്നെ ഓരോ വ്യക്തിഗതസഭകൾക്കും (Church *sui iuris*)

അതാത് സഭകളുടെ വിശ്വാസ ആരാധനാ പാരമ്പര്യങ്ങളോടു ചേർന്ന് നൽകപ്പെട്ടിട്ടുള്ള വ്യക്തിഗത നിയമങ്ങൾക്ക് (Particular laws) രൂപം നൽകുന്നതിനുള്ളതായ സാദ്ധ്യതയും അവകാശവും ഈ പൊതുനിയമത്തിൽ (CCEO) നൽകിയിട്ടുണ്ട്. ഇപ്രകാരം മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സൂനഹദോസ് തയ്യാറാക്കുകയും പരിശുദ്ധ മാർപാപ്പാ അംഗീകാരം നൽകുകയും ചെയ്ത (Dicastery for the Eastern Churches) മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വ്യക്തിഗതനിയമങ്ങളനുസരിച്ച് (Particular laws) മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനെ 'മേജർ ആർച്ച് ബിഷപ്പ് കാതോലിക്കോസ്' ആയിട്ടാണ് സ്ഥിരീകരിച്ചിട്ടുള്ളത്. മലങ്കര സുറിയാനി പാരമ്പര്യത്തിൽ മേജർ ആർച്ചുബിഷപ്പിനോട് ചേർന്ന് നിൽക്കുന്ന പദവി (Title) 'കാതോലിക്കോസ്' എന്നായതുകൊണ്ടാണ് മേജർ ആർച്ചുബിഷപ്പിനോടുകൂടി കാതോലിക്കോസ് എന്ന പദവികൂടി ചേർത്ത് നൽകിയത്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അദ്ധ്യക്ഷന് കാതോലിക്കോസ് എന്ന പദവി ചേരുന്നതല്ലായെന്ന് സഭയുടെ പുറത്തുള്ളവർക്ക് ആർക്കെങ്കിലും തുടർന്നും തോന്നുന്നുവെങ്കിൽ ഇനിയും അവർ മറുപടി അർഹിക്കുന്നില്ല. കാരണം അപ്രകാരമുള്ളവർ അറിവില്ലാത്തതുകൊണ്ടല്ല മറിച്ച് അജ്ഞത നടിക്കുന്നവരും ഉദ്ദേശ്യശുദ്ധി ഇല്ലാത്തവരുമായതുകൊണ്ടാണ്. മാത്രമല്ല, മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്കെതിരെ നിരന്തരമായി ആക്ഷേപം ഉന്നയിക്കുന്നവർ ഇന്ന് അവർ വന്നെത്തി നിൽക്കുന്ന പരിതാപകരമായ അവസ്ഥയെപ്പറ്റി സ്വയം ബോധ്യമില്ലാത്തതുകൊണ്ടും കൂടിയാണ്. സ്വത്വം നഷ്ടപ്പെട്ട് സമൂഹമദ്ധ്യത്തിൽ ഇളിഭ്യരായി തീരുന്നത് ഇനിയും തിരിച്ചറിയാൻ കഴിയാതെ പോകുന്നത് ആശ്ചര്യജനകംതന്നെ.

പുനരൈക്യത്തിന്റെ ആദ്യനാളുമുതൽ ഇന്നുവരെയും നമ്മുടെ സഭയെ ദൈവം തന്റെ ഹൃദയത്തോടു ചേർത്തുവച്ച് ഓരോ സമയത്തും ഈ സഭയെ നയിക്കുവാനായി തനിക്കിഷ്ടപ്പെട്ട ഇടയന്മാരെ നൽകി അനുഗ്രഹിച്ചു. ഇന്ന് ആഗോളകത്തോലിക്കാ സഭയിലെ ഇരുപത്തിനാല് വ്യക്തിഗത സഭകളിൽ പാത്രിയർക്കൽസഭയ്ക്ക് സമാനമായ അധികാരാവകാശങ്ങളുള്ള മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി മലങ്കര സുറിയാനി കത്തോലിക്കാ സഭ ഉയർത്തപ്പെടുന്നതിനും, ക്രിസ്തുവിന്റെ മൗതികശരീരമായ സഭയായി സാക്ഷ്യം നൽകുവാൻ സാധിക്കുന്നതും ദൈവത്തിന്റെ കയ്യൊപ്പ് ഈ സഭയ്ക്ക് നൽകപ്പെട്ടിട്ടുള്ളതുകൊണ്ടാണ്. ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ സ്വപ്നമായ മലങ്കര സഭകളുടെ പുനരൈക്യം സാധിതമാകുന്നതിനും അതുവഴി സാർവ്വത്രിക സഭയിൽ ഒരു പാത്രിയാർക്കൽ സഭയായി മലങ്കര സഭ മാറുന്നതിനും ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ സ്വർഗീയ മാധ്യസ്ഥവും മലങ്കര മക്കളുടെ പ്രാർത്ഥനയും സഹായകമാകട്ടെ.



**Archbishop Mar Ivanios with Bishops, Priests and Deacons at the Vatican Palace immediately after receiving the Sacred Palium from His Holiness Pope Pius XI**

www.malankaralibrary.com




# പുനരൈക്യം മലങ്കരയുടെ ആത്മീയ വസന്തം

**റവ. ഡോ. മാത്യു ചാർത്താക്കുഴിയിൽ**

രണ്ടു സഹസ്രാബ്ദങ്ങളുടെ ക്രിസ്തീയ പാരമ്പര്യം അവകാശപ്പെടാനാവുന്ന ചുരുക്കം ചില പുണ്യപുരാതന സഭകളിലൊന്നാണ് ഭാരതത്തിലെ മാർത്തോമാ ക്രിസ്ത്യാനികൾ. എന്നാൽ ഇന്ന് ഈ സഭ വ്യത്യസ്ത വിഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നത് സുവിശേഷ സാക്ഷ്യത്തിന് വലിയ വെല്ലുവിളിയാണ്. ഐക്യമില്ലായ്മ സഭയുടെ സുവിശേഷ സാക്ഷ്യത്തെ മാത്രമല്ല വളർച്ചയെയും ദുർബലപ്പെടുത്തിയിട്ടുണ്ട്. "എല്ലാവരും ഒന്നാകുന്നതിനായി" (യോഹന്നാൻ 17:21) ക്രിസ്തു നടത്തിയ പ്രാർത്ഥന യാഥാർത്ഥ്യമാകുമ്പോൾ മാത്രമേ മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമായി മാറാൻ സാധിക്കൂ. സഭകളുടെ ഐക്യത്തിനായി നിരന്തരം പരിശ്രമിച്ചുകൊണ്ടാണ് മലങ്കര കത്തോലിക്കാ സഭ അവളുടെ വിളിയും പ്രസക്തിയും ഇന്നത്തെ ലോകത്തിൽ വെളിവാക്കുന്നത്. ധന്യൻ മാർ ഇവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ 1930-ൽ നടന്ന പുനരൈക്യം ക്രിസ്തുവിന്റെ എല്ലാവരും ഒന്നാകാനുള്ള പ്രാർത്ഥനയ്ക്കുള്ള പ്രത്യുത്തരവും ആയിരുന്നു.

പുനരൈക്യത്തിന്റെ ആത്മീയ അർത്ഥം മനസ്സിലാകണമെങ്കിൽ ഇവാനിയോസ് പിതാവിന്റെ ഉൾക്കാഴ്ചയും സഭാ ദർശനവും ആത്മീയ ബോധ്യങ്ങളും പഠനവിധേയമാക്കണം. ക്രിസ്തുവിന്റെ മൗദീക ശരീരമായ ആഗോളസഭയുടെ ഭാഗമായിരുന്നാൽ മാത്രമേ യേശു വാഗ്ദാനം ചെയ്ത നിത്യരക്ഷ പൂർണ്ണമായും അവകാശപ്പെടുത്തുന്നതിന് സാധിക്കുകയുള്ളൂ എന്ന സത്യം അദ്ദേഹം മനസ്സിലാക്കി. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ആത്മീയ തീർത്ഥാടനം പവിത്രീകരണത്തിന്റെയും വിവേചനത്തിന്റെയും വിട്ടുകൊടുക്കലിന്റെയും അംശങ്ങളെ ശ്യാംശീകരിച്ചുകൊണ്ടായിരുന്നു. പൗരസ്ത്യ പാരമ്പര്യങ്ങളും, താപസവൃത്തിയും ആരാധനക്രമവും ആഗോളകത്തോലിക്കാസഭയുടെ സഭാത്മകതയെ പരിപോഷിപ്പിക്കുന്ന തലത്തിലേക്ക് ഉയർന്നു. പത്രോസിന്റെ പിൻഗാമിയുമായി ഐക്യത്തിലാകുന്നത് ഈ പാരമ്പര്യങ്ങളുടെ പൂർണ്ണത കൈവരിക്കുന്നതിന് സഹായകമായിത്തീർന്നു.



Archbishop Mar Ivanios meeting Eminent Bishops during his foreign tour

പുനരൈക്യം ഏതാനും വ്യക്തികളുടെ മാത്രമല്ല, ഒരു സഭയുടെ ആത്മീയ പരിവർത്തനം ആയിരുന്നു. ഭിന്നതകൾ ഇല്ലാതാക്കി ദൈവത്തിലേക്ക് പൂർണ്ണ മനസ്സോടെ തിരിയാനുള്ള അവസരം അതുവഴിയായി നമുക്ക് കൈവന്നു. ഒരു സഭ മറ്റൊരു സഭയുമായി നടത്തിയ ഒത്തുതീർപ്പായിരുന്നില്ല, മലങ്കരയുടെ പവിത്രീകരണം ആയിരുന്നു ഇവിടെ സംഭവിച്ചത്. പരിശുദ്ധാത്മാവിനെ പൂർണ്ണമായും കേൾക്കാൻ ചിലർ വിട്ടുകൊടുത്തപ്പോൾ സ്വാഭാവികമായി സംഭവിച്ച ആത്മീയ മാറ്റം. വിഭജനം വൈകാരികവും ആത്മീയവുമായ മുറിവുകൾ ഉണ്ടാക്കിയപ്പോൾ മാർ ഇവാനിയോസ് പിതാവ് സമാധാനത്തിന്റെയും ഐക്യത്തിന്റെയും പാതയിൽ സഞ്ചരിച്ചു തന്റെ ലക്ഷ്യം കൈവരിച്ചു.

പുനരൈക്യം ഒരു ആത്മീയ അനുഭവമെന്ന ബോധ്യത്തിലേക്ക് കടന്നു വന്ന മലങ്കരയിലെ വലിയൊരു ജനവിഭാഗത്തിന് അങ്ങനെ ദൈവത്തെ കൂടുതൽ അറിയാനും, അനുഭവിക്കാനും അവസരമുണ്ടായി. പെന്തക്കുസ്താ അനുഭവം ആദിമക്രൈസ്തവ സമൂഹത്തെ സുവിശേഷപ്രഘോഷണത്തിന് പ്രാപ്തമാക്കിയതുപോലെ, ഈ പുത്തൻ ആത്മീയ അനുഭവത്തിലേക്ക് കടന്നുവന്നവരുടെ ആത്മീയ ജീവിതം മാത്രമല്ല, അവരിലൂടെ അനേകർക്ക് ഇതുവഴി സത്യത്തിന്റെ വെളിച്ചത്തെ ദർശിക്കുന്നതിനും സാധിച്ചു. അങ്ങനെ 'വിഭജനത്തിന്റെ പാപം' നൂറ്റാണ്ടുകളായി തലയിലേറ്റി നടന്ന മലങ്കരയിലെ പുത്തൻകൂർ സഭാവിഭാഗത്തിന് വലിയൊരു ദൈവാനുഭവവും, ആത്മീയ ഉണർവും ആഗോള സഭാസംസർഗ്ഗം വഴി സംലഭ്യമായി.

കൂനൻ കുരിശു സത്യത്തോടെ അന്യമായിപ്പോയ ആഗോള സഭാബന്ധം വീണ്ടെടുത്തു എന്നതുപോലെ, മലങ്കരയിൽ പലകാരണങ്ങളാൽ നഷ്ടമായ ദൈവാനുഭവം പ്രാർത്ഥനയിലൂടെ പുനഃസ്ഥാപിക്കപ്പെട്ടു എന്നതിലാണ് പുനരൈക്യത്തിന്റെ ആത്മീയ അർത്ഥം വെളിവാക്കപ്പെടുന്നത്. നീണ്ട കാലങ്ങൾ മങ്കരസഭയുടെ നന്മകൾ ആഗോള സഭയ്ക്ക് കാട്ടിക്കൊടുക്കുന്നതിനോ, മലങ്കരയിലെ വലിയൊരു വിഭാഗത്തിന് പത്രോസിന്റെ പിൻഗാമിയുമായി ഐക്യപ്പെട്ടിരിക്കുന്നതിനോ സാധിച്ചിരുന്നില്ല. മലങ്കരയിലെ നീണ്ട കാലത്തെ വിഭജനത്തിന്റെ ഈ അവസ്ഥ ദൈവജനത്തിന് വലിയ ആത്മീയ നഷ്ടത്തിന് കാരണമാവുകയും, അതുപോലെ തന്നെ സുവിശേഷപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട അനന്ത സാധ്യതകളെ ദോഷകരമായി ബാധിക്കുകയും ചെയ്തു. സുവിശേഷമെന്ന നിധി പങ്കുവയ്ക്കുന്നതിന് പകരം കലഹങ്ങളിലും വ്യവഹാരങ്ങളിലുംപെട്ട് അത് മൂടിവയ്ക്കാനായിരുന്നു ഈ സഭയുടെ വിധി. ഇക്കാരണത്താൽ തന്നെ അന്നത്തെ അനുകൂല സാഹചര്യങ്ങളിൽപോലും യേശുവിനെ അറിയാതിരുന്ന അനേകം ഭാരതീയർക്ക് സുവിശേഷം നിഷേധിക്കപ്പെട്ടു. മാർ ഇവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ നടന്ന സഭാനവീകരണം പുനരൈക്യത്തിൽ എത്തിച്ചേർന്നപ്പോൾ വഴക്കിന്റെയും, വ്യവഹാരങ്ങളുടെയും ലോകത്തിൽ നിന്നും മോചനം നേടിയ സഭ സുവിശേഷ

വെളിച്ചം ലോകത്തിന് പകർന്ന് നൽകുന്ന ദീപസ്തംഭമായി മാറി. അങ്ങനെ, വിഭജനത്തിന്റെ പാപം പേറിയിരുന്ന സഭയ്ക്ക് ഐക്യത്തിന്റെ മോചനം നൽകിയ ആത്മീയസംഭവമായി പുനരൈക്യം പരിണമിച്ചു.

പുനരൈക്യം മലങ്കരയിൽ ഫലപ്രാപ്തിയിലെത്തുന്നത് സഭയുടെ ആത്മീയ നവീകരണത്തിന്റെ ആവശ്യകത ഒരു വിഭാഗം മെത്രാന്മാർക്കും, വൈദികർക്കും, വിശ്വാസികൾക്കും ബോധ്യമായപ്പോഴാണ്. ധന്യൻ മാർ ഇവാനിയോസ് പിതാവിന്റെ ആദ്യകാല ആത്മീയ-നവീകരണ പ്രവർത്തനങ്ങൾ തന്റെ സഭയെ നവീകരിക്കാനും വിശുദ്ധീകരിക്കാനുമുള്ള അദ്ദേഹത്തിന്റെ തീക്ഷ്ണമായ ആഗ്രഹത്തിന്റെ പ്രതിഫലനങ്ങളാണ്. ലൗകിക മോഹങ്ങളും, കോടതി വ്യവഹാരങ്ങളും തന്റെ സഭയുടെ വിശ്വാസത്തിന്റെ അടിത്തറ ഇളക്കുമെന്ന് പിതാവ് തിരിച്ചറിഞ്ഞപ്പോൾ അതിനെ പ്രതിരോധിക്കുന്നതിന് പിതാവ് അവലംബിച്ച മാർഗ്ഗങ്ങൾ ആത്മീയതയുടേതായിരുന്നു. അതിന്റെ ആദ്യപടിയായി യുവാക്കൾക്ക് ഉന്നത വിദ്യാഭ്യാസം നൽകുന്നതിന് അദ്ദേഹം പരിശ്രമിച്ചു. പിന്നീട് വേഷത്തിലും, ജീവിത രീതിയിലും ഭാരതീയ ജീവിത ശൈലിക്ക് അനുയോജ്യമായ സന്യാസ സമൂഹങ്ങൾക്ക് പിതാവ് രൂപം നൽകി. പ്രാർത്ഥനയ്ക്കും, സുവിശേഷ പ്രഘോഷണത്തിനുമായി ഭാരതീയ സന്യാസ ജീവിത രീതിയും, പാശ്ചാത്യ സന്യാസ നിയമങ്ങളും കോർത്തിണക്കി രൂപപ്പെടുത്തിയ സന്യാസ സമൂഹങ്ങളാണ് ബഥനി സന്യാസ-സന്യാസിനി സമൂഹങ്ങൾ.

മലങ്കര സഭയുടെ ആത്മീയ അടിത്തറ പുനഃസ്ഥാപിക്കുന്നതിനു പോർച്ചുഗീസുകാരുടെ



Archbishop Mar Ivanios with Bishops, Priests and Deacons at the Vatican Palace immediately after receiving the Sacred Palium from His Holiness Pope Pius XI

വരവിന് മുൻപ് മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിൽ ഉണ്ടയിരുന്ന ഒരുമ വീണ്ടെടുക്കേണ്ടിയിരുന്നു. അതിന് പുത്തൻകൂർ സഭാവിഭാഗത്തിന്റെ മുമ്പിലുണ്ടായിരുന്ന ഒരേയൊരു മാർഗ്ഗം സാർവത്രിക സഭയുമായുള്ള ബന്ധം പുനഃസ്ഥാപിക്കുക എന്നതായിരുന്നു. അതിനാൽത്തന്നെ ഇത് ചരിത്രപരമായ ഒരു ഐക്യം എന്നതിനേക്കാൾ, ആത്മീയമായ ഒരു അനുഭവമായി പരിണമിച്ചു. അങ്ങനെ പുനരൈക്യത്തിലൂടെ ഭാരതത്തിലെ പുരാതന സഭയുടെ സാർവത്രികത വീണ്ടെടുക്കപ്പെട്ടതുപോലെ, ആത്മീയ നവീകരണവും സംഭവിച്ചു. മാത്രമല്ല യേശുക്രിസ്തുവിലൂടെ മാനവകുലത്തിന് മുഴുവൻ ലഭ്യമായ രക്ഷ എല്ലാവരിലും എത്തിക്കുന്നതിന് കൂട്ടായ പരിശ്രമം ഈ സമൂഹത്തിൽ നിന്നും ഉണ്ടാവുന്നതിനും ഇത് കാരണമായിത്തീർന്നു. സുവിശേഷം ആദിമ നൂറ്റാണ്ടിൽ തന്നെ ലഭിക്കാൻ ഭാഗ്യമുണ്ടായ ഭാരത സഭ ചിലപ്പോഴെങ്കിലും തങ്ങൾ പരാജയപ്പെട്ട സുവിശേഷ പ്രവർത്തന മേഖലയിൽ, കൂടുതൽ ശ്രദ്ധയോടെ നേതൃത്വം നൽകുന്നതിനും പുനരൈക്യം കാരണമായിത്തീർന്നു.

നൂറ്റാണ്ടുകളായി മലങ്കരയിൽ നടന്ന കണ്ണീരിൽ കുതിർന്ന പ്രാർത്ഥനയ്ക്ക് ഉത്തരം നൽകപ്പെട്ടത് ധന്യൻ മാർ ഇവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ നടന്ന പുനരൈക്യത്തിലാണ്. ഇത് മലങ്കരയിലെ പുത്തൻകൂർ വിഭാഗത്തിലെ അനേകരെ റോമാസഭയിൽ കൊണ്ടെത്തിച്ചുവെന്ന് ഇന്നും വിലപിച്ചു കൊണ്ടിരിക്കുന്നവർ ചരിത്രപരമായ ഒരുപാട് സത്യങ്ങളെ മറക്കുന്നതുപോലെ, ഈ വിഭാഗത്തിന്റെ അനേകരുടെ പ്രാർത്ഥനെയെയും തള്ളിപ്പറയുകയുമാണ് ചെയ്യുന്നത്. ദൈവജനത്തിന്റ പ്രാർത്ഥയുടെ കണ്ണീർ വീണാണ് കൂനൻ കുരിശിൽ കെട്ടിയ വള്ളികൾ പൊട്ടിപോയതെന്ന് മാർ ഇവാനിയോസ് പിതാവ് പലപ്പോഴും പ്രസംഗിച്ചിട്ടുണ്ട്. അതിന്റ അർത്ഥം വലിയൊരു ജനസമൂഹത്തിന്റെ പ്രാർത്ഥനയുടെ പൂർത്തീകരണമാണ് മലങ്കരയിലെ ചരിത്രപ്രസിദ്ധമായ പുനരൈക്യം എന്നതാണ്. പിന്നീട് മലങ്കര സുറിയാനി കത്തോലിക്കാ സഭയെന്ന സമൂഹം പ്രാർത്ഥിക്കുന്നവരുടെ കൂട്ടായ്മ എന്ന രീതിയിൽ മുന്നോട്ട് പോകാൻ പരിശ്രമിക്കുന്നവരുടെ കൂട്ടമായി രൂപപ്പെടുകയും ചെയ്തു. തന്റെ മുൻഗാമികളിൽ പലരുടേയും പരിശ്രമങ്ങൾ

പരാജയപ്പെട്ടിടത്ത് മാർ ഇവാനിയോസ് പിതാവ് വിജയിച്ചത് ഇത് ഒരു ആത്മീയ മുന്നേറ്റമായി വളർത്തുന്നതിൽ അദ്ദേഹത്തിന് സാധിച്ചു എന്നതിനാലാണ്. അധികാരത്തിന്റെയും സമ്പത്തിന്റെയും ആകർഷണം പലർക്കും ഈ സ്വപ്നം സാക്ഷാത്കരിക്കുന്നതിന് തടസ്സമായെങ്കിൽ, ആത്മീയമായി ചിന്തിച്ച ഇവാനിയോസ് പിതാവിന് യേശുവും സുവിശേഷവും മറ്റെന്തിനേക്കാളും വിലപ്പെട്ടതായിരുന്നു. അവിടെ പുനരൈക്യം ഒരു ആത്മീയ പ്രസ്ഥാനമായി വളരുകയും ചെയ്തു.



സഭകളുടെ ഐക്യം പൂർണ്ണമാകുന്നിടത്തു മാത്രമേ ദൈവതിരുനാമം എല്ലാ അർത്ഥത്തിലും മഹത്വപ്പെടുകയുള്ളു. കാരണം ഇത് മനുഷ്യൻ നടത്തുന്ന പരിശ്രമത്തിന്റെ ഫലമല്ല, പിന്നെയോ ദൈവത്തിന്റെ ഇടപെടലുകൾ കൊണ്ട് സംഭവിക്കുന്നതാണ്. സഭകൾ തമ്മിലുള്ള ഐക്യം യേശു തന്റെ ശിഷ്യന്മാരോടൊത്ത് നടത്തിയ പ്രാർത്ഥനയും അവരെക്കുറിച്ചു കണ്ട സ്വപ്നത്തിന്റെ സാക്ഷാത്കാരവുമാണ്. യേശുവിന്റെ ശിഷ്യന്മാർക്കുവേണ്ടിയുള്ള പ്രാർത്ഥനയുടെ പൂർത്തീകരണത്തിന് മലങ്കരയിൽ ദൈവം തിരഞ്ഞെടുത്ത വലിയ ഉപകരണമായിരുന്നു ധന്യൻ മാർ ഇവാനിയോസ് പിതാവ്. സഭയെ തുടർച്ചയായി പരാജയപ്പെടുത്തുന്ന പ്രശ്നങ്ങൾക്ക് ഏക പരിഹാരം ആത്മീയത മാത്രമാണ്. ക്രിസ്തീയ സമൂഹത്തിന്റെ ഏറ്റം വലിയ പ്രശ്നപരിഹാരശൈലി ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുകയും, യേശുവിന്റെ മാതൃകയിൽ സ്നേഹിക്കുകയും ക്ഷമിക്കുകയും ചെയ്യുക എന്നതുമാണ്.

ഇന്ത്യൻ സാംസ്ക്കാരിക പൈതൃകവും, അന്ത്യോഖ്യൻ ആരാധനക്രമവും, അപ്പസ്തോലിക പാരമ്പര്യവും, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഇന്നത്തെ വ്യക്തിത്വത്തെ നിർവചിക്കുന്ന ഘടകങ്ങളാണ്. അങ്ങനെ സംസ്കാരത്തിൽ ഭാരതീയവും, വിശ്വാസത്തിൽ കാതോലികവും, ആരാധനാരീതികളിൽ പൗരസ്ത്യവുമായ ഈ കൊച്ചു സഭയെ വലിയ പ്രതീക്ഷയോടും, താത്പര്യത്തോടും കത്തോലിക്കാ സഭാകൂട്ടായ്മയിലെ മറ്റു സഭകൾ വീക്ഷിക്കുന്ന അവസ്ഥയിലേക്കും നാം വളർന്നിരിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭ ഇന്ന് മലങ്കരയിലെ പുത്തൻകൂർ വിഭാഗത്തിലെ മറ്റു സഭകൾക്ക് നല്കുന്ന ഏറ്റവും വലിയ സംഭാവനയും സന്ദേശവുമാണ് മാർപാപ്പയുടെ നേതൃത്വത്തിലുള്ള ആഗോള കത്തോലിക്കാ സഭയിലെ അംഗത്വം. കത്തോലിക്കാ സഭയിലെ ഒരു വ്യക്തിഗത സഭയെന്ന നിലയിൽ പാശ്ചാത്യ -പൗരസ്ത്യ സഭകളുമായി മലങ്കര സുറിയാനി കത്തോലിക്കാ സഭ ആഴമായ ആത്മീയ ബന്ധത്തിലുമായിരിക്കുന്നു. 'കാതോലികവും, അപ്പസ്തോലീകവും, ഏകവും, വിശുദ്ധവുമെന്നത് സഭയുടെ വിശേഷണങ്ങൾ ആയിരിക്കുന്ന കാലത്തോളം ധന്യൻ മാർ ഇവാനിയോസ് പിതാവിന്റെ കാലത്തെന്നതുപോലെ ഇന്നും പുനരൈക്യത്തിന്റെ ആത്മീയ പ്രസക്തി നഷ്ടപ്പെടുന്നില്ല. മലങ്കരയിലെ ഭിന്നിപ്പിന്റെ ഏക പരിഹാരം 'ഒരിടയനും ഒരു തൊഴുത്തുമെന്ന' യേശുവിന്റെ പ്രാർത്ഥനയുടെ പൂർത്തീകരണം മാത്രമാണ്.

മാർ ഇവാനിയോസ് പിതാവ് പിയൂസ് ഒൻപതാമൻ മാർപാപ്പയുടെ സന്നിധിയിൽ സത്യവിശ്വാസം പ്രഖ്യാപിച്ചപ്പോൾ മലങ്കരയിലെ പാവനമായ പാരമ്പര്യത്തെ ആഗോള സഭയുടെ ഹൃദയത്തിലേക്ക് ആനയിക്കുകയായിരുന്നു. ഈ വ്യക്തിഗത സഭയുടെ അനന്യത സംരക്ഷിച്ചുകൊണ്ട് ആഗോളസഭയുടെ സൗന്ദര്യത്തെ പരിപോഷിപ്പിച്ചു. ഇത്തരത്തിൽ പുനരൈക്യം രണ്ടു സഭകളുടെ ലയനമായിരുന്നില്ല, പിന്നെയോ നഷ്ടപ്പെട്ട ഐക്യത്തിന്റെ ഭരണപരവും ആത്മീയവും സഭാത്മകവുമായ പുനഃസ്ഥാപിക്കൽ ആയിരുന്നു. ഇത് മാനുഷിക പ്രവർത്തികൊണ്ട് സംഭവിക്കുന്നതല്ല പരിശുദ്ധാത്മാവിന്റെ ഇടപെടലിൽ നടക്കുന്ന നവീകരണമാണ്. പുനരൈക്യം എന്ന ചെറിയ വിത്ത് ദൈവീക

അനുഗ്രഹത്തിന്റെ വടവൃക്ഷമായി വളർന്നത് ഇത് ദൈവീക പ്രവൃത്തി ആയതിനാലാണ്.

വ്യക്തിഗത സഭകളുടെ സാർവത്രിക കൂട്ടായ്മ ദൈവത്തിന്റെ വലിയ ദാനവും യേശുവിന്റെ പിതാവിനോടുള്ള ഐക്യ പ്രാർത്ഥനയ്ക്കുള്ള ഉത്തരവുമാണ്. മലങ്കര സഭയുടെ അനന്യത അതിന്റെ പൂർണ്ണത കണ്ടെത്തുന്നത് ഒറ്റയ്ക്ക് നില്കുമ്പോഴല്ല, ആഗോള സഭയുമായി ഐക്യത്തിൽ ആയിരിക്കുമ്പോഴാണ്. ഈ ഐക്യസന്ദേശത്തിന്റെ വാഹകരായി വിഭജിച്ചു നിൽക്കുന്നവരെ സാർവത്രിക സഭയുമായി സംയോജിപ്പിക്കുന്ന പാലങ്ങളായി വർത്തിക്കാൻ നമുക്ക് കഴിയണം. പുനരൈക്യം വിശുദ്ധിയിലേക്ക് വളരാൻ നമ്മെ പ്രചോദിപ്പിക്കുന്നു. നാം ആവിഷ്ക്കിരിക്കുന്ന പദ്ധതികളിൽ അല്ല, നാം ജീവിക്കുന്ന പവിത്രതയിലാണ് പുനരൈക്യ വിജയം അടങ്ങിയിരിക്കുന്നത്. ഇത് സ്വന്തം ഭവനത്തിലേക്കുള്ള തിരിച്ചു പോക്കാണ്. അവിടെയാണ് സത്യത്തിന്റെ പൂർണ്ണതയും വിശുദ്ധരുടെ സംസർഗ്ഗവും നമുക്കോരോരുത്തർക്കും വ്യക്തിപരമായി അനുഭവിക്കാൻ സാധിക്കുന്നതും.

പുനരൈക്യത്തിന്റെ ആത്മീയ പ്രസക്തി വർദ്ധിക്കുന്നു എന്നാണ് മലങ്കരയിലെ ആനുകാലിക സഭാസംഭവങ്ങൾ നമ്മോടു പറയുന്നത്. പുനരൈക്യ പരിശ്രമത്തോടൊപ്പം വലിയ ആത്മീയ നവോത്ഥാനത്തിന്റേയും, യേശുവിനെ അറിയാൻ ഭാഗ്യം ലഭിക്കാത്തവരുടെ ഇടയിലുള്ള സുവിശേഷ വത്ക്കരണത്തിന്റേതുമായ വലിയ ദൗത്യങ്ങൾ വിജയകരമായി മലങ്കര സുറിയാനി



കത്തോലിക്കാ സഭ തുടർന്നുകൊണ്ടേയിരിക്കണം. മിഷൻ പ്രവർത്തനത്തിന് സാധിക്കാത്ത സഭകൾക്ക് അതിന്റെ പ്രാഥമിക ദൗത്യത്തിൽ പരാജയപ്പെടുന്നു എന്ന് മാത്രമല്ല സ്വന്തം നാശം വിളിച്ചു വരുത്തുകയും ചെയ്യുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് വരും നാളുകളിൽ ആഗോള സഭയോട് ചേർന്ന് പ്രവർത്തിച്ചുകൊണ്ടു 'ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശ'വുമായി മാറുന്നതിന് കൂടുതലായി സാധിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. ഇന്ത്യൻ സാംസ്ക്കാരിക പൈതൃകവും, അന്ത്യോഖ്യൻ ആരാധനക്രമവും, മാർത്തോമ്മാശ്ലീഹായുടെ അപ്പസ്തോലിക പാരമ്പര്യവും അതിന്റെ പൂർണ്ണതയിൽ അനുഭവിക്കുന്നതിന് മലങ്കരയിലെ എല്ലാ സഭകൾക്കും സാധിക്കട്ടേയെന്നും നമുക്ക് തുടർന്നും പ്രാർത്ഥിക്കാം.



www.malankaralibrary.com

കവിത

# മിഷൻ





ഷാജു തേക്കിൻകാട്ടിൽ

ഒരു മിഷനേയുള്ളത്രെ!
അത് നേടിയെടുക്കലാണത്രെ!
കവിളിലെ പാടും
കൈയിലെ വിലങ്ങും
അവാർഡാണത്രേ!

അക്ഷരം അശുദ്ധമല്ലെന്ന്
പറയുന്നവർ!
അറിവ് വെളിച്ചമാണെന്ന്
ഓതുന്നവർ!
രോഗത്തിന് ഔഷധം
വേണമെന്ന് ശഠിക്കുന്നവർ!
മൃഗവും മനുഷ്യനും
രണ്ടാണെന്ന് ചൊല്ലുന്നവർ!
ഇവരാണവർ
പേടിയില്ലാത്ത കൂട്ടർ!

അവർക്ക് മുൻപിൽ
ദീപമായി ഒരു പുൽക്കൂടും,
കുരിശും,
പിന്നെ സർവ്വതും
ത്യജിച്ചൊരമ്മയും!

എവിടെ അടയ്ക്കുമവരെ?
എവിടെ
തളയ്ക്കുമവരെ?

സ്വപ്നാടകരല്ലവർ!
സ്വപ്നം കാണാൻ
പഠിപ്പിച്ചവർ!
മനുഷ്യരാകാൻ
പഠിപ്പിച്ചവർ!

അർദ്ധനഗ്നനായ്
ഇന്ത്യ കണ്ടവന്റെ
ഹൃത്തിലും
ചേർത്ത കുരിശിന്റെ
വേദാന്ത പൊരുളറിഞ്ഞവർ!

www.malankaralibrary.com



# വിശുദ്ധ ജനനം ഓർമ്മയിൽനിന്ന് ജീവിതത്തിലേക്ക്





**റവ. ഫാ. ബനഡിക്റ്റ് പാലനിൽക്കുന്നതിൽ**

ഓർമ്മകൾ മനസ്സിന്റെ കാൻവാസിലെ മായാത്ത ചിത്രങ്ങൾ മാത്രമല്ല; അവ ജീവിത നിമിഷങ്ങളെ ശുദ്ധീകരിക്കാനും ദൈവിക രക്ഷയുടെ പാതയിലേക്ക് നയിക്കാനും കെൽപ്പുള്ള ദിവ്യദർശനങ്ങളാണ്. എല്ലാ വർഷവും സെപ്റ്റംബർ 8-ന്, സഭ പരിശുദ്ധ ദൈവമാതാവിന്റെ ജനന തിരുനാൾ ആഘോഷിക്കുമ്പോൾ, നാം ഒരു ചരിത്രസംഭവത്തെ അനുസ്മരിക്കുക മാത്രമല്ല; മറിച്ച്, ദൈവമാതാവിന്റെ (Theotokos) വിശുദ്ധ ജനനത്തിലൂടെ രക്ഷാകര ചരിത്രത്തിന്റെ ദിവ്യകാൻവാസിലേക്ക് നമ്മെത്തന്നെ പുനഃപ്രതിഷ്ഠിക്കുന്ന ഒരു ആത്മീയ യാത്രയ്ക്ക് തുടക്കം കുറിക്കുകയാണ്.

അന്തിയോക്യൻ ആരാധനക്രമ ദൈവശാസ്ത്രത്തിന്റെ ഹൃദയത്തിൽ, ഈ തിരുനാൾ ഒരു ദ്വിമുഖ പ്രയാണമാണ്. അത് അനമ്നെസിസ് (Anamnesis) എന്ന വിശുദ്ധ ഓർമ്മയിലൂടെ നമ്മെ രക്ഷാകര സംഭവത്തിന്റെ ഹൃദയത്തിലേക്ക് കൊണ്ടുപോകുന്നു. തുടർന്ന്, ആ ഓർമ്മയിൽ നിന്ന് ഊർജ്ജം ഉൾക്കൊണ്ട് മിമെസിസ് (Mimesis) എന്ന വിശുദ്ധ അനുകരണത്തിലൂടെ ആ സംഭവത്തിന്റെ ചൈതന്യം നമ്മുടെ ജീവിതത്തിൽ പകർത്താൻ നമ്മെ പ്രചോദിപ്പിക്കുന്നു. അനമ്നെസിസ് ഒരു ഭൂതകാല സംഭവത്തെക്കുറിച്ചുള്ള വ്യക്തിപരമായ, മനഃശാസ്ത്രപരമായ ഓർമ്മയല്ല. മറിച്ച്, രക്ഷാകര ചരിത്രത്തെ മുഴുവൻ, പ്രത്യേകിച്ച് ക്രിസ്തുവിന്റെ പെസഹാ രഹസ്യത്തെ, ആരാധനാ സമൂഹത്തിനായി വസ്തുനിഷ്ഠമായി, ഇവിടെയും ഇപ്പോഴും (here and now), സജീവമാക്കുന്ന ആരാധനക്രമപരമായ യാഥാർത്ഥ്യവൽക്കരണമാണ്.

ഇതൊരു ബാഹ്യമായ ആചരണമല്ല, മറിച്ച് ഓരോ വിശ്വാസിയുടെയും ഹൃദയത്തിൽ നടക്കുന്ന ഒരു ആന്തരിക തീർത്ഥാടനമാണ്.

**ഭാഗം 1: അനമ്നെസിസ് – വിശുദ്ധ ഓർമ്മയിലൂടെയുള്ള പ്രവേശനം**

ആരാധനക്രമം ഒരു സമയചക്രമാണ്. അത് ചരിത്രത്തിന്റെ അതിരുകൾ ഭേദിച്ച് നമ്മെ ദൈവിക സംഭവങ്ങളുടെ ഭാഗമാക്കുന്നു. പരിശുദ്ധ ദൈവമാതാവിന്റെ ജനന തിരുനാളിന്റെ ആദ്യപടി ഈ വിശുദ്ധ ഓർമ്മയിലേക്ക് പ്രവേശിക്കുക എന്നതാണ്.

**വിശ്വസ്തതയുടെ മാതൃക: യോവാക്കിം- അന്ന**

നമ്മുടെ ഓർമ്മയുടെ കേന്ദ്രബിന്ദു യോവാക്കിമും അന്നയുമാണ്. കാനോനിക സുവിശേഷങ്ങളിൽ ഇവരുടെ പേരുകളില്ലെങ്കിലും, സഭയുടെ പാരമ്പര്യം പ്രത്യേകിച്ച്, (*Protoevangelium of James*) അവരുടെ ഭക്തിനിർഭരമായ ജീവിത ചരിത്രം നമുക്ക് പറഞ്ഞു തരുന്നു. വന്ധ്യതയുടെ വേദനയിൽ ഉരുകി, സമൂഹത്തിന്റെ നിന്ദയേറ്റുവാങ്ങി, എങ്കിലും ദൈവത്തിലുള്ള പ്രത്യാശ കൈവിടാതെ പ്രാർത്ഥിച്ച ദമ്പതികളായിരുന്നു അവർ. അവരുടെ ഈ പ്രാർത്ഥന കേവലം ഒരു കുഞ്ഞിനുവേണ്ടിയുള്ള യാചനയായിരുന്നില്ല, മറിച്ച് ദൈവഹിതത്തോടുള്ള പൂർണ്ണമായ സമർപ്പണമായിരുന്നു. ദേവാലയത്തിൽ നിന്ന് അപമാനിതനായി മരുഭൂമിയിലേക്ക് പോയ യോവാക്കിമിന്റെയും, തോട്ടത്തിലിരുന്ന് വിലപിച്ച അന്നയുടെയും ഓർമ്മ, മനുഷ്യന്റെ നിസ്സഹായതയും ദൈവത്തിന്റെ അനന്തമായ കരുണയും നമ്മെ ഒരേസമയം പഠിപ്പിക്കുന്നു. അവരുടെ പുനഃസമാഗമവും അന്നയുടെ അത്ഭുതകരമായ ഗർഭധാരണവും, പ്രാർത്ഥനയുടെയും വിശ്വാസത്തിന്റെയും ഫലമായി ദൈവം ചരിത്രത്തിൽ എങ്ങനെ ഇടപെടുന്നു എന്നതിന്റെ നേർസാക്ഷ്യമാണ്. ഈ ഓർമ്മയിലൂടെ, മനുഷ്യന്റെ വേദനയിൽ ദൈവം ഒരു രക്ഷാകര പദ്ധതി ഒരുക്കുന്നുവെന്ന് നാം തിരിച്ചറിയുന്നു.

**പുതിയ പ്രഭാതം:**

നമ്മുടെ അനമ്നെസിസ് ആഴപ്പെടുന്നതനുസരിച്ച്, മറിയം എന്ന അത്ഭുതശിശുവിന്റെ ദൈവശാസ്ത്രപരമായ പ്രാധാന്യം നമുക്ക് വെളിപ്പെടുന്നു.

**അമലോത്ഭവയായ ദൈവമാതാവ്:** ഡിസംബർ 8-ാം തീയതി തിരുസഭ ആഘോഷിക്കുന്ന അമലോത്ഭവ തിരുനാളിന്റെ പൂർത്തീകരണമാണ് പരിശുദ്ധ ദൈവമാതാവിന്റെ ജനനതിരുന്നാൾ. ഗർഭധാരണത്തിന്റെ ആദ്യ നിമിഷം മുതൽ ഉത്ഭവപാപത്തിന്റെ കറയിൽ നിന്ന് സംരക്ഷിക്കപ്പെട്ട, കൃപ നിറഞ്ഞ ഒരു പാത്രമായിട്ടാണ് മറിയം ഈ ലോകത്തിലേക്ക് പിറന്നുവീണതെന്ന് നാം ഓർമ്മിക്കുന്നു. അതായത്, ആദിമ മാതാപിതാക്കളുടെ വീഴ്ചയുടെ അനന്തരഫലങ്ങളായ മരണവും പാപത്തിലേക്കുള്ള ചായ്‌വിൽ നിന്നും സംരക്ഷിക്കപ്പെട്ടു എന്നതിലുപരി, പരിശുദ്ധ ദൈവമാതാവിന്റെ ജനനത്തിന്റെ ആദ്യ നിമിഷം മുതൽ അമ്മ പരിശുദ്ധാത്മാവിനാൽ നിറയ്ക്കപ്പെട്ടു എന്ന് ഇത് പഠിപ്പിക്കുന്നു. ഇതിനെ കേവലം പാപമാകുന്ന ഇരുട്ടിന്റെ അഭാവമായി കാണുന്നതിനപ്പുറം, ദൈവിക കൃപയുടെ പ്രകാശത്തിന്റെ സജീവ സാന്നിധ്യമായി മനസ്സിലാക്കണം. *ഒരു പ്രഭാതം എന്നത് രാത്രിയുടെ വിടവാങ്ങൽ മാത്രമല്ല, പ്രകാശത്തിന്റെ ആഗമനമാണ്.* കൃപ നിറഞ്ഞവൾ" (*gratia plena*, ലൂക്കാ 1:28) എന്ന അഭിസംബോധന ഈ പ്രഭാതത്തിന്റെ ദൈവശാസ്ത്രപരമായ സത്തയാണ്. അതിനാൽ, പരിശുദ്ധ ദൈവമാതാവിന്റെ ജനനത്തിന്റെ അനമ്നെസിസ് എന്നത്, വീണുപോയ ലോകത്തിലേക്ക് കളങ്കമില്ലാത്ത ദൈവിക പ്രകാശം കടന്നുവന്ന ആദ്യ നിമിഷത്തിന്റെ ഓർമ്മയാണ്.

**രണ്ടാം ഹവ്വ:** ആദ്യത്തെ ഹവ്വായുടെ അനുസരണക്കേട് മനുഷ്യരാശിയെ പാപത്തിലേക്ക് നയിച്ചെങ്കിൽ, ആ കെട്ടഴിക്കാൻ വന്ന രണ്ടാം ഹവ്വായുടെ ജനനമാണ് ഇതെന്നും സഭ നമ്മെ ഓർമ്മിപ്പിക്കുന്നു. വിശുദ്ധ ഐറേനിയൂസ് പഠിപ്പിച്ചതുപോലെ, ഹവ്വായുടെ അവിശ്വാസത്താൽ കെട്ടപ്പെട്ട മനുഷ്യരാശിയുടെ ശാപം, മറിയത്തിന്റെ വിശ്വാസത്തിലൂടെ അഴിച്ചു മാറ്റപ്പെട്ടു. അവളുടെ ജനനം, അനുസരണത്തിലൂടെ ലോകത്തിന് ജീവൻ നൽകാനുള്ള ദൈവിക പദ്ധതിയുടെ പ്രഭാതമായിരുന്നു. രക്തസാക്ഷിയായ ജസ്റ്റിന്റെ വാക്കുകളിൽ, കന്യകയായ ഹവ്വാ സർപ്പത്തിന്റെ വാക്ക് ഗർഭം ധരിച്ച് മരണത്തെ പ്രസവിച്ചപ്പോൾ, കന്യകയായ മറിയം ദൈവവചനം ഗർഭം ധരിച്ച് ജീവനെ പ്രസവിച്ചു.

ഈ ഓർമ്മയിൽ (അനമ്നെസിസിൽ) മുഴുകുമ്പോൾ, മറിയത്തിന്റെ ജനനം കേവലം ഒരു ശിശുവിന്റെ ജനനമല്ല, മറിച്ച് പഴയനിയമ വാഗ്ദാനങ്ങളുടെ (അബ്രാഹാം-സാറ, എൽക്കാന -ഹന്ന) പൂർത്തീകരണവും, മനുഷ്യരാശിയുടെ വീണ്ടെടുപ്പിന്റെ പ്രാരംഭവും, ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ കൃത്യമായ അനാവരണവുമാണെന്ന് നാം മനസ്സിലാക്കുന്നു. മറിയത്തിന്റെ ജനനം പരമമായ ഒരു പൂർത്തീകരണമാണ്. മറിയം ഒരു പ്രവാചകനെയോ രാജാവിനെയോ പ്രസവിക്കാൻ വിളിക്കപ്പെട്ടവളല്ല,

മറിച്ച് ദൈവപുത്രനെ തന്നെ വഹിക്കാൻ തിരഞ്ഞെടുക്കപ്പെട്ടവളാണ്. ഇപ്രകാരം മനസ്സിലാക്കുമ്പോൾ യോവാക്കിം ദാവീദിന്റെ രാജകീയ വംശത്തിൽ നിന്നും അന്ന അഹറോന്റെ പൗരോഹിത്യ വംശത്തിൽ നിന്നും വന്നവരാണെന്ന പാരമ്പര്യം ദൈവശാസ്ത്രപരമായി പ്രാധാന്യമർഹിക്കുന്നു. മറിയം അങ്ങനെ ഇസ്രായേലിന്റെ രണ്ട് വലിയ പദവികളെയും തന്റെ വ്യക്തിത്വത്തിൽ ഒന്നിപ്പിക്കുന്നു, രാജാവും പ്രധാന പുരോഹിതനുമായ തന്റെ പുത്രനെ മുൻകൂട്ടി സൂചിപ്പിക്കുന്നു. ഇത് മനുഷ്യാവ



താരത്തിനായി ദൈവം നടത്തിയ സൂക്ഷ്മവും പരിപൂർണമായ ഒരുക്കത്തെ കാണിക്കുന്നു.

**ഭാഗം 2: മിമെസിസ് – വിശുദ്ധ അനുകരണത്തിലൂടെയുള്ള രൂപാന്തരീകരണം**

അനമ്നെസിസ് ഒരു നിഷ്ക്രിയമായ ഓർമ്മയല്ല; അത് ഹൃദയത്തെ സ്പർശിക്കുകയും ജീവിതത്തെ രൂപാന്തരപ്പെടുത്താൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന ഒരു ശക്തിയാണ്. വിശുദ്ധ ഓർമ്മയിൽ നാം കണ്ടുമുട്ടിയ സത്യങ്ങളെയും പുണ്യങ്ങളെയും ജീവിതത്തിൽ പകർത്തുന്ന പ്രക്രിയയാണ് മിമെസിസ്. ഇത് കേവലം ബാഹ്യമായ അനുകരണമല്ല, മറിച്ച് ആത്മീയമായ ഒരു സ്വാംശീകരണമാണ്.

**വിശ്വാസവും സഹനവും അനുകരിക്കുക**

യോവാക്കിമിന്റെയും അന്നയുടെയും ജീവിതം നമ്മെ അനുകരണത്തിനായി ക്ഷണിക്കുന്നു. യോവാക്കിമിന്റെയും അന്നയുടെയും ജീവിതത്തിൽ, ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടലിന്റെ

പശ്ചാത്തലമായി അവരുടെ തീവ്രമായ പ്രാർത്ഥനയെയും ഉപവാസത്തെയും ഊന്നിപ്പറയുന്നു. അതിനാൽ, മാംസവും മത്സ്യവും ഉപേക്ഷിച്ച്, പ്രാർത്ഥന വർദ്ധിപ്പിച്ച്, കാരുണ്യ പ്രവർത്തികളിൽ ഏർപ്പെട്ടുകൊണ്ട് വിശുദ്ധ ഓർമ്മയിൽ നോമ്പ് ആചരിക്കുമ്പോൾ, വിശുദ്ധ ഓർമ്മയിലെ പ്രധാന കഥാപാത്രങ്ങളെ വിശ്വാസികൾ നേരിട്ട് അനുകരിക്കുകയാണ്. അവർ ആ ദമ്പതികളുടെ സഹനത്തെ ഓർക്കുകയല്ല, മറിച്ച് സ്വന്തം ശരീരത്തിലൂടെയും ഇച്ഛാശക്തിയിലൂടെയും അതിൽ പങ്കുചേരുകയാണ്. ഈ താപസചര്യ വിശ്വാസിയെ ശുദ്ധീകരിക്കുകയും, അവരുടെ ഹൃദയത്തെ ദൈവകൃപയ്ക്ക് കൂടുതൽ ഫലഭൂയിഷ്ഠമായ മണ്ണാക്കി മാറ്റുകയും ചെയ്യുന്നു.

ഈ തിരുന്നാളിൽ സഭാമാതാവ് നമ്മെ പഠിപ്പിക്കുന്നു, നമ്മുടെ ജീവിതത്തിലെ വന്ധ്യതകളെ (പ്രതീക്ഷയറ്റ സാഹചര്യങ്ങൾ, പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കാത്ത നിമിഷങ്ങൾ) ഓർത്ത് നിരാശരാകാതെ, ദൈവത്തിൽ ആശ്രയിച്ച് പ്രാർത്ഥനയിൽ ഉറച്ച് നിൽക്കാൻ. അപമാനങ്ങളെയും തിരസ്കാരങ്ങളെയും സഹനത്തോടെ നേരിടാനും, ദൈവത്തിന്റെ സമയത്തിനായി ക്ഷമയോടെ കാത്തിരിക്കാനും യോവാക്കിം അന്ന ദമ്പതികൾ നമ്മെ പ്രചോദിപ്പിക്കുന്നു.

**വിധേയത്വവും വിശുദ്ധിയും സ്വായത്തമാക്കുക**

പരിശുദ്ധ മറിയത്തിന്റെ ജീവിതം തന്നെ ഒരു അനുകരണത്തിനുള്ള ആഹ്വാനമാണ്. അമ്മയുടെ ജനനം മുതൽ സ്വർഗ്ഗാരോപണം വരെ, ദൈവഹിതത്തോടുള്ള അമ്മയുടെ പൂർണ്ണമായ സമർപ്പണം (നിന്റെ വചനം പോലെ എന്നിൽ ഭവിക്കട്ടെ) നാം കാണുന്നു. നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ പദ്ധതികൾ പൂർണ്ണമായി മനസ്സിലായില്ലെങ്കിലും, 'അതെ' പറയാനുള്ള



വിനയവും ധൈര്യവും അനുകരിക്കാൻ ഈ തിരുനാൾ നമ്മെ ക്ഷണിക്കുന്നു. ദൈവകൃപയ്ക്ക് ഇടം നൽകുന്ന, വിശുദ്ധിയിൽ ആഴപ്പെട്ട ഒരു ജീവിതം നയിക്കാൻ പരിശുദ്ധ ദൈവമാതാവിന്റെ ജനനം നമ്മോടാവശ്യപ്പെടുന്നു. നമ്മുടെ ഹൃദയങ്ങളെ ക്രിസ്തുവിന് വസിക്കാനുള്ള യോഗ്യമായ ആലയങ്ങളാക്കി മാറ്റുക എന്നതാണ് ഈ മിമെസിസിന്റെ പരമമായ ലക്ഷ്യം.

ഈ തിരുനാളിൽ പങ്കുചേരുന്നതിലൂടെ, നമ്മുടെ ആത്മീയ വന്ധ്യതയിൽ നിന്ന് മോചനം നേടാനും മരണത്തിന്റെ സംസ്കാരത്തിൽ നിന്ന് നിത്യജീവന്റെ പ്രത്യാശയിലേക്ക് വളരാനും ദൈവം നമ്മെ ക്ഷണിക്കുന്നു.

**ഹൃദയത്തിൽ ഉദിക്കുന്ന പ്രഭാതം**

പരിശുദ്ധ ദൈവമാതാവിന്റെ ജനന തിരുനാൾ കേവലം ഒരു ജന്മദിനാഘോഷമല്ല. അത് ഓരോ വിശ്വാസിക്കും വേണ്ടിയുള്ള ഒരു ഒരു സ്വർഗ്ഗീയ പ്രഭാതമാണ്; രക്ഷയുടെ ചരിത്രത്തെ ഓർമ്മിക്കാനും (അനമ്നെസിസ്), ആ ചരിത്രത്തിലെ നായകരുടെ പുണ്യങ്ങൾ ജീവിതത്തിൽ പകർത്താനും (മിമെസിസ്) ഉള്ള അവസരം. ഈ ആന്തരിക യാത്രയുടെ ആത്യന്തിക ലക്ഷ്യം കേവലം ധാർമ്മികമായ മെച്ചപ്പെടലല്ല, മറിച്ച് ദൈവീകരണമാണ് (Theosis). അതായത് കൃപയാൽ സാധ്യമാകുന്ന ദൈവിക ജീവിതത്തിലുള്ള ഒരു യഥാർത്ഥ പങ്കാളിത്തം.

ഈ ആന്തരിക യാത്രയിലൂടെ, പരിശുദ്ധ ദൈവമാതാവിന്റെ ജനനം ലോകത്തിന് നൽകിയ സന്തോഷം നമ്മുടെ വ്യക്തിപരമായ അനുഭവമായി മാറുന്നു. നീതിയുടെ സൂര്യനായ' ക്രിസ്തുവിന് നമ്മുടെ ഹൃദയങ്ങളിലും ഉദിച്ചുയരാൻ വഴിയൊരുക്കുന്ന പ്രഭാതമായി ഈ തിരുനാൾ മാറട്ടെ.



www.malankaralibrary.com





# ഏഴഴകുള്ളവൾ പരിശുദ്ധ അമ്മ

ബ്ര. ജേക്കബ് നോബിൾ കരുമാഞ്ചേരി

“നാം ലോകത്തിലെ മുഴുവൻ അമ്മമാരുടേയും സ്നേഹം കൂട്ടിനോക്കി അതിലേക്ക് മുഴുവൻ ഭാര്യാ ഭർത്താക്കന്മാരുടേയും സ്നേഹവും എല്ലാ വിശുദ്ധർക്കും മാലാഖമാർക്കും മനുഷ്യരാശിയോട് മുഴുവനുമുള്ള സ്നേഹവും കൂട്ടിച്ചേർത്താലും അത് മറിയത്തിന് ഒരു മനുഷ്യാത്മാവിനോടുള്ള സ്നേഹത്തിന് തുല്ല്യമാവില്ല”. വി. അൽഫോൺസ് ലിഗോരിയുടെ വാക്കുകളാണിവ. പാപത്തിലാണ്ട നമ്മുടെ മനുഷ്യകുലം മുഴുവൻ ദൈവത്തിന്റെ പരിശുദ്ധിയുടെ മുൻപിൽ നഗ്നരായി ലജ്ജ യിലാണ്ട് നിന്നപ്പോൾ തന്റെ പരമനിർമ്മല ഹൃദയത്താൽ മേഘങ്ങൾക്കിടയിൽ പ്രഭാതതാരം പോലെ അത്യുന്നതന്റെ ഗേഹത്തിനു മീതെ ജ്വലിക്കുന്ന സൂര്യനെപ്പോലെ ഉത്സവലവളയിൽ വിളങ്ങുന്ന പനിമതിപോലെ (പ്രഭാ. 50:6,7) ഏറ്റവും പരിശുദ്ധ കന്യക കാന്തിയോടെ ശോഭിച്ചു. ഈ നിർമ്മല പനിനീർപ്പൂവിനെ മുൻകൂട്ടി സ്വർഗത്തിൽ ദർശിച്ചാൽ എന്നവണ്ണം രാജസങ്കീർത്തകൻ ഈണത്തിൽ പാടി “നിന്റെ അന്തപ്പുരവനിതകളിൽ രാജകുമാരിമാരുണ്ട്. നിന്റെ വലതുവമേത്ത് ഓഫീർ സ്വർണമണിഞ്ഞ രാജ്ഞി നിൽക്കുന്നു” (സങ്കി. 45:8). പാപത്തിന്റെ ദംശനമേറ്റ് ആദം മുതൽ അവസാന മനുഷ്യൻ വരെ ലജ്ജിച്ച് തല താഴ്ത്തിയപ്പോൾ സൂര്യനെ ഉടയാടയാക്കി തന്റെ പരിശു ദ്ധിയുടെ അത്യുന്നത പ്രഭയിൽ പരിശുദ്ധ അമ്മ ശോഭയോടെ നിന്നു. ഈ സ്വർഗ്ഗ രാജ്ഞിയുടെ ജന നത്തെ ഘോഷിക്കുന്ന ഈ സെപ്റ്റംബർ മാസത്തിൽ പരിശുദ്ധ കന്യകയിൽ മാത്രം ദർശിക്കാനാ കുന്ന ഏഴ് പ്രത്യേകതകളാണ് ഈ യാത്രയിൽ നാം ധ്യാനവിഷയമാക്കാനായി ഒരുങ്ങുന്നത്.

ഒന്നാമത്തെ ധ്യാനചിന്ത "ദൈവം തന്റെ ഓരോ സൃഷ്ടിയിലും തന്നെ സ്നേഹിക്കുവാനുള്ള കഴിവ് നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ, ഈ കഴിവിനെ ദൈവത്തിന് തൃപ്തികരമായ വിധത്തിൽ ഉപയോഗിച്ച ഏക സൃഷ്ടി മറിയം മാത്രമാണ്. അതിനാൽത്തന്നെ ദൈവത്തെ സർവ കഴിവുമുപയോഗിച്ച് സ്നേഹിക്കാൻ നമ്മെ പ്രാപ്തരാക്കാൻ ഈ കന്യകയ്ക്ക് മാത്രമേ സാധിക്കു".

രണ്ടാമതായി "പരിശുദ്ധ കന്യക മാത്രമാണ് ത്രീത്വത്തിലെ മൂന്നു ദൈവീക വ്യക്തികളും വ്യക്തിപരമായി ഇടപെട്ടു എന്ന് വിശുദ്ധ ഗ്രന്ഥം സാക്ഷിക്കുന്ന ഏക മനുഷ്യവ്യക്തി". ദൈവപിതാവാണ് മറിയത്തെ തിരഞ്ഞെടുത്തത് എന്ന് നാം വിശുദ്ധ ലൂക്ക എഴുതിയ സുവിശേഷത്തിൽ ഒന്നാം അദ്ധ്യായം 30-ാം വാക്യത്തിൽ വായിക്കുന്നു, "മറിയമേ നീ ദൈവസന്നിധിയിൽ കൃപ കണ്ടെത്തിയിരിക്കുന്നു". ദൈവപിതാവാണ് മറിയത്തെ തിരഞ്ഞെടുത്തത് എന്നതിനാൽത്തന്നെ ഈ തിരഞ്ഞെടുപ്പിനെ വിമർശിക്കുകയോ തള്ളിപ്പറയുകയോ ചെയ്യുന്നവർ ദൈവത്തിന്റെ തിരഞ്ഞെടുപ്പിനെത്തന്നെയാണ് വിമർശിക്കുന്നതും തള്ളിപ്പറയുന്നതും. ഗലാത്തിയാർക്കുള്ള ലേഖനം നാലാം അദ്ധ്യായം നാലാം വാക്യം, "എന്നാൽ കാലസമ്പൂർണ്ണതവന്നപ്പോൾ ദൈവം തന്റെ പുത്രനെ അയച്ചു. അവൻ സ്ത്രീയിൽ നിന്നു ജാതനായി; നിയമത്തിന് അധീനനായി ജനിച്ചു." അവിശ്വസ്തത കാണിച്ച ഇസ്രായേൽ ജനത്തോടുപോലും അവസാനം വരെ കരുണ കാണിച്ച ദൈവം തന്റെ പുത്രനെ കുരിശോളം അനുഗമിച്ച് ദൈവഹിതത്തോട് സമരസപെട്ട് വിശ്വസ്തതയുടെ മകുടോദാഹരണമായിമാറിയ പരിശുദ്ധ ദൈവജനനിയെ എപ്രകാരം തള്ളിക്കളഞ്ഞു എന്ന് പറയാനാവും? അതുപോലെതന്നെ, പുത്രനായ ദൈവം അവളിൽ ഉൽഭവിച്ചു. ഒമ്പത് മാസക്കാലം അവളിലും മുപ്പത് വർഷക്കാലം അവളോടൊത്തും മൂന്നു വർഷക്കാലം അവൾക്ക് ചെന്നെത്താവുന്ന ദൂരത്തിലും വസിച്ചു. അവളിലും, അവളൂടെ അരികെയും, അവളുടെ ചുറ്റുപാടിലുമാണ് യേശു തന്റെ ഭൂരിഭാഗം സമയവും ലോകത്തിൽ ചിലവഴിച്ചത് എന്നതുകൊണ്ട് തന്നെ സ്വർഗ്ഗത്തിലും അവിടുന്ന് മാതാവിനെ തള്ളിക്കളഞ്ഞിട്ടില്ല എന്ന് നമുക്ക് മനസിലാക്കാം. "മുപ്പതുവർഷം ലോകം മുഴുവൻ മാനസാന്തരപ്പെടുത്തിയാൽ എന്നതിനേക്കാൾ ഈ മാതാവിന് വിധേയപ്പെട്ടുകൊണ്ട ദൈവപിതാവിന് യേശു കൂടുതൽ മഹത്വം നൽകി"യെന്ന് വിശുദ്ധ ലൂയി ഡി. മോൺഫോർട്ട് പറയുന്നു. യേശുവിന്റെ രഹസ്യ ജീരിതത്തെക്കുറിച്ച് പല കെട്ടുകഥകളും ഊഹാപോഹങ്ങളും നിലനിൽക്കുമ്പോൾ സുവിശേഷം പറയുന്ന ഒറ്റ വാചകത്തിൽ വിശ്വസിക്കുന്ന ഒരു വ്യക്തിക്ക് സംശയലേശമെന്യേ പറയാം. യേശുവിന്റെ മുപ്പത് വർഷത്തെ രഹസ്യ ജീവിതം അവിടുത്തെ മാതാവിനോടൊത്തുതന്നെ ആയിരുന്നു എന്ന്- "യേശു നഗരത്തിൽ വന്ന് മതാപിതാക്കൾക്ക് വിധേയനായി ജീവിച്ചു." (ലൂക്കാ 2:51). യേശുവിന്റെ ഈ ലോകജീവിത



ത്തിൽ അവിടുന്ന് എഴുതപ്പെട്ട എല്ലാ വചനങ്ങളും അനുസരിക്കുകയും, ദൈവകൽപ്പനകൾ എന്ന പേരിൽ മാനുഷിക നിയമങ്ങൾ കടന്നുകയറിയ ചില മേഖലകളെ നവീകരിച്ച് പൂർത്തി യാക്കുകയും ചെയ്തു ഉപേക്ഷാപത്രം നൽകി ഉപേക്ഷിക്കാം എന്ന നിയമം ദൈവീക നിയമ

ല്ലെന്നും അത് മനുഷ്യന്റെ ഹൃദയകാഠിന്യത്തെക്കണ്ട് മോശ നൽകിയ ഇളവാണെന്നും പറഞ്ഞുകൊണ്ട് യേശു വിവാഹമോചനത്തെ തന്നെ തള്ളിപ്പറയുന്നത് നാം സുവിശേഷത്തിൽ കാണുന്നുണ്ട്. യേശു നവീകരിച്ച് പൂർത്തിയാക്കിയ ഒരു ദൈവിക നിയമമായിരുന്നു ഇത്. ഇപ്രകാരം വിലയിരുത്തിയാൽ യേശു ദൈവത്തിൽ നിന്നുള്ള ഒരു പ്രമാണത്തേയും നിരാകരിക്കുകയോ തള്ളിക്കളയുകയോ ചെയ്തിട്ടില്ലെന്നും അവയെ പൂർണ്ണ ഹൃദയത്തോടെ അനുസരിക്കുകയും പൂർത്തീകരിക്കുകയുമാണ് ചെയ്തത് എന്നു നമുക്ക് കാണാൻ സാധിക്കും. പ്രഭാഷകന്റെ പുസ്തകം മൂന്നാം അദ്ധ്യായം



രണ്ടാം വാക്യം ഇപ്രകാരം പറയുന്നു. "അവിടുന്ന് പുത്രന്മാരുടെ മേൽ അമ്മയ്ക്കുള്ള അവകാശം ഇറപ്പിച്ചിരിക്കുന്നു". ഇനിയും യേശു മാതാവിനെ ബഹുമാനിച്ചില്ല എന്നു പറയുന്നവർ യേശുവിന് നാലാം പ്രമാണമായ ''മാതാപിതാക്കളെ ബഹുമാനിക്കണം" എന്ന കല്പന ലംഘിക്കുന്നവനായി ചിത്രീകരിക്കുന്നു, യേശു നസ്രേത്തിൽ വന്ന് മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ചു എന്ന വി.ലൂക്കാ എഴുതിയ സുവിശേഷം രണ്ടാം അദ്ധ്യായം അമ്പത്തൊന്നാം വാക്യം തെറ്റാണെന്ന് പറയാതെ പറയുന്നു.

പരിശുദ്ധാത്മാവ് മറിയത്തിൽ ആവസിക്കുന്നതിന് മുൻപ് തന്നെ മറിയം കൃപ നിറഞ്ഞവളായിരുന്നു എന്ന് ഗബ്രിയൽ ദൂതന്റെ "ദൈവകൃപ നിറഞ്ഞവളേ"(ലൂക്കാ 1:28) എന്ന അഭിവാദനം നമ്മെ ഓർമ്മപ്പെടുത്തുന്നു. ദൈവകൃപ നിറയാനിരിക്കുന്നവൾ എന്നല്ല ദൂതന്റെ വരവിന് മുമ്പ് തന്നെ മറിയം ദൈവകൃപ നിറഞ്ഞവളായിരുന്നു എന്ന ഒരു സൂചന ഈ വചനം നൽകുന്നു. ഇത്തരമൊരു അഭിവാദനം വിശുദ്ധ ഗ്രന്ഥത്തിൽ ആർക്കും ലഭിച്ചിട്ടില്ല . ഇനി പൗലോസ് ശ്ലീഹായെ നാം വായിക്കുമ്പോൾ രക്ഷയുടെ അധാരം തന്നെ വിശ്വാസത്തിലൂടെ ലഭിക്കുന്ന ദൈവകൃപയാണെന്ന് നിസ്സംശയം പറയാൻ സാധിക്കും. "വിശ്വാസം വഴി കൃപയാലാണ് നാം രക്ഷിക്കപ്പെട്ടത് അത് നാം നേടിയെടുത്തതല്ല മറിച്ച് ദൈവത്തിന്റെ ദാനമാണ്." (എഫേ 2:8). വിശുദ്ധ യോഹന്നാൻ തന്റെ സുവിശേഷത്തിൽ പറഞ്ഞുവയ്ക്കുന്നു "നിയമം മോശ വഴി നൽകപ്പെട്ടു. കൃപയും സത്യവുമാകട്ടെ യേശുക്രിസ്തു വഴി ഉണ്ടായി" (യോഹ. 1:17) യേശുവിന്റെ പീഡാനുഭവ മരണ ഉത്ഥാനമാണ് കൃപയുടെ ആധാരം. എന്നാൽ, മറിയത്തിന്റെ പ്രത്യേക ദൗത്യത്തെ മാനിച്ച് ദൈവം മുൻകൂട്ടി ഈ യോഗ്യത അവനിൽ നിക്ഷേപിച്ചു. അതുകൊണ്ടാണ് ദൂതൻ പരിശുദ്ധ കന്യകയെ കണ്ട മാത്രയിൽ തന്നെ അവളെ "ദൈവകൃപ നിറഞ്ഞവൾ" എന്ന് അഭിസംബോധന ചെയ്തത്. ഈ വിശ്വാസമാണ് മറിയത്തിന്റെ അമലോത്ഭവമായി തിരുസഭ പ്രഖ്യാപിച്ചതും പഠിപ്പിക്കുന്നതും. മംഗളവാർത്താ സമയത്ത് പരിശുദ്ധാത്മാവ് അവളിൽ നിറഞ്ഞപ്പോൾ "കൃപയ്ക്കുമേൽ കൃപ" (യോഹ. 1;16) അവളിൽ സംജാതമായി, സർവകൃപകളുടേയും ഉപജ്ഞാതാവായ ദൈവപുത്രനെത്തന്നെ മറിയം തന്റെ ഉദരത്തിൽ പേറി. അതായത് വചനം മാംസം ധരിച്ച് അഥവാ രക്ഷാകര സംഭവം ആരംഭിച്ചത്, അതിലുപരി ദൈവം മനുഷ്യനായത് ഈ കന്യകയുടെ ഉദരത്തിലാണ്. അപ്രകാരം, പഴയനിയമത്തിലോ പുതിയ നിയമത്തിലോ ഇക്കാലത്തോ വരും കാലങ്ങളിലോ പരിശുദ്ധാത്മാവ് ഫലമണിഞ്ഞിട്ടില്ലെന്നും ഇനി ഇതുപോലെ ഫലമണിയുകയില്ലെന്നും നമുക്കറിയാം. മറിയത്തെ തിരഞ്ഞെടു

ത്തതും ദൈവം, മറിയത്തിൽ വസിച്ചതും ദൈവം, മറിയത്തിൽ ഫലം ചൂടിയതും ദൈവം.

മൂന്നാമത്തെ ധ്യാനചിന്ത "മറിയം ക്രിസ്തുവിന്റെ രക്ഷാകര ജീവിതത്തിന്റെ ആദ്യാവസാനം കൂടെ ഉണ്ടായിരുന്നു, അല്ലെങ്കിൽ മാനവകുലത്തിൽ യേശുവിനോടൊപ്പം അവന്റെ ഈ ലോക ജീവിതത്തിൽ ആദ്യാവസാനം ഉണ്ടായിരുന്നത് പരി. കന്യകമാത്രമായിരുന്നു എന്നതാണ്''. കുരിശിൻ ചുവട്ടിൽ പോലും വിട്ടുപിരിയാതെ കൂടെ നിൽക്കാൻ പരി. അമ്മയ്ക്ക് സാധിച്ചു.

നാലാമത്തെ ധ്യാന ചിന്ത "യേശു തന്റെ അമ്മയ്ക്കും മുമ്പേ ഉള്ളവനാണ്"എന്നതാണ്. ഈ അമ്മയുടെ അമ്മയായ അന്നയുടെ ഉദരത്തിൽ ഉരുവാകുമുമ്പേ ദൈവപുത്രൻ അവളെ അറിഞ്ഞിരുന്നു. മറിയത്തെ ഉൽഭവ പാപക്കറയിൽ നിന്ന് രക്ഷിക്കാൻ മറിയം അന്നയുടെ ഉദരത്തിൽ ഉരുവായ പ്രഥമക്ഷണത്തിൽതന്നെ യേശുവും അന്നയുടെ ഉദരത്തിൽ തീർച്ചയായും ഉണ്ടായിരുന്നിരിക്കില്ലേ?

തിരുവചനം പറയുന്നു "ഞാൻ നിഗൂഢതയിൽ ഉരുവാക്കപ്പെടുകയും ഭൂമിയുടെ അധോഭാഗങ്ങളിൽവച്ച് സൂക്ഷ്മതയോടെ സൃഷ്ടിക്കപ്പെടുകയും ചെയ്തപ്പോൾ, എന്റെ രൂപം അങ്ങേയ്ക്ക് അജ്ഞാതമായിരുന്നില്ല" (സങ്കീ. 139:15). സ്വന്തം അമ്മയുടെ ഉൽഭവം മുതൽ ഓരോ കാര്യവും അമ്മയുടെ ജനനവും അല്ല ജനിച്ച ദിവസം പോലും യേശുവല്ലേ തീരുമാനിച്ചത്? ഒരു ശിശുവായി പിറന്നുവീണ തന്റെ അമ്മയെ അവിടുന്ന് മൃദുവായി തലോടിയിരിക്കില്ലേ? ഇത് മനുഷ്യബുദ്ധിക്ക് മനസ്സിലാക്കാവുന്നതിലുമപ്പുറമാണ്. ഒരു മകനും തന്റെ അമ്മയെ ഇപ്രകാരം മനസ്സിലാക്കാൻ പറ്റിയിട്ടുണ്ടാവില്ല. വർഷങ്ങൾക്കിപ്പുറം ദൈവകുമാരൻ തന്റെ കൈയിൽ പിറന്നു വീണപ്പോൾ മറിയം ആദ്യമേ അവിടുത്തേക്ക് നന്ദിയായിരിക്കും അർപ്പിച്ചിട്ടുണ്ടാവുക. സ്വന്തം അമ്മയെ ജനനത്തിന് മുമ്പേ കടപ്പെടുത്തിയവനാണ് "യേശു".

അഞ്ചാമത്തെ ധ്യാനചിന്ത നാലാമത്തേതിനു തുടർച്ചയാണ്. "ദൈവത്തെ കടപ്പെടുത്തിയ ഏകവ്യക്തിയാണ് മറിയം". ദൈവത്തെ ഏതളവിൽ ശുശ്രൂഷിക്കാൻ വിളിക്കപ്പെട്ടവരും അത് അബ്രഹാം മുതൽ ദൈവരാജ്യത്തിലെ ഏറ്റവും ഒടുവിലത്തെ ശുശ്രൂഷകനും കടമമാത്രം



നിർവഹിക്കുന്ന വിലയില്ലാത്ത ദാസന്മാർ മാത്രമാണ് എന്ന് വി. ലൂക്കാ എഴുതിയ സുവിശേഷം പതിനേഴാം അദ്ധ്യായം പത്താം വാക്യത്തിൽ നാം കാണുന്നു. പക്ഷേ, അമ്മ എന്ന അവളുടെ സ്ഥാനത്താലും, ഒൻപത് മാസം ഉദരത്തിൽ തന്നെ അവൾ വഹിച്ചതുകൊണ്ടും, ഒരു ശിശുവെന്ന നിലയിൽ തന്റെ എല്ലാ ആവശ്യങ്ങളിലും അവളെ ആശ്രയിച്ചുകൊണ്ടും ജീവിതകാലത്തു യേശു തന്റെ പ്രിയമാതാവിനോട് പരിധികളില്ലാതെ കടപ്പെട്ടിരിക്കുന്നു. മനുഷ്യരായ നമ്മുടെ ഇടയിൽ ഒരു മോശക്കാരനായ മകൻ പോലും തന്റെ സുകൃത പൂർണ്ണയായ മാതാവിനെ മാനിക്കുന്നില്ലേ? എങ്കിൽ, ലോകത്തിൽ ഏറ്റവും നല്ല മകനായ യേശു താൻ തന്നെ തിരഞ്ഞെടുത്ത തന്റെ മാതാവിനോട് കടമകൾ നിർവഹിക്കാതിരിക്കുമോ? കന്യകാമറിയമെന്ന അമ്മയെ ഓർക്കുമ്പോൾ വിസ്മയമാണ്. ദൈവത്തെ ദൈവം നൽകിയ കൽപ്പനയാൽത്തന്നെ കടപ്പെടുത്തിയ ഏക മനുഷ്യവ്യക്തിയാണ് അവിടുന്ന്.

ആറാമത്തെ ധ്യാന വിഷയം "തനിക്ക് അമ്മ ആരായിരിക്കണം എന്ന് മുൻകൂട്ടി തിരുമാനിക്കാൻ

കഴിയുന്ന ഏകവ്യക്തി യേശു മാത്രമായിരുന്നു. അതിനാൽ അവിടുന്ന് ലോകത്തിലെ ഏറ്റവും പുണ്യവതിയായവളെ ആയിരിക്കും അമ്മയായി സ്വീകരിച്ചിരിക്കുക എന്നത് തീർച്ചയാണ്. എത്ര കുറവുകൾ ഉള്ളവരാണെങ്കിലും നമ്മുടെ അമ്മമാരെ ഞങ്ങൾ എത്രയധികം സ്നേഹിക്കുന്നുണ്ട്? നമ്മുടെ കാര്യത്തിൽ നമ്മളല്ല നമ്മുടെ അമ്മ ആരായിരിക്കണം എന്ന് തീരുമാനി



ക്കുന്നത്. പക്ഷേ ദൈവപുത്രനായ യേശുവിന്റെ കാര്യത്തിൽ അവിടുന്ന് തന്നെയാണ് ഏറ്റവും മനോഹരമായ ഒരു സൃഷ്ടിയെ തനിക്ക് അമ്മയായി മെനഞ്ഞത്. യേശു തന്റെ ജീവിതവുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ഏറ്റവും ശ്രേഷ്ഠമായതാണ് തിരഞ്ഞെടുത്തത് എന്ന് നാം ഓർക്കണം. ജറുസലേമിലേക്കുള്ള രാജകീയ പ്രവേശനത്തിന് അതുവരെയും ആരും കയറാത്ത കഴുത, വിശുദ്ധ കുർബാന സ്ഥാപിക്കാൻ സജ്ജീകൃതമായ മാളികമുറി ഇതിനേക്കാളൊക്കെ ഉപരിയായി പ്രപഞ്ച സൃഷ്ടിമുതൽ അന്നുവരെ കാണാത്ത ഉത്ഥാനമെന്ന വിസ്മത്തിന് സാക്ഷിയാകുവാൻ അതുവരെയും അരെയും സംസ്കരിച്ചിട്ടില്ലാത്ത ധനികനായ അരിമത്തിയായിലെ യൗസേപ്പിന്റെ തോട്ടത്തിലെ ആർഭാടപൂർണ്ണമായ കല്ലറ. ഇനിയൊന്ന് ചിന്തിച്ചാൽ മനസ്സിലാക്കാവുന്നതേയുള്ളു, മനുഷ്യാവതാരമെന്ന മഹാരഹസ്യത്തിന് കൂടാരമാവാൻ ദൈവം തിരഞ്ഞെടുത്ത പരിശുദ്ധ കന്യാമറിയം എത്രയധികം പുണ്യപൂർണ്ണയായിരിക്കില്ലയെന്ന്.

ഏഴാമത്തേതും അവസാനത്തേതുമായ ധ്യാനചിന്ത ഇപ്രകാരമാണ്, ''യേശുവിനെ സ്നേഹിക്കാനുള്ള ഹൃദയമാണ് ദൈവം പരിശുദ്ധ കന്യകയ്ക്ക് നൽകിയത്. അതിനാൽ ത്തന്നെ ആ ഹൃദയം പ്രപഞ്ചത്തെ മുഴുവൻ ഉൾക്കൊള്ളാൻ തക്കവിധം വിശാലമായിരിക്കും". അനേകരെ അകമഴിഞ്ഞ് സ്നേഹിക്കാനുള്ള ഒരു ഹൃദയം വി. മദർതെരേസയ്ക്ക് ഉണ്ടായിരുന്നതുപോലെ ഓരോ സൃഷ്ടിക്കും ദൈവം നൽകുന്ന ഹൃദയം അവരുടെ ദൗത്യത്തോട് ബന്ധപ്പെട്ടതായിരിക്കും. മറിയത്തിനുള്ള ദൗത്യം യേശുവിന്റെ അമ്മയാകുക എന്നുള്ളത് ആയതിനാൽ യേശുവിനെ അവിടുത്തേക്ക് തൃപ്തിയാവോളം സ്നേഹിക്കാൻ വേണ്ട സ്നേഹം അവളുടെ ഹൃദയത്തിൽ ദൈവപിതാവ് നിക്ഷേപിച്ചിരിക്കണം. സ്നേഹം കൊണ്ട് ദൈവത്തെ തൃപ്തിപ്പെടുത്തുക ഒരു സൃഷ്ടിക്ക് സാധ്യമാണോ? ആത്മീയ ഐക്യത്തിന്റെ അത്യുന്നത തലങ്ങളിൽ എത്തിയ കുരിശിന്റെ വിശുദ്ധ യോഹന്നാനും, ആവിലായിലെ വിശുദ്ധ അമ്മത്രേസ്യായും പോലുള്ള വിശുദ്ധ ആത്മാക്കൾ പോലും സ്നേഹിക്കുക എന്നതിലുപരി നിത്യതയിലോ എന്തെങ്കിലും ചെയ്യാൻ ആവുകയില്ല എന്ന സത്യത്തെ തിരിച്ചറിഞ്ഞു. സ്നേഹത്തിൽ (ദൈവത്തിൽ) ആയിരുന്ന് സ്നേഹത്തെ (ദൈവത്തെ) സ്നേഹിക്കുക എന്നതാണ് ദൈവതിരുമുന്നിൽ ഒരു മനുഷ്യാത്മാവിന് എത്തിപ്പറ്റാൻ സാധിക്കുന്ന ഏറ്റവും ഉയർന്ന നില. അതിനാൽ സ്നേഹത്തിന് എതിരായതെല്ലാം പാപമാണെന്ന് നിസ്സംശയം പറയാം. കാരണം, "ദൈവം സ്നേഹമാണ്'' (1 യോഹ. 4:8). ദൈവത്തിന്റെ ഭാഷ നിശബ്ദതയാണെന്ന് ആത്മീയ പിതാക്കന്മാർ നമ്മെ ഓർമിപ്പിക്കുമ്പോൾ നിശബ്ദതയിൽ മറഞ്ഞിരുന്ന് ദൈവിക ഇടപാടുകൾ ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചിരുന്ന പരിശുദ്ധ കന്യകയോളം ഉന്നതയായ മറ്റൊരു മിസ്റ്റിക് ഇല്ല. എല്ലാ സന്യാസത്തിന്റെയും, ധ്യാനത്തിന്റെയും, പ്രാർത്ഥനയുടേയും, പ്രേഷിത വേല

യുടേയും (മറിയം എലിസബത്തിന് സന്ദർശിച്ച് ശുശ്രൂഷിക്കുന്ന സംഭവം) ഉന്നതമകുടമാണ് പരിശുദ്ധ കന്യകയുടെ ജീവിതം. ഈ അമ്മയുടെ പുത്രനായി ദൈവം തന്റെ പുത്രനെ നൽകിയപ്പോൾ ലോകത്തിൽ യാതൊരു സമാനതകളുമില്ലാത്ത സമ്മാനത്തിനാണ് മാനവകുലത്തിന്റെ അഭിമാനമായ ഈ, രാജകന്യക അർഹയായത്. അതിനാൽ തന്നെ പുത്രനായ യേശുവിനെ സ്നേഹിച്ച് തൃപ്തിപ്പെടുത്താവുന്ന ഒരു ഹൃദയവും ദൈവം അവൾക്ക് നൽകി. പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായ ദൈവവുത്രനെ സ്നേഹിച്ച് തൃപ്തിപ്പെടുത്താൻ ഒരു സൃഷ്ടിക്ക് സാധിക്കുമോ? അത്യന്തം നിഗൂഢവും ഗ്രഹണാതീതവുമയ യേശുവിന്റെ കന്യകാജനനത്തോളം തന്നെ രഹസ്യാത്മകവും വിസ്മയാവഹവുമാണ് ഈ സത്യം. എന്നാൽ, മറിയം യേശുവിനെ സ്നേഹിച്ചു തൃപ്തിയെത്തി എന്നത് അനിഷേധ്യമായ വസ്തുതയാണ്. കാരണം, എല്ലാത്തിനും പരിപൂർണ്ണനായ ദൈവമനുഷ്യന് അമ്മയുടെ സ്നേഹം ശരിയായവണ്ണം ലഭിക്കാത്ത ഒരു അന്തരിക മുറിവ് ഉണ്ടാവാൻ ദൈവപിതാവ് ഒരിക്കലും ഇടയാക്കില്ല എന്നുള്ളത് തീർച്ചയാണല്ലോ. അങ്ങനെയെങ്കിൽ ദൈവമായ തന്റെ ഓമൽ കുമാരനെ സ്നേഹത്താൽ വീർപ്പു മുട്ടിച്ച ഈ അമ്മയുടെ ഹൃദയത്തിന് ഇത്പോലുള്ള അനേകം പ്രപഞ്ചങ്ങളെത്തന്നെ ഉൾക്കൊള്ളാൻ സാധ്യമല്ലേ?

വിമലഹൃദയ പ്രതിഷ്ഠയൊക്കെ പലവുരു നടത്തിയിട്ടുള്ള തന്റെ പല ഭക്താത്മാക്കളും ഈ വിമല ഹൃദയത്തിന് ലോകം മുഴുവനേയും ഉൾക്കൊള്ളാൻ പോന്ന വിശാലത ലഭിച്ചത് ഈ ഹൃദയം യേശു ഉൾക്കൊണ്ടതുകൊണ്ടാണ് എന്ന് തിരിച്ചറിഞ്ഞിട്ടുണ്ടോ എന്നത് സംശയമാണ്. യേശുവിനെ പേറിയ ഹൃദയം അല്ലെങ്കിൽ യേശു സ്നേഹിക്കപ്പെട്ട ഇടമായ പരിശുദ്ധ കന്യകയുടെ വിമലഹൃദയത്തിൽ തന്നെ നാമും സ്നേഹിക്കപ്പെടണമെന്നുള്ളതിന് അവിടുന്ന് തിരുവുള്ളമായി. ദൈവമാതാവിലേക്ക് പ്രവേശിക്കാൻ മടിക്കേണ്ട. വി. അഗസ്തിനോസ് പറയുന്നതുപോലെ യേശുവിനെ രൂപപ്പെടുത്തിയ മൂശയാണ് (അച്ച്) പരിശുദ്ധ കന്യക. അതിനാൽ നമ്മെയും എളുപ്പത്തിൽ യേശുവാക്കി മാറ്റാൻ ഈ മൂശക്ക് കഴിയും. മറിയത്തിലൂടെ യേശുവിലേക്ക് സധൈര്യം നടന്നടുക്കാം. നമ്മെതന്നെ പൂർണ്ണമായും ഈ നല്ല മാതാവിന് വിട്ടുകൊടുക്കുക.






# വീണ്ടെടുക്കേണ്ടതുണ്ട്, ജനാധിപത്യ രീതികളെ



**ബോബി ഏബ്രഹാം**

ഇന്ദിരാ ഗാന്ധിയുടെ ഭരണകാലത്ത് ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിൽ സമ്പൂർണ്ണ വിപ്ലവാഹ്വാനം മുഴങ്ങിയതും ജനകീയ പ്രക്ഷോഭം ആരംഭിച്ചതും ബിഹാറിലെ ഗ്രാമങ്ങളിലായിരുന്നു. ജനാധിപത്യം അട്ടിമറിക്കപ്പെടുന്നതായിരുന്നു അന്നും പ്രധാന വിഷയം. ലാലു പ്രസാദ് യാദവ്, രാം വിലാസ് പാസ്വാൻ തുടങ്ങി ഒട്ടേറെ നേതാക്കൾ ആ പ്രക്ഷോഭത്തിലൂടെ ഉയർന്നുവന്നു. അടിയന്തരാവസ്ഥ പ്രഖ്യാപിച്ചും പ്രതിപക്ഷ നേതാക്കളെ തടവിലാക്കിയും മാധ്യമ വാർത്തകൾ സെൻസർ ചെയ്തും പ്രക്ഷോഭം തടയാൻ ഇന്ദിര ശ്രമിച്ചെങ്കിലും ജനവികാരം എതിരായിരുന്നു. 1977ൽ നടന്ന പൊതു തിരഞ്ഞെടുപ്പിൽ ഇന്ദിരാ ഗാന്ധി അധികാരത്തിൽ നിന്നു പുറത്താവുകയും വിവിധ പ്രതിപക്ഷ പാർട്ടികൾ ലയിച്ചുണ്ടായ ജനതാ പാർട്ടി അധികാരമേറുകയും ചെയ്തു. അര നൂറ്റാണ്ട് കടന്നുപോയിരിക്കുന്നു. രാജ്യം വീണ്ടും ആശങ്കയിലാണ്. രാജ്യത്തെ ഭരണഘടനാ സ്ഥാപനങ്ങളെല്ലാം സംഘപരിവാർ അനുകൂലികളാൽ നിറഞ്ഞിരിക്കുന്നുവെന്നും ജനാധിപത്യ രീതികൾ അപ്രത്യക്ഷമാവുകയാണെന്നും പ്രതിപക്ഷം ആശങ്കപ്പെടുന്നു. തിരഞ്ഞെടുപ്പുകൾ പോലും അട്ടിമറിക്കപ്പെടുന്നുവെന്നും തിരഞ്ഞെടുപ്പ് കമ്മിഷൻ ബിജെപി നിയന്ത്രിതമാണെന്നും പ്രതിപക്ഷം ആരോപിക്കുന്നു.

കഴിഞ്ഞ പൊതു തിരഞ്ഞെടുപ്പിനു ശേഷം തിരഞ്ഞെടുപ്പ് ഫലത്തിൽ പ്രതിപക്ഷം സംശയം പ്രകടിപ്പിച്ചിരുന്നു. വോട്ടെണ്ണൽ പല ഘട്ടത്തിലും നിർത്തിവച്ചതും പിന്നീട് പുനരാരംഭിച്ചപ്പോൾ വോട്ടെണ്ണത്തിൽ വലിയ മാറ്റം വന്നതും സംശയകരമാണെന്ന് അവർ ആരോപിക്കുന്നു. മാത്രമല്ല, മഹാരാഷ്ട്രയിലും മറ്റും വൈകിട്ട് അഞ്ചിനു ശേഷം വോട്ടർമാരുടെ എണ്ണത്തിൽ കുതിച്ചുകയറ്റം ഉണ്ടായതും സംശയാസ്പദം ആണെന്ന് ആരോപണം ഉയർന്നു. ഇതിന്റെയെല്ലാം ആകെത്തുകയായിട്ടാണ് രാഹുൽ ഗാന്ധി ഏറെ ഗൃഹപാഠം ചെയ്ത് പത്രസമ്മേളനം നടത്തിയത്. ബെംഗളൂരുവിൽ നടത്തിയ പത്രസമ്മേളനം തീർത്തും പുതുമയുള്ളതായിരുന്നു. ആ പത്രസമ്മേളനം ഉയർത്തിവിട്ടത് കുടത്തിലെ

ഭൂതത്തെയാണെന്ന് തുടർന്നുള്ള സംഭവങ്ങൾ തെളിയിക്കുന്നുമുണ്ട്.

എന്തായിരുന്നു രാഹുലിന്റെ പത്രസമ്മേളനത്തെ വ്യത്യസ്തമാക്കിയത്? പ്രധാനമായും അതിന്റെ പിന്നിലുണ്ടായ പ്രയത്നം. മെഷീൻ റീഡബിൾ ഫോർമാറ്റിലുള്ള വോട്ടർ പട്ടിക തിരഞ്ഞെടുപ്പ് കമ്മിഷനോട് ആവശ്യപ്പെട്ടെങ്കിലും അദ്ദേഹത്തിന് അത് ലഭിച്ചില്ല. പകരം ഏഴടിപ്പൊക്കത്തിൽ വയ്ക്കാവുന്ന പ്രിന്റ് ആണ് ലഭ്യമാക്കിയത്. ആ പ്രിന്റ് വച്ച് വലിയൊരു ടീമിനെ നിയോഗിച്ച് ഇരട്ട വോട്ടുകളും വ്യാജ വോട്ടുകളും ഒക്കെ കണ്ടെത്തി. അത് ശ്രമകരമായ ജോലിയായിരുന്നു. കർണാടകയിലെ മഹാദേവ്പുര എന്ന നിയമസഭാ മണ്ഡലത്തിൽ നിന്നു മാത്രം സംശയാസ്പദമായ രണ്ടുലക്ഷത്തിലേറെ വോട്ടുകളാണ് കണ്ടെത്തിയത്. ഒരൊറ്റ മുറിയിൽ ചേർത്ത നൂറു കണക്കിന് വോട്ടുകൾ, വീട്ടു നമ്പർ പോലും ഇല്ലാത്ത വോട്ടർമാർ, പിതാവിന്റെ പേരിന്റെ സ്ഥാനത്ത് asdfgh എന്നു പേരുള്ള ആളുകൾ ഇവരെയൊക്കെ കണ്ടെത്തിയെടുക്കുക ശ്രമകരമായ ദൗത്യം തന്നെയായിരുന്നു. ഈ വിഷയങ്ങൾ ഏറെ പഠിച്ച് അവതരിപ്പിച്ചപ്പോൾ അത് ശ്രദ്ധേയമായി. പവർ പോയിന്റ് പ്രസന്റേഷൻ ഉൾപ്പെടെ ഉപയോഗിച്ചു നടത്തിയ പത്രസമ്മേളനത്തിൽ ഒരു ചോദ്യത്തിനു പോലും ഉത്തരം ലഭിക്കാതെ പോയില്ല. ദേശീയ മാധ്യമങ്ങൾ എന്നു വിളിക്കപ്പെടുന്ന ചില മാധ്യമങ്ങൾ രാഹുലിന്റെ പത്രസമ്മേളനം കണ്ടില്ലെന്നു നടിച്ചെങ്കിലും രാജ്യം മുഴുവൻ അതായിരുന്നില്ല സ്ഥിതി. സമൂഹ മാധ്യമങ്ങൾ ഉൾപ്പെടെ വിഷയം ഏറ്റെടുത്തതോടെ 'വോട്ട് ചോരി' എന്ന പ്രയോഗം കത്തിപ്പടർന്നു. ഭരണനേതൃത്വവും തിരഞ്ഞെടുപ്പ് കമ്മിഷനും സംശയനിഴലിലായി. രാജ്യത്ത് ഇത്രയേറെ അനുരണനങ്ങൾ ഉണ്ടാക്കിയ മറ്റൊരു പത്രസമ്മേളനം അടുത്ത കാലത്തുണ്ടായിട്ടില്ല.

വിഷയത്തെ തിരഞ്ഞെടുപ്പ് കമ്മിഷൻ നേരിട്ടത് ദുർബലമായ രീതിയിലായിരുന്നു. തിരഞ്ഞെടുപ്പിൽ അംപയറുടെ റോൾ വഹിക്കേണ്ട തിരഞ്ഞെടുപ്പ് കമ്മിഷൻ പക്ഷം ചേരുകയാണെന്ന ആരോപണം നേരത്തേതന്നെ പ്രതിപക്ഷം ഉയർത്തുന്നുണ്ട്. മഹാരാഷ്ട്രയിലെയും മറ്റും വോട്ടെടുപ്പ് സംബന്ധമായ സിസിടിവി ദൃശ്യങ്ങൾ ചോദിച്ചപ്പോൾ കൊടുക്കാൻ വിസമ്മതിച്ച കമ്മിഷൻ ദൃശ്യങ്ങൾ 45 ദിവസത്തിലധികം സൂക്ഷിക്കേണ്ടതില്ലെന്ന ചട്ടഭേദഗതി മുമ്പ് കൊണ്ടുവന്നിരുന്നു. ഇത്തരം നടപടികളൊക്കെ കമ്മിഷന്റെ നിഷ്പക്ഷതയെ ചോദ്യം ചെയ്യുന്നതായിരുന്നു. ബിഹാറിലെ കോടിക്കണക്കിനു വോട്ടർമാരോട് വോട്ട് വേണമെങ്കിൽ രേഖകൾ കൊണ്ടുവരൂ എന്നു പറഞ്ഞ് വെട്ടിനിരത്തൽ നടത്തിയതും സംശയമുയർത്തിയിരുന്നു. വോട്ടർ പട്ടിക ശുദ്ധീകരണം എന്ന പേരിൽ നടത്തിയ നടപടികൾ ചില വിഭാഗങ്ങളെ ഒഴിവാക്കാനായിരുന്നു എന്ന സംശയം പ്രതിപക്ഷം ഉയർത്തിയിരുന്നു. അവർ സുപ്രീംകോടതിയെ സമീപിച്ചപ്പോഴും തിരഞ്ഞെടുപ്പ് കമ്മിഷൻ ഉറച്ച നിലപാടിലായിരുന്നു. വോട്ടർ പട്ടികയിൽ നിന്നു പുറന്തള്ളാതിരിക്കാൻ ഹാജരാക്കാവുന്ന രേഖകളിൽ നിന്ന് ആധാർ ഒഴിവാക്കുകയും ആധാറിന്റെ ആധികാരികതയിൽ തന്നെ സംശയമുയർത്തുകയും ചെയ്തു കമ്മിഷൻ, ആദ്യമൊക്കെ ഉറച്ചനിലപാടെടുത്ത സുപ്രിം കോടതി പിന്നീട് തിരഞ്ഞെടുപ്പ് കമ്മിഷനെ അനുകൂലിക്കുന്ന സമീപനത്തിലേക്കു മാറുകയാണോ എന്ന സംശയമുയർന്നിരുന്നു. എങ്കിലും വോട്ടർ പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെടുന്ന 65 ലക്ഷത്തോളം പേരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കണമെന്നും പരിഗണിക്കുന്ന രേഖകളിൽ ആധാറും ഉൾപ്പെടുത്താമെന്നുമുള്ള നിർദേശം സുപ്രീം കോടതിയുടെ ഭാഗത്തു നിന്നുണ്ടായത് കുറച്ച് ആശ്വാസം പകർന്നു. എങ്കിലും നിയമസഭാ തിരഞ്ഞെടുപ്പ് അടുത്തിരിക്കെ തിരക്കിട്ട് വോട്ടർ പട്ടിക ശുദ്ധീകരണം നടത്തുന്നത് തടയണമെന്ന ആവശ്യം അംഗീകരിച്ചുമില്ല.

രാഹുലിന്റെ പത്രസമ്മേളനത്തിലേക്കു തന്നെ തിരിച്ചുവരാം. രാഹുലിന്റെ ആരോപണങ്ങൾക്കു മറുപടിയുമായി ഇറങ്ങിയ തിരഞ്ഞെടുപ്പ് കമ്മിഷൻ ഒരു രാഷ്ട്രീയ കക്ഷിയുടെ രീതിയിലാണ് സംസാരിച്ചത്. ആരോപണം ഉയർത്തിയ ആൾ നേരിട്ടുവന്ന് പരാതി നൽകണമെന്നും മറ്റുമുള്ള ആവശ്യമായിരുന്നില്ല കമ്മിഷൻ ഉയർത്തേണ്ടിയിരുന്നത്. പ്രതിപക്ഷ നേതാവ് നടത്തിയ ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തേണ്ടിയിരുന്നു. അതുണ്ടായില്ലെന്നു മാത്രമല്ല സിസിടിവി

ദൃശ്യങ്ങൾ നൽകിയാൽ അത് വോട്ടർമാരുടെ സ്വകാര്യതയെ ബാധിക്കുമെന്നും മറ്റുമുള്ള പരിഹാസ്യമായ വാദം മുന്നോട്ടുവയ്ക്കുകയും ചെയ്തു. പക്ഷേ, പത്രസമ്മേളനത്തിലൂടെ വലിയ ആരോപണം ഉന്നയിച്ച രാഹുൽ കുലുങ്ങിയില്ലെന്നു മാത്രമല്ല ബിഹാറിൽ വോട്ട് അധികാർ യാത്ര പ്രഖ്യാപിച്ച് സമ്മർദം കൂട്ടുകയും ചെയ്തു. ബെംഗളൂരുവിൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ വലിയ റാലി നടത്തിയ ശേഷമാണ് ബിഹാറിൽ വോട്ട് അധികാർ യാത്ര തുടങ്ങിത്. 19 ദിവസത്തെ യാത്ര വലിയ മുന്നേറ്റമായി മാറുകയാണ്. ഇന്ത്യ സഖ്യ നേതാക്കളെല്ലാം പങ്കെടുത്ത ഉദ്ഘാടന സമ്മേളനത്തിൽ വലിയ ജനക്കൂട്ടമാണെത്തിയത്. ഗ്രാമങ്ങളിലേക്ക് കടക്കുംതോറും ജനം ഒഴുകിയെത്തുന്നു. ആയിരങ്ങളിൽ നിന്ന് ലക്ഷങ്ങളിലേക്കുള്ള കൂട്ടമായി അതു മാറുന്നു. 'ഇന്ന് നിങ്ങളുടെ വോട്ട് പോകും, നാളെ നിങ്ങളുടെ റേഷൻ പോകും' എന്ന രാഹുലിന്റെ മുന്നറിയിപ്പ് വലിയ ആശങ്കയോടെ ജനം ഏറ്റെടുത്തു എന്നത് സത്യം.

ഇതിനിടെ അമേരിക്കയുടെ തീരുവ പ്രഖ്യാപനം മൂലം നരേന്ദ്ര മോദിക്കുണ്ടായ പ്രതിച്ഛായ നഷ്ടവും ബിജെപിയെ സമ്മർദത്തിലാക്കിയിട്ടുണ്ട്. മൈ ഫ്രണ്ട് എന്നു നിരന്തരം വിശേഷിപ്പിച്ചുകൊണ്ടിരുന്ന ഡോണാൾഡ് ട്രംപ് പെട്ടെന്നു നിലപാട് മാറ്റിയതെന്തുകൊണ്ട് എന്ന് അറിയാതെ ഉഴലുകയാണ് ഭരണ നേതൃത്വം. അബ് കി ബാർ ട്രംപ് , ഹൗഡി മോഡി പ്രചാരണങ്ങളൊക്കെ ഇപ്പോൾ തിരിഞ്ഞുകുത്തുന്നു. പാക്കിസ്ഥാൻ സൈനിക മേധാവി ചെറിയ ഇടവേളയിൽ രണ്ടുതവണ ട്രംപിനെ നേരിൽക്കാണുകയും പാക്കിസ്ഥാനും അമേരിക്കയുമായി കൂടുതൽ അടുപ്പത്തിലേക്ക് നീങ്ങുകയും ചെയ്യുന്നു. ഇതെല്ലാം നമ്മുടെ നയതന്ത്ര പരാജയമായും വിലയിരുത്തപ്പെടുന്നു. ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാറും ആന്ധ്ര മുഖ്യമന്ത്രി ചന്ദ്രബാബു നായിഡുവും കളമറിഞ്ഞു കളിക്കുന്നവരാണെന്ന അറിവ് ബിജെപിക്കുമുണ്ട്. ഇരുവർക്കും അധികാരം നിലനിർത്തുകാണ് ലക്ഷ്യം. ബിഹാറിലെ വലിയ ജനമുന്നേറ്റം നിതീഷിനെ ആശങ്കയിലാഴ്ത്തുന്നുണ്ടെന്നതു സത്യം. നായിഡുവിന്റെ കാര്യത്തിലും സ്ഥിതി സമാനമാണ്. രാഷ്ട്രീയത്തിൽ ഒന്നും ഒന്നും ചേർന്നാൽ ചിലപ്പോൾ മൂന്ന് ആകും എന്നറിയാത്തവരല്ല ഇരുവരും. അതായത് ഇന്ത്യൻ രാഷ്ട്രീയ രംഗം മാറുകയാണ് എന്നു നിശ്ചയം.

ഇതിനിടെ കേന്ദ്രം തിരക്കിട്ടുകൊണ്ടുവരുന്ന പുതിയ നിയമത്തിന്റെ ഉദ്ദേശ്യശുദ്ധിയെയും സംശയിക്കേണ്ടതുണ്ട്. 30 ദിവസത്തിലേറെ ജയിലിൽ കഴിയേണ്ടിവരുന്ന മന്ത്രിമാരും മുഖ്യമന്ത്രിമാരും പ്രധാനമന്ത്രിയും സ്ഥാനമൊഴിയണം എന്ന നിർദേശം പ്രത്യക്ഷത്തിൽ സദുദ്ദേശ്യപരം എന്നു തോന്നിപ്പിക്കുമെങ്കിലും വസ്തുത അതല്ല. എതിർപക്ഷത്തെ ഒതുക്കാൻ ഇഡിയെ എങ്ങനെ ഉപയോഗിക്കണമെന്ന് അറിയാത്തവരല്ല നിലവിലെ യൂണിയൻ ഭരണകൂടത്തെ നയിക്കുന്നത്. സംസ്ഥാനങ്ങളിലെ അനഭിമതരെയെല്ലാം ഒഴിവാക്കാൻ ഇഡിയെ ഫലപ്രദമായി ഉപയോഗിച്ചതിന്റെ കഥകളേറെയുണ്ട്. നാളെയും അതുതന്നെ ആവർത്തിക്കാനാണ് സാധ്യത. സംഗതി വളരെ സിംപിൾ ആണ്. ഇഡി കേസ് എടുക്കുന്നു, അറസ്റ്റ് ചെയ്യുന്നു, 30 ദിവസം റിമാൻഡ് ചെയ്യുന്നു. ഒരാളെ ഒഴിവാക്കാൻ ഇത്രയും മതി. കോടതി നടപടികളിലൂടെ അയാൾ കുറ്റവിമുക്തനായി വരാൻ കാലമെടുക്കും. ജനങ്ങൾ തിരഞ്ഞെടുക്കുന്നയാളെ ഈ രീതിയിൽ ഒഴിവാക്കാൻ കഴിയുമെങ്കിൽ എന്താണ് ജനാധിപത്യത്തിന്റെ അർഥം? വിരട്ടിനിർത്തേണ്ടവരെ വിരട്ടിനിർത്താനുള്ള അടവ് മാത്രമാണ് പുതിയ നിയമം എന്നറിയാൻ ഏറെ ആലോചിക്കുകയൊന്നും വേണ്ട. ആരെയോ ലക്ഷ്യമിട്ടുതന്നെയാണ് ഈ നിയമം പെട്ടെന്നു കൊ്ണ്ടുവരുന്നതെന്ന



കാര്യത്തിൽ സംശയം വേണ്ട. അതായത് എല്ലാ അർഥത്തിലും ജനാധിപത്യം അപകടത്തിലാകുന്നു. ആ അപകടത്തിനെതിരായ പോരാട്ടമാണ് ജയപ്രകാശ് നാരായണൻ പണ്ട് ബിഹാറിൽ നിന്നാരംഭിച്ചത്. വീണ്ടും ബിഹാറിൽ നിന്നുതന്നെ ജനാധിപത്യ സംരക്ഷണ പോരാട്ടം ഉയർന്നുവരുന്നു. ജെപിയുടെ സ്ഥാനത്ത് ഇന്ദിരയുടെ കൊച്ചുമകൻ ആണെന്ന കൗതുകം കൂടിയുണ്ടെന്നു മാത്രം. ഇതിനിടെയുണ്ടായ വലിയൊരു അദ്ഭുതം അനിൽ അംബാനിക്കെതിരെയുണ്ടായ നടപടികളാണ്. വായ്പാത്തിട്ടിപ്പിന്റെ പേരിൽ അനിലിന്റെ വീട് റെയ്ഡ് ചെയ്യുന്നു, നിയമനടപടികൾ തുടങ്ങുന്നു. റഫേൽ വിമാന ഇടപാടിൽ പോലും അനിൽ അംബാനിയുടെ കമ്പനിയെ കൂടെ നിർത്താൻ താൽപര്യം കാണിച്ചവർ എന്തുകൊണ്ട് പെട്ടെന്നു ചുവടു മാറ്റുന്നു എന്നറിയാൻ കുറച്ചുകാത്തിരിക്കേണ്ടിവരും.

എല്ലാ കയറ്റങ്ങൾക്കും ഒരിറക്കമുണ്ട്. ഹിന്ദുത്വ എന്ന ഒരൊറ്റ അജണ്ടയിൽ രാജ്യത്തെ കോർത്തിടാൻ ശ്രമിക്കുന്നവർ നമ്മുടെ വൈവിധ്യത്തെ കണ്ടില്ലെന്നു നടിക്കുകയാണ്. എല്ലാ മതങ്ങൾക്കും ഇന്ത്യയിൽ ഒരേ അവകാശമാണുള്ളതെങ്കിലും ചിലർക്ക് കൂടുതൽ അധികാരങ്ങളുണ്ടെന്ന രീതി രാജ്യത്ത് വളർന്നു വരുന്നു. ഛത്തീസ്ഗഢിൽ രണ്ടു കന്യാസ്ത്രീകളെ തടഞ്ഞുവയ്ക്കാനും പൊലീസ് സ്റ്റേഷനുള്ളിൽപോലും ചോദ്യം ചെയ്യാനും ചിലർക്ക് അവകാശം ലഭിച്ചത് അങ്ങനെയാണ്. മതത്തിന്റെ പേരിൽ മാത്രമല്ല, ഭാഷയുടെ പേരിൽ പോലും അധീശത്വത്തിന് ശ്രമിക്കുന്നു. സംസ്ഥാനങ്ങൾക്കുള്ള സഹായത്തിന്റെ കാര്യത്തിൽ പോലും വിവേചനം ഉണ്ട്. ഇന്ത്യൻ ഭരണഘടനപോലും ചില അജണ്ടകൾക്കനുസരിച്ച് ഭേദഗതി ചെയ്യണമെന്ന ആവശ്യം ഉയര്ന്നു വരുന്നുണ്ട്. ഇതെല്ലാം ജനാധിപത്യത്തിനെതിരായ ഭീഷണി തന്നെയാണ്. അതിനെ ചെറുക്കുന്ന വലിയ ജനമുന്നേറമായി വോട്ട് അധികാർ യാത്ര മാറുമോ എന്ന ചോദ്യം രാജ്യമെമ്പാടും ഉയരുന്നുണ്ട്. പരിഹാസത്തോടെ പപ്പു എന്നു മാത്രം വിളിച്ചിരുന്നവർ ഇപ്പോൾ രാഹുലിനെ ഗൗരവമായി കാണാൻ തുടങ്ങിയിരിക്കുന്നു എന്നതുതന്നെ ആശാവഹമാണ്. എതിർപക്ഷത്തെയും പരിഗണിക്കുമ്പോഴാണ് ജനാധിപത്യം സുന്ദരമായി മാറുന്നത്. അങ്ങനെയല്ലാത്തതെല്ലാം ഏകാധിപത്യമാണ്. നമുക്ക് വേണ്ടത് ജനാധിപത്യമാണ് എന്ന് തിരിച്ചറിവിലേക്ക് എത്തണമെങ്കിൽ വലിയ തോതിലുള്ള ബോധവൽക്കരണം തന്നെ വേണ്ടിവരും. ഏതാനു മുതലാളിമാർക്കുവേണ്ടിയല്ല, ജനത്തിനു വേണ്ടിയാവണം ഭരണം എന്ന കാഴ്ചപ്പാട് രാഷ്ട്രീയ നേതൃത്വത്തിന് അനിവാര്യമാണ്. അത്തരം തിരിച്ചറിവുകൾ ഉണ്ടാക്കാൻ കൂടിയുള്ളതാണ് സമരങ്ങൾ. അതിനെ നിസ്സാരമായി കാണുന്നത് അപകടമാണ്. ഒരുകാര്യം കൂടി പറഞ്ഞേ മതിയാകൂ. ബിഹാറിൽ വോട്ടർ അധികാർ യാത്ര വലിയ തരംഗമായി മാറുന്നു. ജനാധിപത്യ പുന:സ്ഥാപനത്തിനായി വലിയ സമരങ്ങൾ നടക്കേണ്ടതുണ്ടെങ്കിലും പ്രതിപക്ഷം ഇപ്പോഴും അതിനെ ഗൗരവമായി എടുത്തിട്ടുണ്ടോ എന്നു സംശയമുണ്ട്. കേരളത്തിലുൾപ്പെടെ പഴകിദ്രവിച്ച സമരരീതികൾ മാത്രമാണ് ഇപ്പോഴും പുറത്തെടുക്കുന്നത്. ജില്ലാ കേന്ദ്രത്തിലോ താലൂക്ക് കേന്ദ്രത്തിലോ സംഘടിച്ച് പ്രകടനം നടത്തുകയെന്നതിനപ്പുറം സമരരീതികളൊന്നും കണ്ടില്ല. ഗതാഗത സ്തംഭനം ഉണ്ടാക്കാമെന്നല്ലാതെ പ്രത്യേക ഗുണമൊന്നും ഇത്തരം സമരരീതികൾക്കില്ല. എന്നാൽ വീടുവീടാന്തരം കയറിയുള്ള പ്രചാരണങ്ങളിലേക്കും മറ്റും പോകേണ്ട സമയമാണെന്ന തിരിച്ചറിവുപോലും ഇല്ലാത്തവർ പ്രതീക്ഷ കെടുത്തുന്നു എന്നു പറയാതെ വയ്യ. പ്രതിപക്ഷവും ശക്തമാകുമ്പോഴേ ജനാധിപത്യം ശക്തമാകൂ. അധികാരപാത മാത്രമാണ് ശരിയെന്നു വിശ്വസിക്കുന്ന നേതാക്കൾ ഇപ്പോഴും കോൺഗ്രസിലുൾപ്പെടെയുണ്ട്. അവരൊക്കെ അവസരത്തിനായി ഇപ്പോഴും തക്കംപാർത്തിരിക്കുന്നു എന്നതും പ്രതിപക്ഷ നീക്കങ്ങളെ ദുർബലമാക്കുന്നു.

**മേമ്പൊടി**

ബിഹാറിൽ രാഹുൽ ഗാന്ധി ജനാധിപത്യം വീണ്ടെടുക്കൽ പോരാട്ടം നടത്തുമ്പോൾ കേരളത്തിൽ രാഹുൽ മാങ്കൂട്ടത്തിൽ ഇമേജ് സംരക്ഷണ പോരാട്ടത്തിലാണ്. മിന്നൽ പോലെ വന്ന രാഹുൽ പെട്ടെന്ന് വീണത് പടുകുഴിയിലേക്കാണ്. ഭാവിയുള്ള നേതാവായിരുന്നു. പക്ഷേ ശ്രദ്ധ ഉണ്ടായില്ല. വി.എം. സുധീരൻ മുമ്പ് പറഞ്ഞൊരു കാര്യം ഓർക്കുന്നു. 'ഞാൻ പ്രതിച്ഛായ സംരക്ഷിക്കാൻ ശ്രമിക്കുന്നു എന്നു

ചിലർ പറയുന്നു. അതിലെന്താണ് തെറ്റ്? പൊതുരംഗത്ത് നിൽക്കുന്നവർ പ്രതിച്ഛായ സംരക്ഷിക്കുക തന്നെ വേണം.'

രാഹുലിന് ശ്രദ്ധ ഉണ്ടായില്ല. അതിനു കൊടുക്കേണ്ട വില വലിയതുമാണ്. മാത്രമല്ല പുറത്തുവരുന്ന വിവരങ്ങൾ ശരിയാണെങ്കിൽ അദ്ദേഹം അധികാര സ്ഥാനങ്ങളിലേക്കൊക്കെ വന്നിരുന്നെങ്കിൽ വലിയ അപകടമാകുമായിരുന്നു എന്നു പറയാതെ വയ്യ.

ഏറ്റവും കൗതുകകരമായി തോന്നിയത് ഇടതുപക്ഷത്തിന്റെ ധാർമിക പ്രസംഗമാണ്. രാഹുലിന്റെ രാജി ആവശ്യപ്പെടുന്നവർക്ക് മുകേഷിന്റെ കാര്യത്തിൽ പ്രശ്നമൊന്നുമില്ല. മന്ത്രിമാരായി ഇരിക്കുന്ന രണ്ടുപേരുടെ കേസുകളൊക്കെ നിലനിൽക്കുമ്പോൾ തന്നെയാണ് അവർ മന്ത്രിമാരായി നിയോഗിക്കപ്പെട്ടത്. മാത്രമല്ല, ഇത്തരം വിഷയങ്ങൾക്ക് പാർട്ടിക്കോടതിയുണ്ടെന്നു പരസ്യമായി പറഞ്ഞ നേതാക്കളും അവിടെയുണ്ട്. പക്ഷേ, ധാർമിക പ്രസംഗം നടത്താൻ മടിക്കേണ്ടതില്ലല്ലോ.



## ഉപകാരസ്മരണ









ഒരു വിശ്വാസി

www.malankaralibrary.com



**ആരാധനക്രമ പഠനലേഖനങ്ങൾ-14**

# ശ്റോഗോ ദ് ഉറ്ഹോ (വഴിവിളക്ക്)



**റവ. ഡോ. തോമസ് പ്രമോദ് ഒ.ഐ.സി.**

## ദൈവമാതാവിന്റെ വാങ്ങിപ്പിന്റെ ഓർമ്മ-ചരിത്രവും ദൈവശാസ്ത്രവും

മലങ്കര സഭയുടെ ആരാധനാ ആദ്ധ്യാത്മികതയിൽ അനിതരസാധാരണമായ ഭക്തി, മരിയൻ തിരുനാളുകളിൽ ആഘോഷിക്കുന്നു. രക്ഷാകര സംഭവത്തിലെ മറിയത്തിന്റെ അമൂല്യമായ സ്ഥാനമാണ് പ്രസ്തുത ആചരണത്തിന്റെ പ്രമുഖ കാരണം. ദൈവമാതാവെന്നും (ഏമോദാലോഹോ) ദൈവത്തെ പ്രസവച്ചവളെന്നുമുള്ള (യോൽദാസ് ആലോഹോ) അഭിധാനങ്ങളാൽ ആരാധനാദൈവശാസ്ത്രം ആ ധന്യജീവിതത്തെ പുകഴ്ത്തുന്നു. സ്ലീബായും മറിയവും ക്രിസ്തുവിനെ വഹിച്ച ഘടകങ്ങളാൽ, പ്രാർത്ഥനകൾ അവളെ പ്രത്യേകം ശ്ലാഘിക്കുന്നു. മറിയത്തിന്റെ ഓർമ്മയെ വലുതാക്കിടുമെന്ന് പ്രത്യേകം അർത്ഥനകൾ ഭക്തർ നിറവേറ്റുന്നു. രക്ഷയുടെ പരിചാരികയും സാക്ഷ്യവുമായി മറിയം പ്രത്യേകം സ്മരിക്കപ്പെടുന്നു. സ്വർഗ്ഗസേനകൾക്ക് സദൃശ്യമായിരിക്കുന്ന ആ ജീവിതം, സ്വർഗ്ഗപ്രാപ്തിക്കുള്ള വഴികാട്ടിയും ദർശനവുമാകുന്നു. അവളെ സംബന്ധിച്ച വൃത്താന്തങ്ങളും ഉപമാലങ്കാരങ്ങളും ദൈവിക പദ്ധതിയുടെ കാര്യവിചാരിപ്പുകാരിയും ഉപാസകയുമാക്കി ആ ജീവിതത്തെ പുകഴ്ത്തുന്നു. മരിയൻ പെരുന്നാളുകളെ ആഘോഷപൂർവ്വം കൊണ്ടാടുമ്പോൾ, ആത്മീയ മുന്നേറ്റത്തിന് മാതൃകയും പ്രത്യാശയും പകർന്ന് നൽകുവാൻ 'മരിയൻ ദർശനം' കാരണമാകുന്നു. ക്രിസ്തീയ ജീവിതക്രമത്തിൽ ആഴമേറിയ ദൈവശാസ്ത്ര അർത്ഥങ്ങൾ പ്രദാനം ചെയ്യുന്ന ഒരു മരിയൻ തിരുന്നാളാണ് സ്വർഗ്ഗാരോപണപെരുന്നാൾ. ആരാധനാവത്സരത്തിലെ അവസാന കാലഘട്ടം (ഓഗസ്റ്റ് 15) ക്രമീകരിച്ചിരിക്കുന്ന ഈ തിരുന്നാൾ ഭക്തർ പ്രാപിക്കേണ്ടതായ ജീവിതലക്ഷ്യം വ്യക്തമാക്കുന്നു.

## ചരിത്രാവലോകനം

ഓഗസ്റ്റ് 15-ന് ആഘോഷിക്കപ്പെടുന്ന സ്വർഗ്ഗാരാപണമെന്ന തിരുന്നാൾ നിർണായകമായ ചരിത്രവഴികളിലൂടെ വികാസം പ്രാപിച്ചതാണ്. ഏറ്റവും പഴക്കം ചെന്ന ഈ മരിയൻ തിരുന്നാളിന്റെ ഉത്ഭവം ചരിത്ര പുസ്തകങ്ങൾ വ്യത്യസ്ത സാംസ്കാരിക പ്രതിപാദന ശൈലികളാൽ അവതരിപ്പിക്കുന്നുണ്ട്. നാലാം നൂറ്റാണ്ടിന്റെ അവസാന കാലഘട്ടത്തിൽ ജെറുസലേമിൽ ഈ തിരുന്നാൾ നിലനിന്നിരുന്നു എന്ന് പറയപ്പെടുന്നു. ഈ മരിയൻ ഓർമ്മയാചരണത്തിന്റെ ആദ്യഭാഗം Kathisma എന്ന സ്ഥലത്ത് ആവിർഭവിച്ചു എന്നു പറയപ്പെടുന്നു. ബെത്‌ലഹേമിലേക്കുള്ള യാത്രാമദ്ധ്യേ ഈ സ്ഥലത്ത് വിശ്രമിച്ചു എന്നാണ് ഐതിഹ്യം. കാലക്രമത്തിൽ ജറുസലേമിൽ സ്ഥിതിചെയ്തിരുന്ന കല്ലറയുടെ സ്ഥലത്തേക്ക് ഈ ഓർമ്മയാചരണം കേന്ദ്രീകരിക്കപ്പെട്ടു. അക്കാരണത്താലാണ് ഈ പെരുന്നാൾ 'Dormition of Mary' മറിയത്തിന്റെ നിര്യാണപ്പെരുന്നാൾ എന്ന് അറിയപ്പെടാൻ ഇട

യായത്. എഫേസൂസ് കൗൺസിൽ വെളിപ്പെടുത്തി പ്രഖ്യാപിച്ച ദൈവമാതാവ് (Theotokos) എന്ന ബഹുമാന്യ സ്ഥാനം മരിയൻ തിരുന്നാളുകൾക്ക് പൊതുവെയും സ്വർഗ്ഗാരോപണ തിരുന്നാളിന് പ്രത്യേകമായ ദൈവശാസ്ത്ര അടിത്തറ നൽകി.

സ്വർഗ്ഗാരോപണ തിരുന്നാൾ ഓഗസ്റ്റ് 15-ന് ആഘോഷിക്കപ്പെടാൻ കാരണമെന്ത്? 3 മരിയൻ തിരുന്നാളുകൾ മാതാവിലെ പുകഴ്ചയുടെ പെരുന്നാളായി '15' എന്ന തീയതിയിൽ ആഘോഷിക്കുന്നു. ജനുവരി 15 വിത്തുകളെ പ്രതിയുള്ള തിരുന്നാൾ, മേയ് 15 കതിരുകളെ പ്രതിയുള്ള തിരുന്നാൾ, ഓഗസ്റ്റ് 15 മാതാവിന്റെ വാങ്ങിപ്പിന്റെ തിരുന്നാൾ. മാതാവിന്റെ നിര്യാണത്തെ ഓഗസ്റ്റ് 15-ന് തിരഞ്ഞെടുക്കുവാൻ ഒരു ഐതിഹ്യമുണ്ട്. ബസെന്റയൻ ചക്രവർത്തിയായിരുന്ന മൗറിസ് (583-602 എഡി) ഈ തീയതി പ്രത്യേകമായി തിരഞ്ഞെടുത്ത് ആഘോഷിക്കുവാൻ തുടങ്ങി. 451-ൽ ജറുസലേമിലെ മെത്രാനായിരുന്ന വി. ജുവനാൽ മറിയത്തിന്റെ മൃതശരീരം കോൺസ്റ്റാന്റിനോപ്പിളിൽ സ്ഥാപിക്കുവാൻ വേണ്ടി കല്ലറ തുറന്നപ്പോൾ, അത് ശൂന്യമായിരുന്നു എന്ന് മറ്റൊരു പാരമ്പര്യം വ്യക്തമാക്കുന്നു.

കിഴക്കൻ സഭയിൽ മറിയത്തിന്റെ നിര്യാണപ്പെരുന്നാൾ ആദ്യ കാലഘട്ടം മുതൽ ആഘോഷിച്ചിരുന്നുവെന്നതിന് പൗരാണികമായ ഐക്കണുകൾ സൂചിപ്പിക്കുന്നു. Koimaomai എന്ന ഗ്രീക്കു പദം, ഉറക്കം, വിശ്രമം എന്നീ അർത്ഥങ്ങൾ വ്യക്തമാക്കുന്നു. ഈ പേരിലുള്ള ഐക്കണുകൾ മറിയത്തിന്റെ നിര്യാണവും സ്വർഗ്ഗാരോപണവും ചിത്രീകരിക്കുന്നു. സന്ന്യാസ ഭവനങ്ങളിൽ കാണപ്പെട്ട പ്രാചീന ഐക്കണുകൾ കാര്യാത്മകമായി ഈ സംഭവത്തെ അവതരിപ്പിക്കുന്നു. ബൈസന്റൈൻ സഭയുടെ ആരാധനാ പാരമ്പര്യം ഈ മരിയൻ പെരുന്നാളിന് വലിയ പ്രാധാന്യം നൽകി വന്നിരുന്നു. എത്യോപ്യൻ സഭാപാരമ്പര്യവും മരിയൻ ഭക്തിക്ക് അനിതരസാധാരണമായ ഔന്നിത്യം നൽകിയിരുന്നു. ഏകദേശം 33-ൽ പരം മരിയൻ തിരുന്നാളുകൾ ആ ആരാധനാപാരമ്പര്യത്തിൽ ആഘോഷിക്കുന്നു. മറിയത്തിന്റെ നിദ്രാപ്പെരുന്നാളുമായി ബന്ധപ്പെടുത്തി 6 ദിവസത്തെ ആഘോഷങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. എത്യോപ്യയെ ഒരു അമൂല്യ സമ്മാനമായി ക്രിസ്തു മറിയത്തിന് നൽകിയെന്നാണ് ഐതിഹ്യം. ഒരു അനാഫുറതന്നെ മറിയത്തിന്റെ പേരിൽ വിശുദ്ധ കുർബ്ബാന ക്രമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതും മരിയൻ ഭക്തിയുടെ ശ്രേഷ്ഠതയാണ് വ്യക്തമാക്കുന്നത്. സ്വർഗ്ഗാരോപണത്തിന്റെ ഓർമ്മയാചരണവുമായി ബന്ധപ്പെടുത്തി രാജാവും വിശുദ്ധനുമായിരുന്ന ഹങ്കറിയിലെ സ്റ്റീഫൻ തന്റെ രാജ്യവും കിരീടവും മറിയത്തിന് സമർപ്പിക്കുന്നു. അതിൻപ്രകാരം തന്റെ രാജ്യത്തിന് Regnum Marinum എന്ന പേരു നൽകി.

പാശ്ചാത്യസഭയിൽ മരിയൻ തിരുന്നാളുകളുടെ വികാസം വ്യത്യസ്തമായിരുന്നു. എട്ടാം നൂറ്റാണ്ടിൽ സേർജിയൂസ് പാപ്പാ AD 415-ലെ മാതാവിന്റെ തിരുന്നാൾ സഭയിൽ പ്രചരിപ്പിച്ചു. അത് Dormition Beatae Mariae Virginis അനുഗ്രഹിതയായ കന്യകാമറിയത്തിന്റെ നിര്യാണത്തിരുന്നാൾ എന്ന് അത് അറിയപ്പെടുകയും ചെയ്തു. ആ നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ഹാദ്രിയൻ ഒന്നാമൻ പാപ്പായുടെ കാലം മുതൽ ഈ തിരുന്നാൾ Assumption of Mary (സ്വർഗ്ഗാരോപണം) എന്ന പേരിൽ അറിയപ്പെടാൻ തിടങ്ങി. 11-ാം നൂറ്റാണ്ടിൽ റോമൻ സഭയിൽ നാല് പ്രധാനപ്പെട്ട മരിയൻ തിരുന്നാളുകളായിരുന്നു ഉണ്ടായിരുന്നത്: Purification, Announciation, Nativity, Assumption. 1950 നവംബർ 1-ന് പിയൂസ് പന്ത്രണ്ടാമൻ മാർപ്പാപ്പ 'മുന്നിഫിച്ചേത്തിമൂസ് ദേവൂസ്' എന്ന അപ്പസ്തോലിക പ്രമാണ രേഖയിലൂടെ മറിയത്തിന്റെ ആത്മശരീരങ്ങളോടു കൂടിയ സ്വർഗ്ഗാരോപണം ഒരു വിശ്വാസ സത്യമായി പ്രഖ്യാപിച്ചു. 1946-ൽ മുന്നോടിയായി 'ദെയ്പരെ വിർജിനിസ് മരിയ' എന്ന ചാക്രിക ലേഖനത്തിലൂടെ ഇത്തരമൊരു വിശ്വാസ പ്രഖ്യാപനത്തിന്റെ ലോകത്തിനുള്ള ചിന്തയെപ്പറ്റി അന്വേഷിച്ചറിഞ്ഞു. മറിയത്തിന്റെ സ്വഗ്ഗരോപണമെന്ന പ്രഖ്യാപനം ഒരു പുതിയ വിശ്വാസപ്രഘോഷണമായിരുന്നില്ല: പിന്നയോ കാലാകാലങ്ങളിൽ നിലനിന്നിരുന്നതും പ്രചാരത്തിലിരുന്നതുമായ പാരമ്പര്യം, ജനകീയ ഭക്തി, ആരാധനാക്രമം, ദൈവശാസ്ത്ര വിചിന്തനം എന്നിവയുടെ ഒരു ഔദ്യോഗികമായ പ്രഖ്യാപനം മാത്രമായിരുന്നു നിത്യകന്യകയും നിർമ്മലയുമായ ദൈവമാതാവ് അവളുടെ ഭൗമികജീവിതത്തിന്റെ പൂർത്തീകരണത്തിനുശേഷം ശരീരത്തോടും ആത്മാവോടുംകൂടി സ്വർഗ്ഗീയ മഹത്വത്തിലേക്ക് എടുക്കപ്പെട്ടു എന്നത് സഭാജീവിതത്തിന്റെ അടിസ്ഥാന വിശ്വാസമായിരുന്നു. അത് പ്രാർത്ഥനയുടെ നിയമത്തിന്റെ (lex Orandi) ഭാഗമായിരുന്നു; അത് വിശ്വാസത്തിന്റെ നിയമത്തിൽ (lex Credendi)

അടിസ്ഥാനവുമായിരുന്നു. 1854-ൽ പിയൂസ് IX മൻ നടത്തിയ അമലോൽഭവയായ മറിയം എന്ന പ്രഖ്യാപനവും 1950-ൽ പിയൂസ് XII മൻ നടത്തിയ സ്വർഗ്ഗാരോപിതയായ മറിയം എന്ന വിളമ്പരവും ആദിമ കാലഘട്ടം മുതൽ വിശുദ്ധ സഭ വിശ്വസിച്ച് ആദരിച്ചുകൊണ്ടിരുന്ന മരിയൻ ദർശനങ്ങളുടെ ഔദ്യോഗികമായ സ്ഥിരീകരണങ്ങളായിരുന്നു. പൗരസ്ത്യസഭയുടെ ആരാധനാ പാരമ്പര്യത്തിൽ ഇത് ആദ്യ കാലഘട്ടങ്ങളിൽ തന്നെ ചേർക്കപ്പെട്ടതും ആഘോഷിക്കപ്പെട്ടതുമായിരുന്നു.

**അപ്പോക്രിഫൽ ഗ്രന്ഥങ്ങൾ**

വിശുദ്ധ ദൈവമാതാവിന്റെ ഭൗമിക ജീവിതത്തിൽ അന്ത്യനാളുകളെപ്പറ്റി തിരുവചനത്തിൽ പ്രത്യേക പരാമർശമില്ല. എന്നാൽ അപ്രമാണിക ഗ്രന്ഥങ്ങൾ വിശദമായ വിവരങ്ങൾ നൽകുന്നുമുണ്ട്. Liber Regnum Mariae മറിയത്തിന്റെ ജീവിതത്തിന്റെ വിവരണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. വിവരണ പ്രകാരം ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം ഗബ്രിയേൽ ദൂതൻ മറിയത്തോടെ തന്റെ സ്വർഗ്ഗ പ്രവേശനത്തെപ്പറ്റി മുൻകൂട്ടി അറിയിക്കുകയുണ്ടായി. മറിയം ഈ കാര്യം ശ്ലീഹാന്മാരെ അറിയിക്കുകയും ചെയ്തു. ആത്മാവിന്റെ ശക്തിയാൽ വാനമേഘങ്ങളാൽ അവർ സംഭവ സ്ഥലത്ത് എത്തിച്ചേർന്നു. 5-6 നൂറ്റാണ്ടുകളിൽ എഴുതപ്പെട്ട കോപ്റ്റിക് അപ്പോക്രിഫൽ ആയ ബർത്തുലോമിയായുടെ സുവിശേഷത്തിൽ ക്രിസ്തു ഒരു വാഗ്ദാനം നൽകിയതായി വിവരിക്കുന്നു. തന്റെ മാലാഖമാരായ ഗബ്രിയേൽ - മിഖായേൽ എന്നിവരോടൊപ്പം ക്രിസ്തു കടന്നുവന്ന് ക്രിസ്തു മറിയത്തെ ദൈവരാജ്യത്തിലേക്ക് കൊണ്ടുപോകും. മറിയത്തിൽ നിന്നും മരണത്തെക്കുറിച്ചുള്ള ഭയവും നടുക്കവും നിർമൂലനം ചെയ്തു. മറിയത്തിന്റെ എടുക്കപ്പെടൽ മുൻകൂട്ടി അറിയിച്ച ഗബ്രിയേൽ ഒരു പനഓല (Palm) മറിയത്തിന് കൊണ്ടുവന്നു കൊടുത്തുവെന്നും ഈ ഗ്രന്ഥങ്ങൾ വിവ



രിക്കുന്നു. തോമാശ്ലീഹായുടെ സംഭവസ്ഥല ത്തുള്ള അസാന്നിദ്ധ്യവും ശ്രദ്ധേയമായി അവത രിപ്പിക്കുന്നു; ആദരം അർപ്പിക്കുവാൻ പിന്നീട് കടന്നു വന്ന തോമസ്, ശവകുടീരം ദർശിക്കുവാൻ ശാഠ്യം പിടിച്ചുവെന്നും അവിടെ ശൂന്യമായ കല്ല റയിൽ പൂക്കളും ഔഷധ സസ്യങ്ങളും കാണ പ്പെട്ടുവെന്നും പറയപ്പെടുന്നു. മറിയത്തിന്റെ വിശു ദ്ധിയെയും കന്യകാത്വത്തെയും അവ സൂചിപ്പി ക്കുന്നുവെന്നും രേഖപ്പെടുത്തിയിരിക്കുന്നു.

വിശുദ്ധ പിതാക്കന്മാരുടെ പ്രസംഗങ്ങളും ആരാധനയുടെ വ്യഖ്യാനങ്ങളും ആ ദൈവമാതാ വിന്റെ സ്വർഗ്ഗാരോപണത്തെപ്പറ്റി വിശദീകരണം നൽകുന്നുണ്ട്. അത്തരത്തിൽ വിശുദ്ധ ജോൺ ഡമഷീന്റെ മൂന്നു പ്രസംഗങ്ങൾ ശ്രദ്ധേയമാണ്. രാത്രി ആരാധനയുടെ വേളയിൽ നടത്തിയിരി ക്കുന്ന ഈ പ്രസംഗങ്ങളിൽ വേറെ കാവ്യാത്മക മായി മനുഷ്യാവതാര രഹസ്യത്തിൽ മറിയ ത്തിന്റെ പങ്ക് മരണം, സ്വർഗ്ഗോരോഹണം എന്നിവ വിവരിക്കുന്നു. വി. ദൈവമാതാവിന്റെ മഹത്വവും വിശുദ്ധിയും വിശദീകരിക്കുവാൻ മനുഷ്യാത്മാ വിനോ മാലാഖയുടെ മനസ്സിനോ പ്രാപ്തിയി ല്ലെന്ന് വിശുദ്ധൻ പ്രസംഗത്തിൽ അവതരിപ്പിക്കു ന്നുണ്ട്.

**വ്യത്യസ്ത നാമങ്ങൾ**

ഓഗസ്റ്റ് 15-ന് ആദരിക്കുന്ന മാതാവിന്റെ തിരു നാൾ പല പേരുകളാൽ ആരാധനാക്രമം അവത രിപ്പിക്കുന്നു. പൗരസ്ത്യ പാരമ്പര്യത്തിൽ മറിയ ത്തിന്റെ നിദ്രാപ്പെരുന്നാൾ (Dormition) എന്ന പേരിൽ പൊതുവേ അറിയപ്പെടുന്നു. മറിയത്തിന്റെ ഭൗതിക ജീവിതത്തിന്റെ അന്ത്യ നാളുകളിൽ സംഭവിച്ച തൊക്കെ ഉൾക്കൊള്ളുവാൻ ഈ പ്രയോഗം പ്രാപ്ത മെന്ന് ആരാധന ദൈവശാസ്ത്രജ്ഞർ അഭിപ്രായ പ്പെടുന്നു. Fall asleep എന്ന Intuitive Inscription മരണത്തിനുമുമ്പുള്ള ഒരു ജീവിതത്തെ വിശദീകരി ക്കുന്നു. ശരീരം- ആത്മാവ് എന്നിവയോടുകൂടി സ്വർഗ്ഗകകത്തിലേക്ക് എടുക്കപ്പെടുന്നതിനു മുമ്പ് സ്വാഭാവിക മരണത്തിലേക്ക് പ്രവേശിച്ചുവെന്ന് ഇത് വിശദമാക്കുന്നു. അന്ത്യോക്യൻ പാരമ്പര്യം, ദൈവ മാതാവിന്റെ വാങ്ങിപ്പിന്റെ ഓർമ്മ (ശൂനോയോ) എന്ന നാമമാണ് ഇ പെരുന്നാളിന് നൽകുന്നത്. മര ണത്തെ വിശദമാക്കുന്ന 'അനീദെ' വാങ്ങിപ്പായി ട്ടാണ് അവതരിപ്പിക്കുന്നത്. മരണമെന്നാൽ ഒരു കട ന്നുപോകലും വാങ്ങിപ്പുമാണ്. പാശ്ചാത്യ സഭാപാ രമ്പര്യത്തിൽ കാലഘട്ടത്തിൽ 'സ്വർഗ്ഗാരോപണം' എന്ന പേരാണ് പൊതുവേ ഉപയോഗിക്കുന്നത്.വി




ശ്വാസ പ്രഘോഷണങ്ങളാൽ ഈ പ്രയോഗത്തിന് ശക്തമായ അടിസ്ഥാനം ലഭിച്ചു.

**ദൈവശാസ്ത്ര വിശകലനങ്ങൾ**

മറിയം ക്രിസ്തു രഹസ്യങ്ങളുടെ പരിചാരി കയും സാക്ഷ്യവുമായിട്ടാണ് ആരാധനാക്രമം അവതരിപ്പിക്കുന്നത്. ദൈവമാതാവിന്റെ വാങ്ങിപ്പ് തിരുന്നാൾ, ക്രിസ്തീയ ജീവിതത്തിന്റെ ആഴവും അർത്ഥവും വ്യക്തമാക്കുന്നു. ആത്മീയ മുന്നേറ്റ ത്തിൽ ആഘോഷിക്കപ്പെടേണ്ടതായ തിരുദർശന ങ്ങൾ ഈ പെരുന്നാൾ അവതരിപ്പിക്കപ്പെടുന്നു.

ദൈശാസ്ത്രവിശകലനത്തിൽ അവ ഏറെ പ്രാമുഖ്യം നൽകപ്പെടുന്ന വിഷയങ്ങളാണ്.

**a. പ്രത്യാശ നൽകുന്ന മരണം**

സ്വാഭാവിക കാഴ്ചപ്പാടിൽ മരണം, ഭയാനകത്വം, നഷ്ടബോധം, വിലാപഭാവം എന്നിവ നിലനിൽക്കുന്നു. എന്നാൽ മാതാവിന്റെ നിര്യാണ തിരുന്നാൾ മരണത്തിന് സർഗാത്മകമായ ദർശനങ്ങൾ നൽകികൊണ്ട് മരണത്തെ ഒരു ആഘോഷമാക്കി അവതരിപ്പിക്കുന്നു. മരണം ഒരു അവസാനമല്ലെന്നും അതിനപ്പുറം പ്രത്യാശയുടെ ഒരു ജീവിതാവസ്ഥയുണ്ടെന്നും ഈ പെരുന്നാൾ നിവേദിക്കുന്നു. മരണത്തിനും ദൈവം കൂടെയുണ്ടെന്നുള്ള ഒരു ആത്മീയ ശാക്തീകരണം ഇവിടെ അന്തലീനമായിരിക്കുന്നു. മരണം, ഒരു വാങ്ങിപ്പോകലാണെന്നുള്ള മഹത്തായ സ്വർഗ്ഗീയ ബന്ധത്വം ഇവിടെ വ്യക്തമാക്കുന്നു. മറിയത്തിന്റെ ശരീരത്തെ അഴുകിപോകുവാൻ ദൈവം അനുവദിച്ചില്ല എന്ന് ആരാധനാക്രമം വ്യക്തമാക്കുന്നു. മരണത്തോടെ മറിയം ഭൂമിയെ ഉപേക്ഷിക്കുന്നില്ല, പിന്നെയോ സ്വർഗ്ഗാരോപിതയായി മധ്യസ്ഥത തുടരുകയാണ്. സ്വർഗ്ഗത്തിലെ ജന്മദിനമായി മരണത്തെ ആസ്വദിപ്പാൻ ഈ വാങ്ങിപ്പു തിരുന്നാൾ ഉദ്ബോധിപ്പിക്കുന്നു.

**b. മഹത്വീകരിക്കപ്പെട്ട മനുഷ്യശരീര ദർശനം**

അമലോത്ഭവയും ദൈവമാതാവുമായ മറിയത്തിന്റെ തിരുന്നാൾ, ആത്മാവിനോടൊപ്പം ശരീരത്തിനും മഹത്വീകരണം നൽകുന്നു. വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചതുവഴി മനുഷ്യശരീരത്തിന് മഹിമപ്പെടുത്തിയതിന് വിധേയമാകുന്നു. ദൈവപുത്രനെ വഹിച്ച 'സാക്രാരിയായി' ആ ശരീരത്തിന് ആത്മീയ ലാവണ്യം ചാർത്തിയിരിക്കുന്നു. ക്രിസ്തു തന്റെ ശ്രേഷ്ഠതയുടെ അപരിമിതവും ആന്തരീയവും ദിവ്യവുമായ ആനന്ദത്തിലേക്ക് മറിയത്തിന്റെ ആത്മ-ശരീരങ്ങളെ ഉയർത്തി സ്വർഗ്ഗസേനകളെ അയച്ചുകൊണ്ട് അവളുടെ ശരീരത്തെ ക്രിസ്തു സ്വർഗ്ഗത്തിലേക്ക് സംവഹിച്ചു. ശീഹന്മാരെ ഒരുമിച്ചുകൂട്ടി ആ ശരീരത്തെ പുകഴ്ചയ്ക്ക് വിധേയമാക്കി. രണ്ടാം സ്വർഗ്ഗം, ഹെസക്കിയേൽ കണ്ട സ്വർഗ്ഗീയരഥം, സ്പടിക സിംഹാസനം പോലെയായിതീർന്ന മടിത്തട്ട്, ദൈവത്തിന്റെ ആലയം, മന്നാ സൂക്ഷിച്ച ചെപ്പ്, രാജകൊട്ടാരം ഇത്യാദി രൂപകാലങ്കാരങ്ങളാൽ മറിയത്തിന്റെ ആത്മ-ശരീരങ്ങളുടെ ആത്മീയ ശോഭ വിശദീകരിക്കുന്നു. ഈ തിരുന്നാളിനെ വിശുദ്ധരുടെ ശവസംസ്കാരമെന്നും ആരാധനാക്രമം വിവരിക്കുന്നു. മറിയത്തിന്റെ ആത്മ-ശരീരങ്ങൾ, ഒരു ക്രിസ്താനിയുടെ ജീവിതത്തിന് ദിശാബോധം പ്രദാനം ചെയ്യുന്നു. ക്രിസ്തുവിനെ വഹിക്കുന്നവരാകുവാൻ അത് സ്വാധീനം ചെലുത്തുന്നു. സാരാംശത്തിൽ മറിയം ഒരു Redeemed humanity യുടെ പ്രതീകമായി ഈ തിരുന്നാൾ അവതരിപ്പിക്കുന്നു. ഒരു ക്രിസ്തു ശിഷ്യ എന്ന രീതിയിൽ ഭൂമിയിലെ ഒരു climax ആയിട്ടാണ് സ്വർഗ്ഗ ദർശനത്തെ വിശദമാക്കുന്നത്. ചുരുക്കത്തിൽ മനുഷ്യജീവനെയും ജീവിതത്തെയും സമഗ്രതയിൽ ദർശിക്കുവാനും ആത്മ-ശരീരങ്ങളെ ആത്മീയ ദർശനത്തിൽ വീക്ഷണം ചെയ്യുവാനും ഈ തിരുന്നാൾ ഓർമ്മിപ്പിക്കുന്നു.

**c. കന്യാവ്രതം**

അമലോത്ഭവയും ദൈവമാതാവുമായ മറിയത്തിന്റെ ജീവിതത്തിന്റെ ശോഭ, കന്യാത്വമായിരുന്നു. മറിയത്തിന്റെ ആത്മീയ സ്വത്വത്തിന്റെ അടിസ്ഥാനഭാവമായിരുന്നു അത്. ദിവ്യപുത്രനെ പ്രസവിക്കുന്നതിനുമുമ്പ്, പ്രസവിക്കുമ്പോൾ, പ്രവസത്തിനുശേഷം എന്നീ ജീവിതാവസ്ഥയിൽ വ്രതബദ്ധമായ ജീവിതം അഭംഗുരം കാത്തുസൂക്ഷിച്ചു. അത്തരമൊരു ആത്മീയ പോരാട്ടത്തിന് സ്വർഗ്ഗം നൽകിയ അംഗീകാരമാണ് സ്വർഗ്ഗാരോപണം. ഉന്നതിയിൽ നിന്നുള്ള അംഗീകാരവും ആദരവുമാണ് വാങ്ങിപ്പു തിരുന്നാളിൽ ആഘോഷിക്കുന്നത്. ഭാഗ്യപൂർണ്ണതയും പരിശുദ്ധിയുടെ നിറകുടവുമായിരുന്ന നിർമ്മല കന്യകയ്ക്ക് ഈ പെരുന്നാളിൽ മാഹത്തീകരണം സംഭവിച്ചു. കന്യാവ്രതത്താൽ അനുഗ്രഹീതമായ ആ ജന്മം സ്വർഗ്ഗപ്രാപ്തിക്ക് അനുയോജ്യമായിരുന്നു. കന്യകയായ മറിയം 'ഒരു പ്രജയെ' ഉൾക്കൊണ്ടിരിക്കുന്നുവെന്ന് പ്രാർത്ഥന രേഖപ്പെടുത്തിയിരിക്കുന്നു; ദൈവിക കൽപ്പനയുടെ വിശ്വസ്തദാസീ ഭാവമാണിവിടെ വിവക്ഷിക്കുന്നത്. 'അവളുടെ മകന്റെ വാസസ്ഥലമായ സ്വർഗ്ഗത്തിലെത്താൻ', കന്യകമറിയത്തിന് സഹായകമായി എന്ന് ആരാധനാക്രമം വ്യക്തമാക്കുന്നു. എസക്കിയേലിന്റെ കൂടാരം, കന്യാവ്രതം സുരക്ഷിതമായിരിക്കുന്ന വാതിൽ, ഇത്യാദി ബൈബിൾ ഇതിവൃത്തങ്ങൾ ഈ തിരുന്നാൾ ക്രമത്തിൽ ഉപയോഗിക്കുന്നതിന്റെ ആന്തരിക സാരം കന്യാത്വം തന്നെയാണ്.

**d. ഒരു സമഗ്രതയുടെ ജീവിതവീക്ഷണം**

അന്ത്യോക്യൻ ആരാധനാക്രമവും ദൈവശാസ്ത്രവും പ്രത്യേകമായി മരിയൻ ജീവിതത്തെ

സമഗ്രതയിലും പാരസ്പര്യതയിലും അവതരിപ്പിക്കുന്നു. ദൈവിക പദ്ധതിയുടെ മുഖ്യപ്രതിരൂപമായും ഭൗതികതയും ആത്മീകതയും തമ്മിൽ ബന്ധിപ്പിക്കുന്ന പാലമായും മരിയൻ ജീവിതക്രമം വീക്ഷിക്കപ്പെടുന്നു. അതിന്റെ ഉദാഹരണമാണ് സ്വർഗ്ഗാരോപണ തിരുന്നാളിന്റെ ഉള്ളടക്കം. മനുഷ്യാവതാരത്തിന് ഒരു മനുഷ്യശരീരത്തെ സൽകികൊണ്ട് മറിയം സഹകാരിയായപ്പോൾ, മനുഷ്യപ്രകൃതിയുടെ ആദ്യ സൃഷ്ടി രഹസ്യത്തിലേക്ക് പ്രവേശിക്കുകയും രക്ഷയുടെ പരിചാരകയാവുകയും ചെയ്തു. സ്വാതന്ത്ര്യത്തോടുകൂടിയ സമത്വസൃഷ്ടിയിൽ പ്രത്യാശ ഉളവാക്കി. അവളുടെ അനുസരണം തുറന്ന ചെവിചായ്ക്കൽ എന്നിവയെല്ലാം സ്വർഗ്ഗഭൂമിയെ ബന്ധിപ്പിക്കുവാനുള്ള കാരണങ്ങളായി അതിനുള്ള സ്വർഗ്ഗ സമഗ്രതയാണ് സ്വർഗ്ഗാരോപണം. അക്രൈസ്തവ ആദ്ധ്യാത്മികതയിൽ ഇത്തരമൊരു ജീവിതക്രമം മാതൃകയും പ്രചോദനവുമാണ്; അതായത് വങ്ങിപ്പു തിരുന്നാൾ ആഘോഷിക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്നത്.

**e. സ്വർഗ്ഗീയ ഗോവണി**

വങ്ങിപ്പു തിരുന്നാളിൽ പ്രത്യേകം പരാമർശിക്കപ്പെടുന്ന ഒരു പഴയ നിയമ രൂപകാലങ്കാരമാണ്, യാക്കോബിന്റെ ഗോവണി. ആത്മീയ ദർശനത്തിന്റെ ഒരു ആദർശരൂപമാണ് ഈ സ്വർഗ്ഗീയ സോപാനം. സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള ബന്ധത്വം ദൈവീകമായ ഇടപെടലുകൾ, ദൈവീക വാസസ്ഥലം ഇത്യാദി വിഷയങ്ങൽ ഇവിടെ ചർച്ചാ വിഷയമാക്കുന്നു. യാക്കോബിന്റെ സ്വപ്നത്തിന്റെ പൂർത്തീകരണമാണ് മറിയത്തിന്റെ സ്വർഗ്ഗാരോപണമെന്ന് പിതാക്കന്മാർ പഠിപ്പിക്കുന്നു. സ്വപ്നത്തിലെ ഗോവണിപോലെ മറിയം സ്വർഗ്ഗത്തെയും ഭൂമിയെയും ബന്ധിപ്പിക്കുന്നു. അവളുടെ മദ്ധ്യസ്ഥതയുടെ ശക്തിയാണിവിടെ വ്യക്തമാക്കുന്നത്. ദൈവത്തെ വഹിച്ചവൾ 'ബഥേലായി' ദൈവഭവനമായി പരിലസിച്ചു സ്വർഗ്ഗത്തിന്റെ 'വാതിലായി' നിലകൊണ്ടുകൊണ്ട് ഏവരേയും സ്വർഗ്ഗരോപിതയ്ക്ക് പ്രോത്സാഹിപ്പിക്കുന്നു. അവളുടെ ഉദരം ദൈവികവാതിലായി. ഗോവണി എന്ന രൂപകാലങ്കാരം മറിയത്തിന് സ്വർഗ്ഗീയ വാസവും ആത്മീയ ഉത്കർഷതയും വെളിവാക്കുന്നു.

**ഉപസംഹാരം**

അനുഗ്രഹീതമായ ദൈവമാതാവ് മഹത്വവിശ്രമത്തിന്റെ തുറമുഖത്ത് എത്തിച്ചേർന്നു. ആശ്വാസം പ്രാപിച്ചതിന്റെ ഓർമ്മദിനങ്ങളിൽ ഏറെ അനന്യതയും അഗ്രഗാമിത്വവും നൽകപ്പെടുന്ന തിരുന്നാളിന് ക്രിസ്തുരഹസ്യത്തിന്റെ അതുല്യ സാക്ഷിയും പരിചാരികതയുമായ ആ ധന്യജീവിതത്തെ സ്വർഗ്ഗ-ഭൂമി വാസികൾ പുകഴ്ത്തുന്നു. സകലത്തിലും ഉൽകൃഷ്ടയും നിർമ്മല സുകൃതങ്ങളുടെ വിളനിലവുമായിരിക്കുന്ന ആ മഹത് ജീവിത ദർശനത്തെ സമഗ്രതയിൽ വിവരിക്കുവാനുള്ള ശ്രമമാണ് ആ പെരുന്നാളിൽ ആരാധനാക്രമം ചെയ്യുന്നത്. പുത്രനോടൊന്നിച്ചുള്ള മാതാവിന്റെ ഈ വിശ്രമം കണ്ടെത്താൻ പിതാവിന്റെ നിയോഗവും കൃപയുമാണ് ആ 'വിശുദ്ധ നിര്യാണത്തിൽ' ആകാശവും ഭൂമിയും ആനന്ദിക്കുന്നു. ശവകുടീരത്തിലെ മൃതന്മാർ ഏറ്റവും സന്തോഷകരമായി ഇതിനെ സുവിശേഷ പ്രഘോഷണമായി സ്വീകരിച്ചു. മരണമുള്ള ആ ജീവിതത്തെ പരിശുദ്ധാത്മാവ് പ്രകൃതാതീതമായി ശുദ്ധീകരിച്ചു. ക്രിസ്തീയ ജീവിത പ്രത്യാശയും സന്തോഷവും നൽകുന്ന ഈ തിരുന്നാൾ ശൈലികൊണ്ടും അർത്ഥം കൊണ്ടും ആരാധനാവത്സരത്തിലെ വലിയ ദിനമായി നിലകൊള്ളുന്നു.

**ഉപകാരസ്മരണ**



ഒരു വിശ്വാസി

www.malankaralibrary.com






റവ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി

# ഭാരതത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ

**റവ. ഫാ. സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ ഒ.ഐ.സി.**

റവ. ഫാദർ സിൽവെസ്റ്റർ കാഞ്ഞിരമുകളിന്റെ തൂലികയിൽ നിന്ന് രൂപപ്പെട്ട ഈടുറ്റ ഗ്രന്ഥമാണ് ഭാരതത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ. അത്യഭിവന്ദ്യ കർദിനാൾ ക്ലീമീസ് കാതോലിക്കാബാവയുടെ അവതാരികയോടും, പൂനാ-കഡ്കി മെത്രാപ്പോലീത്താ വന്ദ്യ മാത്യൂസ് മാർ പക്കോമിയോസിന്റെ ആശംസയോടും കൂടെ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഗ്രന്ഥം മാർത്തോമ്മാ ശ്ലീഹായുടെ ഭാരതാഗമനം മുതൽ ഇന്നുവരെയുള്ള മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സംഭവബഹുലമായ ചരിത്രവും ജീവിതവും വിശദമായി പ്രതിപാദിക്കുന്ന പഠനഗ്രന്ഥമാണ്.

316 പേജുകളുള്ള ഈ ഗ്രന്ഥം 15 അദ്ധ്യായങ്ങളായി തിരിച്ചിരിക്കുന്നു. ഭാരതസഭയുടെ അപ്പസ്തോലിക ഉത്ഭവത്തെക്കുറിച്ചുള്ള വിശദാംശങ്ങളോടെയാണ് പുസ്തകം ആരംഭിക്കുന്നത്. പതിനാറാം നൂറ്റാണ്ടുവരെ ഭാരതീയ പശ്ചാത്തലത്തിൽ രൂപപ്പെടുത്തിയ ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചും ഭരണസമ്പ്രദായങ്ങളെക്കുറിച്ചും നൽകുന്ന വിവരണങ്ങൾ ഈ ഗ്രന്ഥത്തിന്റെ സവിശേഷതയാണ്. പാശ്ചാത്യ മിഷനറിമാരുടെ കടന്നുവരവോടെ സഭാജീവിത ശൈലിയിൽ വന്ന മാറ്റങ്ങളും, കൂനൻ കുരിശു സത്യത്തോടെ ഉളവായ സഭയിലെ പിളർപ്പിനെക്കുറിച്ചുള്ള വിശദാംശങ്ങളും തുടർന്ന് അവതരിപ്പിക്കുന്നു. ഭാരതത്തിലെ വിഭജിത സഭകളുടെ സാർവ്വത്രിക സഭയുമായിട്ടുള്ള ബന്ധത്തെക്കുറിച്ചും അതിന്റെ ഭാഗമായി നടന്ന പുനരൈക്യ ശ്രമങ്ങളെക്കുറിച്ചുള്ള പ്രതിപാദനങ്ങളും നമ്മുടെ സവിശേഷ ശ്രദ്ധയാകർഷിക്കുന്നു. ഭാരതത്തിലെ പൗരസ്ത്യസഭകളെക്കുറിച്ച് പൊതുവായും സീറോ മലബാർ, മലങ്കര സഭകളെ ക്കുറിച്ച് പ്രത്യേകമായും ചരിത്ര വിശകലനം നടത്തുന്നു. മലങ്കര കത്തോലിക്കാ സഭയിലെ സന്യാസ സമൂഹങ്ങൾ, അന്ത്യോക്യർ റീത്ത് മലങ്കരസഭയിൽ എന്നിവയെക്കുറിച്ചുള്ള അവസാന അദ്ധ്യായങ്ങളിലെ പഠനങ്ങൾ മലങ്കരസഭയെക്കുറിച്ച് കൂടുതലായി അറിയുവാൻ നമ്മേ സഹായിക്കുന്നു.

ഈ ഗ്രന്ഥത്തിന് ആധികാരികമായി നൽകുന്ന റഫറൻസ് പ്രത്യേകമായ ഒരു സവിശേഷതയാണ്. അത് ഈ പുസ്തകത്തിന് കൂടുതൽ ഈടു നൽകുന്നു. മലയാളം, ഇംഗ്ലീഷ്, ലത്തീൻ, ഇറ്റാലിയൻ എന്നീ നാലു ഭാഷകളിലുള്ള 130 ഗ്രന്ഥങ്ങളും ആധികാരിക ചരിത്ര രേഖകളും പരിശോധിച്ച്, പഠിച്ച് എഴുതപ്പെട്ട വിലപ്പെട്ട ഗ്രന്ഥമാണിത്. ഇത്രമാത്രം ആധികാരിക ഗ്രന്ഥങ്ങൾ പരിശോധിച്ച് എഴുതപ്പെട്ട താണെങ്കിലും ലളിതമായ ഭാഷാശൈലി ഈ പുസ്തകത്തിന്റെ പ്രത്യേക സവിശേഷതയാണ്. ഒരു അദ്ധ്യായം വായിച്ചു പൂർത്തിയാക്കിയാലുടൻ അടുത്തതിലേക്ക് താളുകൾ മറിക്കുവാനുള്ള വാഞ്ച അനുവാചകരിലുണർത്തുവാൻ അച്ചനു കഴിയുന്നുണ്ട്. ഒരു നല്ല റഫറൻസ് പുസ്തകമെന്ന നിലയിൽ ഉപയോഗിക്കാവുന്ന ഈ ഗ്രന്ഥം സ്വന്തമായി സൂക്ഷിക്കുന്നത് വളരെ ഉപകാരപ്രദമാകും. ഏതൊരു ഭാരത ക്രൈസ്തവനും അറിഞ്ഞിരിക്കേണ്ട അടിസ്ഥാന സഭാചരിത്ര ജ്ഞാനം ഈ പുസ്തകത്തിൽ നിന്നു ലഭിക്കും. ദൈവശാസ്ത്ര വിദ്യാർത്ഥികൾ വ്യക്തിപരമായി ഒരു കോപ്പി വാങ്ങി വായിക്കുകയും സൂക്ഷിക്കുകയും ചെയ്യുന്നത് നല്ലതാണ്. ഈ ഗ്രന്ഥത്തിന്റെ കർത്താവായ ഫാദർ സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ ഇതിനകം ഒരു നല്ല ഗ്രന്ഥകാരനായി അറിയപ്പെട്ടു കഴിഞ്ഞ എഴുത്തുകാരനാണ്. മലങ്കര സെമിനാരിയിലെ ഭാരത സഭാചരിത്ര പ്രഫസറായിരുന്ന അദ്ദേഹത്തിന്റെ പതിനഞ്ചാമത്തെ ഗ്രന്ഥമാണിത്. ഈ അനുഭവജ്ഞാനമാണ് ഇത്ര വിലപ്പെട്ട ഭാരതത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ ഭാരതസഭയ്ക്കു നൽകുവാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയത്. ഗ്രന്ഥകാരന് അഭിനന്ദനങ്ങൾ അർപ്പിക്കുന്നതോടൊപ്പം ഗ്രന്ഥത്തിന് പ്രചുരപ്രചാരം ആശംസിക്കുന്നു.

www.malankaralibrary.com

THE SYRO-MALANKARA CATHOLIC CHURCH
THAT ALL MAY BE ONE

# മലങ്കര സുറിയാനി കത്തോലിക്കാ സഭ

"പിതാവേ നാം ഒന്നായിരിക്കുന്നതുപോലെ
അവരും ഒന്നായിരിക്കുന്നതിന് അങ്ങ്
എനിക്ക് തന്ന മഹത്വം അവർക്ക് ഞാൻ
നൽകിയിരിക്കുന്നു." (യോഹ. 17:22)

മലങ്കര സുറിയാനി കത്തോലിക്കാ സഭ
95-ാം പുനരൈക്യ വാർഷികാഘോഷവും സഭാ സംഗമവും
പത്തനംതിട്ട രൂപത
2025 സെപ്റ്റംബർ 16 - 20
മാർ ഈവാനിയോസ് നഗർ
(ഓൾ സെയിന്റ്സ് പബ്ലിക് സ്കൂൾ, അടൂർ)



# 95-ാം പുനരൈക്യ വാർഷികവും

## മലങ്കര സുറിയാനി കത്തോലിക്കാ സഭാസംഗമവും

**2025 സെപ്റ്റംബർ 16 – 20**

**മാർ ഈവാനിയോസ് നഗർ**

(ഓൾ സെയിന്റ്സ് പബ്ലിക് സ്കൂൾ, അടൂർ)

www.malankaralibrary.com

പ്രിയ വിശ്വാസികളെ,

തൊണ്ണൂറ്റി അഞ്ചാം പുനരൈക്യ വാർഷികവും, പുനരൈക്യ ശതാബ്ദി ആഘോഷങ്ങൾക്ക് മുന്നൊരുക്കമായുള്ള വചന വർഷ സമാപനവും, കൂദാശ വർഷ ഉദ്ഘാടനവും, ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ മെത്രാഭിഷേകത്തിന്റെ ശതാബ്ദി ആഘോഷ സമാപനവും, നിഖ്യാ സുന്നഹദോസിന്റെ 1700-ാം വാർഷികവും 2025 സെപ്റ്റംബർ 16 മുതൽ 20 വരെ പത്തനംതിട്ട രൂപതയുടെ ആതിഥേയത്വത്തിൽ അടൂർ ഓൾ സെയ്ന്റ്സ് സ്കൂൾ ക്യാമ്പസിലെ മാർ ഈവാനിയോസ് നഗറിൽ വച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭാ സംഗമമായി ആഘോഷിക്കുകയാണ്. വിവിധ പ്രയാണങ്ങൾ, ഗാനസന്ധ്യ, വചനവർഷ സമാപനത്തോടനുബന്ധിച്ചുള്ള സുവിശേഷ സന്ധ്യ, വിവിധ ഭക്തസംഘടനകളുടെ സംഗമങ്ങൾ, ആഘോഷമായ വി. കുർബാന, പൊതു സമ്മേളനം, ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം എന്നിവ ഈ സംഗമത്തിന് മാറ്റ് കൂട്ടുന്നു. പത്തനംതിട്ട രൂപതാ സ്ഥാപനത്തിന്റെ 15 വർഷങ്ങൾ പൂർത്തിയാക്കുന്ന ഈ ധന്യ മുഹൂർത്തത്തിൽ, പരിശുദ്ധ സഭയോടുള്ള നമ്മുടെ സമർപ്പണവും പ്രതിബദ്ധതയും പ്രകടിപ്പിച്ച് കൂട്ടായ്മയിൽ ബലപ്പെട്ട് അനുഗ്രഹം പ്രാപിക്കുവാൻ എല്ലാ സഭാ മക്കളേയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

എന്ന്,

**ഡോ. ആന്റണി മാർ സിൽവാനോസ് എപ്പിസ്കോപ്പ** (സഭാതല ആഘോഷകമ്മറ്റി കൺവീനർ)
**ഡോ. സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത** (ചെയർമാൻ)
**യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത** (പത്തനംതിട്ട രൂപതയുടെ പ്രഥമ ഇടയൻ)
**മോൺ. വർഗ്ഗീസ് മാത്യു കാലായിൽ വടക്കേതിൽ** (ജനറൽ കൺവീനർ)
**ഫാ. സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ** (പാസ്റ്ററൽ കൗൺസിൽ വൈദിക സെക്രട്ടറി)
**വി. റ്റി. രാജൻ തുരുത്തേൽ** (പാസ്റ്ററൽ കൗൺസിൽ അൽമായ സെക്രട്ടറി)
**ജ്യോതി നൈനാൻ** (പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി)
**ഫാ. ചാക്കോ തടത്തിൽ** (പ്രോഗ്രാം കമ്മറ്റി ചെയർമാൻ)
**തോമസ് കല്ലൂർ** (പ്രോഗ്രാം കമ്മറ്റി കൺവീനർ)
**ഫാ. വർഗ്ഗീസ് കൈതോൺ** (പബ്ലിസിറ്റി കമ്മറ്റി ചെയർമാൻ)
**തോമസ് തുണ്ടിയത്ത്** (പബ്ലിസിറ്റി കമ്മറ്റി കൺവീനർ)

## കാര്യപരിപാടികൾ

### സെപ്റ്റംബർ 16 ചൊവ്വ

വൈകിട്ട് 5 ന് **വിവിധ പ്രയാണങ്ങൾക്ക് സ്വീകരണം**

(തിരുവനന്തപുരം മേജർ അതിരൂപതയുടെ നേതൃത്വത്തിൽ പട്ടം കബറിൽ നിന്നും ദീപശിഖയും, തിരുവല്ല അതിരൂപതയുടെ നേതൃത്വത്തിൽ സെന്റ് ജോൺസ് കത്തീഡ്രലിൽ നിന്നും അഭി. തെയോഫിലോസ് പിതാവിന്റെ ഛായാചിത്രവും, മാവേലിക്കര രൂപതയുടെ നേതൃത്വത്തിൽ ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ ജന്മഗൃഹത്തിൽ നിന്നും മാർ ഈവാനിയോസ് പിതാവിന്റെ ഛായാചിത്രവും, പത്തനംതിട്ട രൂപതയിലെ റാന്നി-പെരുനാട്ടിൽ നിന്നും, വൈദിക ജില്ലകളിൽ നിന്നും ബൈബിളും, വള്ളിക്കുരിശും, ഛായാചിത്രവും, കാതോലിക്കാ പതാകയും വഹിച്ചുകൊണ്ടുള്ള പ്രയാണങ്ങൾക്ക് മാർ ഈവാനിയോസ് നഗറിൽ സ്വീകരണം.

5.30 ന് **പതാക ഉയർത്തൽ**

**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവ**



ആശംസ **ശ്രീ. ചിറ്റയം ഗോപകുമാർ** (ബഹു. ഡെപ്യൂട്ടി സ്പീക്കർ, കേരള നിയമസഭ)
**ശ്രീ. കെ. മഹേഷ് കുമാർ** (മുൻസിപ്പൽ ചെയർമാൻ, അടൂർ നഗരസഭ)




6.30 ന് **ഗാനസന്ധ്യ**



അവതരണം **സ്റ്റീഫൻ ദേവസ്സി** (സംഗീത സംവിധായകൻ)
സ്പോൺസർ ചെയ്യുന്നത്: **ശ്രീ. ജോബി പി. സാം**
(ബ്ലൂഹിൽസ് ഗ്രൂപ്പ് ഓഫ് ബിസിനസ്, അട്ടച്ചാക്കൽ)

www.malankaralibrary.com

**സെപ്റ്റംബർ 17 ബുധൻ**

വൈകിട്ട് 5.30 ന് — സന്ധ്യാപ്രാർത്ഥന, ഗാനശുശ്രൂഷ



6.00 ന് — **ബൈബിൾ കൺവൻഷൻ ഉദ്ഘാടനം**

**ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത**

(തിരുവല്ല അതിഭദ്രാസനാദ്ധ്യക്ഷൻ, പരി. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി)

6.30 ന് — **വചന പ്രഘോഷണം**

**ഫാ. ഡാനിയേൽ പൂവണ്ണത്തിൽ** (ഡയറക്ടർ, കാർമ്മൽ ധ്യാനകേന്ദ്രം, വേറ്റിനാട്)

8.30 ന് — **വിശുദ്ധ കുർബാനയുടെ ആരാധന**

**സമാപന ആശീർവാദം**



**സെപ്റ്റംബർ 18 വ്യാഴം**

വൈകിട്ട് 5.30 ന് — സന്ധ്യാപ്രാർത്ഥന, ഗാനശുശ്രൂഷ

6.00 ന് — **വചന പ്രഘോഷണം**

**ഫാ. ഡാനിയേൽ പൂവണ്ണത്തിൽ**

8.30 ന് — **വിശുദ്ധ കുർബാനയുടെ ആരാധന**

**സമാപന ആശീർവാദം**

**സെപ്റ്റംബർ 19 വെള്ളി**

ഉച്ചയ്ക്ക് ശേഷം 1.30 മുതൽ — **ഭക്തസംഘടനകളുടെ വിവിധ സംഗമങ്ങൾ**

## അൽമായ സംഗമം





| | |
|---|---|
| വേദി | മാർ ഈവാനിയോസ് നഗർ |
| 2.00 ന് | ഉദ്ഘാടന സമ്മേളനം |
| ഉദ്ഘാടനം | **ശ്രീ. വി.ഡി. സതീശൻ** (ബഹു. പ്രതിപക്ഷ നേതാവ്) |
| ക്ലാസ്സ് | **ഡോ. കെ. എം. ഫ്രാൻസിസ്** (കെ.സി.ബി.സി. അൽമായ കമ്മീഷൻ സെക്രട്ടറി) |
| 4.30 ന് | ലഘുഭക്ഷണം |

## യുവജനസംഗമം







| | |
|---|---|
| വേദി | സെന്റ് ആന്റണീസ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളി, തട്ട |
| 2.00 ന് | ഉദ്ഘാടന സമ്മേളനം |
| ഉദ്ഘാടനം | **ശ്രീ. റോഷി അഗസ്റ്റിൻ** (ബഹു. ജലവിഭവ വകുപ്പ് മന്ത്രി) |
| സന്ദേശം | **ശ്രീ. ആന്റോ ആന്റണി എം.പി.** |
| ക്ലാസ്സ് | **റവ. ഫാ. ഡാനിയേൽ പൂവണ്ണത്തിൽ** |
| 4.30 ന് | ലഘുഭക്ഷണം |

## കുട്ടികളുടെ സംഗമം





| | |
|---|---|
| വേദി | സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളി, ആനന്ദപ്പള്ളി |
| 2.00 ന് | ഉദ്ഘാടന സമ്മേളനം |
| ഉദ്ഘാടനം | **ശ്രീമതി വീണാ ജോർജ്ജ്** (ബഹു. ആരോഗ്യ-വനിതാ-ശിശുക്ഷേമ വകുപ്പ് മന്ത്രി) |
| ക്ലാസ്സ് | **ഡോ. അലക്സ് ജോർജ്ജ്** (അസ്സി. പ്രൊഫ. സെന്റ് തോമസ് കോളേജ്, പാലാ) |
| 4.30 ന് | ലഘുഭക്ഷണം |

www.malankaralibrary.com

വൈകിട്ട് 5.30 ന് **നിഖ്യാ സുന്നഹദോസിന്റെ 1700-ാം വാർഷികം**

അദ്ധ്യക്ഷൻ **മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവ**

ഉദ്ഘാടനം **അഭിവന്ദ്യ ജോസഫ് മാർ ബർണബാസ് സഫ്രഗൻ മെത്രാപ്പോലീത്ത**
(മാർത്തോമ്മ സുറിയാനി സഭ)



പ്രാർത്ഥന **അഭിവന്ദ്യ സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്ത**
(മലങ്കര ഓർത്തഡോക്സ് സഭ, അടൂർ- കടമ്പനാട് ഭദ്രാസനം)

**അഭിവന്ദ്യ മാത്യൂസ് മോർ തേവോദോസിയോസ്**
(മലങ്കര യാക്കോബായ സഭ, കൊല്ലം ഭദ്രാസനം)

**അഭിവന്ദ്യ ജോർജ്ജ് മഠത്തികണ്ടത്തിൽ**
(സീറോ മലബാർ സഭ, കോതമംഗലം രൂപത)

**അഭിവന്ദ്യ സെൽവിസ്റ്റർ പൊന്നുമുത്തൻ**
(ലത്തീൻ സഭ, പുനലൂർ രൂപത)

**അഭിവന്ദ്യ മലയിൽ സാബു കോശി ചെറിയാൻ**
(സി.എസ്.ഐ. സഭ, മദ്ധ്യകേരള മഹാ ഇടവക)

**അഭിവന്ദ്യ കുരിയാക്കോസ് മോർ ഈവാനിയോസ്**
(ക്നാനായ സഭ)

വൈകിട്ട് 6.30 ന് **സന്ധ്യാപ്രാർത്ഥന, ഗാനശുശ്രൂഷ**

7.00 ന് **വചന പ്രഘോഷണം**
**ഫാ. ഡാനിയേൽ പൂവണ്ണത്തിൽ**

8.00 ന് **സമാപന സന്ദേശം**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവ**

8.30 ന് **ശ്ലൈഹിക ആശീർവാദം**

## സെപ്റ്റംബർ 20 ശനി



**മലങ്കര സുറിയാനി കത്തോലിക്കാ സഭാ സംഗമം**

രാവിലെ 8.15 ന് അന്ത്യോക്യൻ സുറിയാനി കത്തോലിക്കാസഭയുടെ അദ്ധ്യക്ഷൻ ഇഗ്നാത്തിയോസ് യൂസഫ് III യൗനാൻ പാത്രിയർക്കീസ് ബാവായ്ക്കും, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായ്ക്കും, സഭയിലെ എല്ലാ പിതാക്കന്മാർക്കും കവാടത്തിൽ

**ആരാധനാ നിർഭരമായ സ്വീകരണം**

**ആഘോഷമായ വിശുദ്ധ സമൂഹ ബലി**

**വചന സന്ദേശം**
**അഭിവന്ദ്യ മാർ ജോസ് പുളിക്കൽ** (കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ)

11.45 ന് **മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ മെത്രാഭിഷേകശതാബ്ദി ആഘോഷ സമാപന സമ്മേളനം**

**അദ്ധ്യക്ഷൻ** **മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവ**

**ഉദ്ഘാടനം** **ശ്രീ. പിണറായി വിജയൻ** (ബഹു. കേരള മുഖ്യമന്ത്രി)

**ആശംസ** **ശ്രീ. പി.എസ്. ശ്രീധരൻ പിള്ള** (മുൻ ഗോവ ഗവർണർ)
**ശ്രീ. രമേശ് ചെന്നിത്തല MLA** (മുൻ പ്രതിപക്ഷ നേതാവ്)

**സ്നേഹ ഭോജനം**

Realprint PTA

www.malankaralibrary.com

# മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവായുടെ മെത്രാഭിഷേക രജത ജൂബിലി



മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെ മെത്രാഭിഷേക രജതജൂബിലി ആഗസ്റ്റ് 15ന് പട്ടം സെന്റ് മേരീസ് മേജർ ആർക്കി എപ്പാർക്കിയൽ കത്തീഡ്രലിൽ ആരംഭിച്ചു. രാവിലെ നടന്ന സമൂഹബലിക്ക് ശേഷം കാതോലിക്കാ ബാവ തിരുമേനി ജൂബിലി തിരി തെളിച്ചു. അഭിവന്ദ്യനായ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ പ്രസംഗിച്ചു. അഭിവന്ദ്യരായ ജോസഫ് മാർ തോമസ് മെത്രാപ്പോലീത്താ, യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ, മാത്യൂസ് മാർ പോളികാർപ്പസ് മെത്രാപ്പോലീത്താ, ആന്റണി മാർ സിൽവാനോസ് എപ്പിസ്കോപ്പാ എന്നിവരും നൂറിലധികം വൈദികരും സമൂഹബലിയിൽ സഹകാർമ്മികരായിരുന്നു.

2001 ആഗസ്റ്റ് 15-ാം തീയതിയാണ് ഫാ. ഐസക് തോട്ടുങ്കൽ മലങ്കര കത്തോലിക്കാ സഭയിൽ ഐസക് മാർ ക്ലീമിസ് എന്ന പേരിൽ മെത്രാനായി അഭിഷേകം ചെയ്യപ്പെടുന്നത്. തിരുവനന്തപുരം മേജർ അതിരൂപതയുടെ സഹായ മെത്രാനും വടക്കേ അമേരിക്കയിലെയും യൂറോപ്പിലെയും മലങ്കര കത്തോലിക്കാ വിശ്വാസികളുടെ അപ്പസ്തോലിക വിസിറ്റേറ്ററുമായിട്ടായിരുന്നു പ്രഥമ നിയമനം. തുടർന്ന് 2003 ൽ തിരുവല്ല രൂപതയുടെ അധ്യക്ഷനായി ചുമതലയേറ്റെടുത്തു. 2006 ൽ തിരുവല്ല രൂപത അതിരൂപതയായി ഉയർത്തപ്പെട്ടപ്പോൾ പ്രഥമ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പായി ഐസക് മാർ ക്ലീമിസ് നിയമിതനായി. 2007 ൽ മലങ്കര കത്തോലിക്കാ സഭാധ്യക്ഷനായിരുന്ന മേജർ ആർച്ചുബിഷപ്പ് സിറിൾ ബസേലിയോസ് കാതോലിക്കാ ബാവ കാലം ചെയ്തപ്പോൾ സഭയുടെ സുനഹദോസ് 2007 ഫെബ്രുവരി 8 ന് രണ്ടാമത്തെ മേജർ ആർച്ചുബിഷപ്പായി ഐസക് മാർ ക്ലീമിസ് മെത്രാപ്പോലീത്തായെ തെരഞ്ഞെടുത്തു. 2007 മാർച്ച് 5 ന് ബസേലിയോസ് ക്ലീമിസ് എന്ന പേരിൽ സ്ഥാനാരോഹണം ചെയ്തു. 2012 ഒക്ടോബർ 24 ന് ബനഡിക്ട് പതിനാറാമൻ മാർപാപ്പ അദ്ദേഹത്തെ സാർവത്രീക സഭയിലെ കർദിനാളായി നിയമിച്ചു. നാൽപത്തിയൊന്നാമത്തെ വയസ്സിൽ മെത്രാനായി നിയമിക്കപ്പെട്ടപ്പോൾ ഭാരത സഭയിലെ ഏറ്റവും പ്രായം കുറഞ്ഞ മെത്രാനും 2012 ൽ കർദിനാളായി നിയമിക്കപ്പെട്ടപ്പോൾ കത്തോലിക്കാ സഭയിലെ ഏറ്റവും പ്രായം കുറഞ്ഞ കർദിനാൾ എന്ന ബഹുമതിയും മാർ ക്ലീമിസ് ബാവയ്ക്കായിരുന്നു. ഫ്രാൻസിസ് മാർപാപ്പ പൗരസ്ത്യ സഭകൾക്ക് വേണ്ടിയുള്ള തിരുസംഘത്തിലും മതാന്തര സംവാദത്തിനുള്ള പൊന്തിഫിക്കൽ കൗൺസിലിലും അംഗമായി നിയമിച്ചു. രണ്ട് മാർപാപ്പമാരെ തെരഞ്ഞെടുക്കുവാനുള്ള കോൺക്ലേവിൽ സംബന്ധിച്ചു. 2014 മുതൽ 2018 വരെ രണ്ട് പ്രാവശ്യം ഇന്ത്യയിലെ കത്തോലിക്കാ മെത്രാൻ കോൺഫറൻസിന്റെ തലവനായിരുന്നു. ഇപ്പോൾ കെസിബിസി യുടെ പ്രസിഡന്റാണ്.

RNI Licence No. 5675/1960
Registered-Postal Reg.No.KL/TV(N)/284/2024-2026
Date of Publication 29-8-2025
www.malankaralibrary.com
Christavakahalam Monthly, SEPTEMBER 2025
Annual Subscription Rs. 150/-
Single Copy Rs. 15/-




Published by The Director, Communication Media, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum-4, Ph: 0091 471 2446116, 2443374,
e-mail:stmaryspresspattom@gmail.com